ദീപനാളം
കലാസാംസ്കാരിക ദേശീയവാരിക

2022 ഒക്ടോബർ 27 | ദീപം 55 | നാളം 33 | Published from : PALA | പേജ് 16 | വില 8 രൂപ | www.deepanalam.org






# കപടദേശീയതയുടെ കാണാപ്പുറങ്ങൾ

പ്രഫ. റോണി കെ. ബേബി

ആർഎസ്എസ് സർസംഘചാലക് മോഹൻ ഭഗവത് വീണ്ടും വർഗീയവിഷം തുപ്പുകയാണ്. രാജ്യത്ത് നിലവിലുള്ള മതാടിസ്ഥാനത്തിലുള്ള ജനസംഖ്യാവളർച്ചയുടെ അസമത്വം പരിഹരിക്കാൻ ജനസംഖ്യാനിയന്ത്രണം വേണമെന്നാണ് ആർഎസ്എസ് സ്ഥാപകദിനമായ വിജയദശമിദിനത്തിൽ നാഗ്പൂർ ആസ്ഥാനത്തെ പരിപാടിയിൽ അദ്ദേഹം പറഞ്ഞത്. 'മതാടിസ്ഥാനത്തിലുള്ള ജനസംഖ്യാ അസമത്വം ഭൂമിശാസ്ത്രപരമായ അതിരുകൾ മാറ്റുമെന്നും ജനനനിരക്കിലെ വ്യത്യാസങ്ങൾക്കൊപ്പം ബലപ്രയോഗത്തിലൂടെയും നുഴഞ്ഞുകയറ്റത്തിലൂടെയുമുള്ള മാറ്റങ്ങളും ജനസംഖ്യാ അസമത്വത്തിന് കാരണമാകുന്നു'വെന്നുമാണ് അദ്ദേഹത്തിന്റെ ആരോപണം. കഴിഞ്ഞ വർഷത്തെ ദസ്റ പ്രസംഗത്തിലും രാജ്യത്ത് ജനസംഖ്യാനിയന്ത്രണനയം അനിവാര്യമാണെന്ന് മോഹൻ ഭഗവത് പറഞ്ഞിരുന്നു. 'ജനസംഖ്യാവളർച്ചാനിരക്കിലെ അസന്തുലിതാവസ്ഥയിലെ വെല്ലുവിളി' എന്ന വിഷയത്തിൽ 2015 ൽ റാഞ്ചിയിൽ നടന്ന ആർഎസ്എസിന്റെ അഖിലേന്ത്യ നിർവാഹകസമിതിയോഗം പാസാക്കിയ പ്രമേയത്തെ പരാമർശിച്ചാണ് മോഹൻ ഭഗവത് ജനസംഖ്യാനിയന്ത്രണനയം വേണമെന്നു തുടർച്ചയായി ആവശ്യപ്പെട്ടുകൊണ്ടിരിക്കുന്നത്.

**കപടദേശീയതയുടെ വിഷവാക്കുകൾ**

മതത്തിന്റെ അടിസ്ഥാനത്തിലെ ജനസംഖ്യാ അസന്തുലിതാവസ്ഥ പുതിയ രാജ്യങ്ങളുടെ പിറവിക്കു വഴിവച്ചിട്ടുണ്ടെന്ന അപകടകരമായ നിരീക്ഷണങ്ങളും പ്രസംഗത്തിനിടയിൽ മോഹൻ ഭഗവത് നടത്തുന്നുണ്ട്. മതാടിസ്ഥാനത്തിലുള്ള ഇന്ത്യ- പാക്കിസ്ഥാൻ വിഭജനത്തിന്റെ ചരിത്രം പഠിക്കാൻ യുവാക്കളോടാവശ്യപ്പെടുന്ന ആർഎസ്എസ് തലവൻ, മതാടിസ്ഥാനത്തിലുള്ള ജനസംഖ്യാ അസന്തുലിതാവസ്ഥകാരണം

> **രാജ്യത്ത് വർഗീയതയുടെ കനലുകൾ ഊതിക്കത്തിക്കുന്നതിനുവേണ്ടിയുള്ള വളരെ അപകടകരമായ സിദ്ധാന്തത്തറയാണ് ആർഎസ്എസും മോഹൻ ഭഗവതും ഒരുക്കുന്നത്. വിഭജനത്തെക്കുറിച്ചുള്ള ഏറ്റവും അപകടകരമായ ഓർമകൾ പുനരാവിഷ്കരിക്കുന്നതിലൂടെ ജനങ്ങളുടെ മനസ്സിൽ വെറുപ്പിന്റെയും പകയുടെയും കനലുകൾ കോരിയിടുകയാണ്.**

പുതിയ രാജ്യങ്ങൾ ഉയർന്നുവരുന്നതിന് കിഴക്കൻ തിമൂർ, കൊസോവൊ, ദക്ഷിണ സുഡാൻ എന്നിവയെ ഉദാഹരണമായി ചൂണ്ടിക്കാണിക്കുന്നു. ഈ ഉദാഹരണങ്ങളിലൂടെ ചരിത്രത്തെ വീണ്ടും വീണ്ടും ഓർമിപ്പിച്ചുകൊണ്ട് മതപരമായ ജനസംഖ്യാ അസന്തുലിതാവസ്ഥ ഭൂമിശാസ്ത്രപരമായ അതിർത്തികൾ മാറ്റിവരയ്ക്കും എന്നാണ് അദ്ദേഹം സൂചിപ്പിക്കുന്നത്. നിർബന്ധിത മതപരിവർത്തനവും നുഴഞ്ഞുകയറ്റവും ഇതിനുള്ള കാരണങ്ങളാണെന്നും മോഹൻ ഭഗവത് അടിവരയിട്ടു പറയുന്നു. രാജ്യത്ത് വർഗീയതയുടെ കനലുകൾ ഊതിക്കത്തിക്കുന്നതിനുവേണ്ടിയുള്ള വളരെ അപകടകരമായ സിദ്ധാന്തത്തറയാണ് ആർഎസ്എസും മോഹൻ ഭഗവതും ഇതിലൂടെ ഒരുക്കുന്നത്. വിഭജനത്തെക്കുറിച്ചുള്ള ഏറ്റവും അപകടകരമായ ഓർമകൾ പുനരാവിഷ്കരിക്കുന്നതിലൂടെ ജനങ്ങളുടെ മനസ്സിൽ വെറുപ്പിന്റെയും പകയുടെയും കനലുകൾ കോരിയിടുകയാണ്.

**മോഹൻ ഭഗവതിന്റെ വാദങ്ങൾ പൊളിയുന്നു**

രാജ്യത്ത് ജനസംഖ്യാനിയന്ത്രണം കൊണ്ടുവരുന്നതിന് സംഘപരിവാർ കാലങ്ങളായി ശ്രമിച്ചുകൊണ്ടിരിക്കുകയാണെന്നതു സത്യമാണ്. ഈ വർഷം ഏപ്രിലിൽ രാജ്യസഭയിലേക്കു നാമനിർദേശം ചെയ്യപ്പെട്ട അംഗം രാകേഷ് സിൻഹ ജനസംഖ്യാനിയന്ത്രണബില്ല് സഭയിൽ കൊണ്ടുവന്നിരുന്നു. എന്നാൽ, രാജ്യത്ത് സജീവമായി നടന്നുവരുന്ന 'കുടുംബാസൂത്രണബോധവത്കരണവും ആരോഗ്യസുരക്ഷാലഭ്യതയും ജനസംഖ്യാസ്ഥിരത ഉറപ്പാക്കി' എന്നായിരുന്നു ഇതിന് കേന്ദ്ര ആരോഗ്യമന്ത്രി മൻസുഖ് മാണ്ഡവ്യ മറുപടി പറഞ്ഞത്. സംഘപരിവാറിന്റെ വാദങ്ങളുടെ മുനയൊടിക്കുന്നതായിരുന്നു മന്ത്രിയുടെ മറുപടി. രാജ്യത്തെ ആകെ പ്രത്യുത്പാദനശേഷിനിരക്ക് രണ്ടു ശതമാനത്തിനു താഴെയായി എന്നും ഇത് കുടുംബാസൂത്രണദൗത്യം വിജയത്തിൽ എത്തുന്നതാണു കാണിക്കുന്നതെന്നും മൻസുഖ് മാണ്ഡവ്യ സഭയിൽ പറഞ്ഞു. മന്ത്രിയുടെ മറുപടിയുടെ അടിസ്ഥാനത്തിൽ രാകേഷ് സിൻഹ ബില്ല് പിൻവലിക്കുകയായിരുന്നു. ഈ വസ്തുതകൾ അറിഞ്ഞില്ലെന്നു നടിച്ചുകൊണ്ടാണ് മോഹൻ ഭഗവത് മതപരമായ അസമത്വം ഒഴിവാക്കുന്നതിനുവേണ്ടി എന്ന പേരിൽ വീണ്ടും വീണ്ടും ജനസംഖ്യാനിയന്ത്രണത്തെക്കുറിച്ച് ആവർത്തിച്ചുകൊണ്ടിരിക്കുന്നത്.

**കണക്കുകൾ സത്യം പറയുന്നു**

എന്നാൽ, മതന്യൂനപക്ഷങ്ങളുടെ ജനസംഖ്യ രാജ്യത്തു വർധിക്കുന്നുവെന്നും ഹിന്ദുക്കളുടെ ജനസംഖ്യ കുറയുന്നുവെന്നുമുള്ള സംഘപരിവാറിന്റെ വാദങ്ങൾ അടിസ്ഥാനരഹിതമാണെന്നു കണക്കുകൾ പരിശോധിച്ചാൽ മനസ്സിലാകും. 2019 - 2021 ലെ ദേശീയകുടുംബാരോഗ്യസർവേ കണക്കുകൾപ്രകാരം ഹിന്ദുസ്ത്രീകളുടെ പ്രത്യുത്പാദനനിരക്കിൽ 30 ശതമാനം കുറവു രേഖപ്പെടുത്തിയപ്പോൾ ന്യൂനപക്ഷ മതവിഭാഗങ്ങളിലെ പ്രത്യേകിച്ചും മുസ്ലീംസ്ത്രീകളുടെ പ്രത്യുത്പാദനനിരക്കിലുണ്ടായ കുറവ് 35 ശതമാനമാണ്. 1992 ൽ മുസ്ലീം സ്ത്രീകളുടെ പ്രത്യുത്പാദനനിരക്ക് 4.4 ശതമാനമായിരുന്നത് 2021 ൽ 2.3 ശതമാനമായി കുറയുകയുണ്ടായി. ഹിന്ദുസ്ത്രീകളുടേത് 3.3 ശതമാനത്തിൽനിന്ന് ഈ കാലയളവിൽ 1.94 ശതമാനത്തിൽ എത്തിയിട്ടുണ്ട്. മറ്റു മതന്യൂനപക്ഷവിഭാഗങ്ങളിൽ ക്രിസ്ത്യാനികളുടേത് 1.88 ശതമാനം, സിഖ് 1.61 ശതമാനം, ജൈന 1.6 ശതമാനം, ബുദ്ധിസ്റ്റ് 1.39 ശതമാനം എന്നിങ്ങനെയാണ്. ഏറ്റവും പുതിയ ദേശീയകുടുംബാരോഗ്യസർവേ കണക്കുകൾപ്രകാരം, ഹിന്ദുസ്ത്രീകളുടെ ശരാശരി പ്രത്യുത്പാദനനിരക്കും മതന്യൂനപക്ഷങ്ങളിൽ പ്രബലമായ മുസ്ലീംസ്ത്രീകളുടെ നിരക്കും തമ്മിലുള്ള വ്യത്യാസം 0.4 2 ശതമാനം മാത്രമാണ്. ക്രിസ്ത്യൻസ്ത്രീകളുടെ ശരാശരി പ്രത്യുത്പാദനനിരക്ക് ഹിന്ദുസ്ത്രീകളുടേതിനെക്കാൾ കുറവാണെന്നു മാത്രമല്ല പ്രത്യേകിച്ച് കേരളത്തിൽ ദേശീയ ശരാശരിയെക്കാൾ വളരെ താഴെയാണെന്നും കാണാൻ സാധിക്കും. കേരളത്തിലെ ചില ജില്ലകളിൽ ക്രിസ്ത്യൻജനസംഖ്യാവർധനയും ശരാശരി പ്രത്യുത്പാദനനിരക്കും നെഗറ്റീവ് വളർച്ച രേഖപ്പെടുത്തപ്പെട്ട സാഹചര്യങ്ങളും ഉണ്ടായിട്ടുണ്ട്. ശരാശരി മറ്റു വിഭാഗങ്ങളുടെ ജനസംഖ്യാവർധന 17.7 ശതമാനമാണെങ്കിൽ ക്രിസ്ത്യൻ വിഭാഗങ്ങളുടേത് 15.7 ശതമാനമാണ് (2011 സെൻസസ്).

▶12

# പകയുടെ കനലുകൾ

കാഴ്ചയ്ക്കപ്പുറം

■ വീയെൻ

സ്വർണ്ണംകൊണ്ടു പ്രതികാരമെഴുതാൻ അവൻ വരുന്നു. പൃഥ്വിരാജ് സുകുമാരനും വൈശാഖും ഒന്നിക്കുന്ന ഖലീഫ എന്ന ചിത്രത്തിന്റെ ടാഗ് ലൈൻ ഇതാണ്.

രക്തം ഒലിച്ചിറങ്ങുന്ന കൈകൾകൊണ്ട് മുഖം പാതി മറച്ചുനില്ക്കുന്ന നായകന്റെ ചിത്രവും ടാഗ് ലൈനും ചിത്രത്തിന്റെ ഉള്ളടക്കത്തെക്കുറിച്ചു വ്യക്തമായ ധാരണ പ്രേക്ഷകനു നല്കുന്നുമുണ്ട്. പ്രതികാരംതന്നെയാണു ചിത്രം പറയുന്നത്. സിനിമ വരാനിരിക്കുന്നതേയുള്ളൂ.

പക വീട്ടാനുള്ളതാണ് എന്നായിരുന്നു വർഷങ്ങൾക്കു മുമ്പു പുറത്തിറങ്ങിയ ദ്രോണ എന്ന മമ്മൂട്ടിച്ചിത്രത്തിന്റെ പരസ്യവാചകം. അതിനുംമുമ്പേ പുറത്തിറങ്ങിയ ഭരതൻ-എംടി കൂട്ടുകെട്ടിലെ താഴ്‌വാരം എന്ന മോഹൻലാൽചിത്രത്തിന്റെ പരസ്യവാചകം കൊല്ലാൻ അവൻ ശ്രമിക്കും ചാകാതിരിക്കാൻ ഞാനും എന്നതായിരുന്നു.

വിഗതകുമാരൻമുതൽ ഇങ്ങേയറ്റത്ത് ഏറ്റവും പുതിയതുവരെയുള്ള മലയാളസിനിമകളുടെ ഉള്ളടക്കം പരിശോധിക്കുമ്പോൾ കൃത്യമായും വ്യക്തമായും മനസ്സിലാവുന്ന ഒരു കാര്യമുണ്ട്: ഭൂരിപക്ഷം സിനിമകളുടെയും കഥ പ്രതികാരംതന്നെ. പോർവിളികളുടെയും ചോരച്ചൊരിച്ചിലുകളുടെയും ജീവാപഹരണത്തിന്റെയും കഥകളായിരുന്നു അവയെല്ലാം.

നായകന്റെ പ്രതികാരത്തിനു പ്രേക്ഷകർ നിറമനസ്സോടെ കൈയടിച്ചു. അങ്ങനെ വിജയിപ്പിച്ചവയായിരുന്നു അക്കൂട്ടത്തിലെ പല സിനിമകളും. പെണ്ണിന്റെ പ്രതികാരം, മഹേഷിന്റെ പ്രതികാരം, രക്തം, രാജാവിന്റെ മകൻ, ഭൂമിയിലെ രാജാക്കന്മാർ, കടുവ എന്നിങ്ങനെ എണ്ണമറ്റ സിനിമകളാണ് പേരുകേൾക്കുമ്പോൾത്തന്നെ പ്രതികാരമാണ് ഉള്ളടക്കമെന്നു വ്യക്തമായിട്ടുള്ളവ.

കാലം മാറുന്നതനുസരിച്ചു പ്രതികാരത്തിന്റെ രീതിയും സ്വഭാവവും മാറുന്നുവെന്നേയുള്ളൂ. മമ്മൂട്ടിയുടെ ന്യൂഡൽഹിയും കമൽഹാസന്റെ ചാണക്യനുംപോലെയുള്ള സിനിമകൾ കണ്ടവർക്കറിയാം അതിലെ പ്രതികാരരീതി. ഏതുതരത്തിലായാലും നിർവഹിക്കപ്പെടുന്നത് പ്രതികാരംതന്നെയാണ്. നായകൻ വിജയിക്കണമെങ്കിൽ അയാൾ ശത്രുവിനെ/ എതിരാളിയെ തോല്പിക്കണം എന്നാണ് പ്രേക്ഷകന്റെ മനസ്സ്.

ശത്രുനിഗ്രഹം നടത്താതെ ഒരു നായകനും ചിത്രം വിജയിപ്പിച്ചിട്ടില്ലെന്നോർക്കണം. സാധാരണക്കാരനെപ്പോലെ ജീവിതം ആരംഭിച്ചിട്ട് പിന്നീട് ചില സാഹചര്യനിർമിതിയെത്തുടർന്ന് സൂപ്പർപരിവേഷത്തിലേക്കു നായകൻ മാറുന്നതും പിന്നീട് അയാൾ നടത്തുന്ന തേരോട്ടവുമാണ് പല സിനിമകളുടെയും വിജയഘടകം.

എന്നാൽ, പ്രതികാരനിർവഹണത്തിൽനിന്നു പിന്തിരിയുന്ന നായകന്റെ കഥ വിജയമാകുന്നുമില്ല എന്നും ശ്രദ്ധിക്കേണ്ടിയിരിക്കുന്നു. തോക്കെടുത്തും പുലഭ്യം പറഞ്ഞും മടുത്തു എന്ന് സുരേഷ് ഗോപി പരിതപിച്ചതിനെത്തുടർന്നാണ് അദ്ദേഹത്തിന്റെ കൈയിലേക്കു പൂമാല ചുറ്റിക്കൊടുത്തതെന്നും അങ്ങനെ കൊടുത്ത സിനിമ രുദ്രാക്ഷം പരാജയപ്പെട്ടുവെന്നും സംവിധായകൻ ഷാജി കൈലാസ് നേരത്തേ പറഞ്ഞിട്ടുണ്ട്. ഒരു സാധാരണ നമ്പൂതിരിക്കുടുംബത്തിൽനിന്നു വന്ന് ബോംബെ അടക്കിവാഴുന്ന അധോലോകരാജാവായി വളർന്ന നായകന്റെ കഥ പറഞ്ഞ ആര്യൻ വിജയിച്ചപ്പോൾ അതേ നടനെ നായകനാക്കി തമിഴ് സൂപ്പർഹിറ്റ് സംവിധായകൻ സുരേഷ് കൃഷ്ണ ഒരുക്കിയ ദി പ്രിൻസ് എന്ന മോഹൻലാൽ ചിത്രം പരാജയമായിരുന്നുവെന്നും അറിയണം. കാരണം, ആദ്യത്തേതിൽ വീരസ്യമുണ്ട്. നായകന്റെ പ്രതികാരവും വിജയവുമുണ്ട്. പക്ഷേ, രണ്ടാമത്തേതിൽ അധോലോകം അടക്കിവാണിരുന്ന ഒരു മനുഷ്യൻ അതെല്ലാം വിട്ടുപേക്ഷിച്ച് നന്മയിലേക്കു തിരിയുകയാണ്.

അത്തരമൊരു പരിവേഷം പ്രേക്ഷകർക്കു നായകനിൽനിന്നു സ്വീകാര്യമായിരുന്നില്ല. നല്ലവൻ കെട്ടവനാകുന്നതാണ് പ്രേക്ഷകർക്കു താത്പര്യം. കെട്ടവൻ നല്ലവനാകുന്ന മാനസാന്തരകഥ യഥാർത്ഥജീവിതത്തിൽമാത്രമേ കൈയടി നേടുന്നുള്ളൂ. സിനിമയ്ക്ക് അത് ആവശ്യമില്ല.

മലയാളത്തിലെ എന്നത്തെയും ക്ലാസിക്സിനിമകളിലൊന്നായി പൊതുജനം വിശ്വസിക്കുന്ന കിരീടം സിനിമ നോക്കൂ. എസ് ഐ ആകാൻ സ്വപ്നം കണ്ടുനടക്കുന്ന സേതുമാധവൻ എന്ന ചെറുപ്പക്കാരൻ കീരിക്കാടൻ ജോസിനെ വകവരുത്തിയപ്പോഴാണ് പ്രേക്ഷകർ തൃപ്തരായത്. സാധാരണക്കാരനും നിസ്സഹായനുമായി സേതുമാധവൻ ജയിലിൽനിന്നു പുറത്തുവരികയും അയാൾ തന്റെ ജീവിതം ഏതുവിധേനയും ചേർത്തുപിടിക്കാൻ ശ്രമിക്കുകയും ചെയ്തപ്പോൾ പ്രേക്ഷകർ അതിന് പിന്തുണ നല്കിയില്ല. കിരീടത്തിന്റെ രണ്ടാം ഭാഗമായ ചെങ്കോൽ എന്ന സിനിമ സാമ്പത്തികമായി വിജയമാകാതെപോയത് അതിൽ നായകൻ പ്രതികാരം നിർവഹിക്കുന്നില്ല എന്നതുകൊണ്ടാണ്. മാത്രവുമല്ല, ഒരു കൗമാരക്കാരന്റെ കത്തിക്ക് ഇരയായി ജീവൻവെടിയുകയും ചെയ്യുന്നു. ആ പയ്യനെ രക്ഷപ്പെടാൻ അനുവദിക്കുന്നിടത്തും മറ്റൊരു കീരിക്കാടനോ സേതുമാധവനോ



ജനിക്കാൻ അനുവദിക്കാത്തിടത്തുമാണ് അയാളുടെ വീരസ്യമെന്ന് മലയാളികൾക്ക് ഇനിയും മനസ്സിലായിട്ടില്ല.

നായകന്റെ ജീവിതത്തിൽ പ്രതികാരത്തിന്റെ സാധ്യതയുണ്ടെങ്കിൽ അവൻ എതിരാളിയെ വകവരുത്തിയിരിക്കണം എന്നതാണ് സിനിമയുടെ മട്ടും രീതിയും. പ്രേക്ഷകർക്കാവശ്യമുള്ളതും അതുതന്നെയാണ്. പ്രതികാരം ചെയ്യാത്ത നായകൻ വിലകെട്ടവനാകുന്നു.

വർഷമെത്ര കഴിഞ്ഞാലും ഉള്ളിൽ കയറിയ പ്രതികാരത്തിന്റെ കനലുകൾക്കു തിളക്കം നഷ്ടപ്പെടുന്നില്ല എന്നായിരുന്നു അടുത്തകാലത്തിറങ്ങിയ പാപ്പൻ സിനിമയും പറഞ്ഞത്. ഒരേസമയം ഒരു പെണ്ണിന്റെ പ്രതികാരവും കുട്ടിക്കാലത്ത് അപ്പനെ കൊലപ്പെടുത്തി അമ്മയെ രക്ഷിച്ച ഇരുമ്പന്റെ കഥയുമായിരുന്നു പാപ്പൻ പറഞ്ഞത്. ആനപ്പക, സർപ്പപ്പക എന്നൊക്കെയുള്ള ചില നാട്ടിൻപുറവിശ്വാസങ്ങൾപോലെയായിരുന്നു അവ. തന്റെ ജീവിതം തകർത്തവരോട് - അതിൽ അപ്പനും അമ്മയും ആങ്ങളയുംപെടും - മകൾ നടത്തുന്ന നരവേട്ടയുടെ കഥയാണ് പാപ്പൻ. പക കയറിയാൽ അതു വീട്ടാതിരിക്കാനാവില്ലത്രേ. പകവീട്ടൽ സംഭവിക്കുന്നത് എപ്പോഴും കൊലപാതകത്തിലൂടെയുമായിരിക്കും. പാപ്പൻ സിനിമയിൽ നടക്കുന്ന കൊലപാതകങ്ങളെല്ലാം പ്രതികാരത്തിന്റെ പേരിലായിരുന്നു.

ഈശോസിനിമയിൽ നായകൻ നടത്തുന്നതും പ്രതികാരനിർവഹണങ്ങൾതന്നെ. ഇതെല്ലാം വ്യക്തമാക്കുന്നത് എന്താണ്? കണ്ണിനു പകരം കണ്ണ്, പല്ലിനു പകരം പല്ല് എന്ന മട്ടിലുള്ള പഴയനിയമസിദ്ധാന്തങ്ങളാണ് ഇന്നും നമ്മെ ഭരിക്കുന്നത്. ഒരു കവിളത്തടിക്കുന്നവനു മറുകരണംകൂടി കാണിച്ചുകൊടുക്കണമെന്ന പ്രബോധനങ്ങളുടെ സ്വീകാര്യത നമ്മളിൽ എത്രപേർക്കുണ്ട് എന്നതും ഇരുത്തിച്ചിന്തിക്കേണ്ടിയിരിക്കുന്നു.

എല്ലാവരുടെയും ഉള്ളിൽ ആരോടെങ്കിലുമൊക്കെ ചില അമർഷങ്ങളും നീരസങ്ങളുമുണ്ട്. അവയെ സഹിഷ്ണുതയോടെ കാണുന്ന സമീപനം പലർക്കും അപ്രാപ്യമാണ്. ക്ഷമിക്കാനും സഹിക്കാനും പഠിക്കണമെന്ന് സന്ദേശം നല്കുന്ന സിനിമകൾ അതുകൊണ്ടാണ് അപൂർവം സംഭവിക്കുന്നത്... കാരണം ക്ഷമിക്കാൻ നാം തയ്യാറല്ല, പൊറുക്കാനും.

അപ്പനും മക്കളും തമ്മിലാണെങ്കിലും തർക്കമുണ്ടാകുമ്പോൾ തല്ലിത്തോല്പിക്കണമെന്നാണ് തൊമ്മനും മക്കളും പറയുന്നത്. തന്നെ തല്ലിയവനെ തിരിച്ചുതല്ലുന്നതുവരെ ചെരിപ്പു ധരിക്കില്ലെന്നാണ് മഹേഷിന്റെ പ്രതികാരം. എന്നാൽ, യഥാർത്ഥത്തിൽ മഹേഷ് പ്രതികാരം ചെയ്തത്, തന്റെ ശത്രുവിന്റെ പെങ്ങളെ വിവാഹം കഴിക്കുന്നതിലൂടെയാണ്. തല്ലിനെക്കാൾ മഹേഷിന്റെ ഈ പ്രതികാരവും സേതുമാധവന്റെ കാര്യത്തിലെന്നപോലെ ഭൂരിപക്ഷവും കാണുകയുണ്ടായില്ല.

ഇത്തരത്തിൽ നന്മയുടെ ഭാഗത്തുനിന്നുകൊണ്ടുള്ള സൗമ്യമായ പ്രതികാരനിർവഹണങ്ങൾ വളരെ കുറവാണ്. ഭാര്യ മറ്റൊരാളുടെകൂടെ ഒളിച്ചോടുകയും പിന്നീട് തെറ്റു മനസ്സിലാക്കി തിരികെവരാൻ സന്നദ്ധമാകുകയും ചെയ്യുന്ന ഒരു സ്ത്രീയുടെ കഥ കെ.ജി. ജോർജ് മറ്റൊരാൾ എന്ന സിനിമയിലൂടെ പറഞ്ഞിട്ടുണ്ട്. ഭാര്യയെ സ്വീകരിക്കാൻ ഭർത്താവ് സന്നദ്ധനാണെന്ന് സുഹൃത്തുവഴി ഭാര്യയെ അറിയിക്കുമ്പോൾ പ്രേക്ഷകർ കരുതുന്നത് അയാൾ ഭാര്യയോടു ക്ഷമിച്ച് അവളെ സ്വന്തം ജീവിതത്തിലേക്കു തിരികെ ക്ഷണിക്കുന്നുവെന്നുതന്നെയാണ്. പക്ഷേ, ബീച്ചിൽ കമിഴ്ത്തിവച്ച വള്ളത്തിന്റെ മറവിൽ സ്വന്തം നെഞ്ചിൽ കത്തി കുത്തിയിറക്കി ജീവത്യാഗം ചെയ്ത ഭർത്താവിനെയാണു ഭാര്യയ്ക്കു കാണേണ്ടിവരുന്നത്.

അതായത്, അയാൾ പ്രതികാരം ചെയ്തത് ഭാര്യയെ കൊലപ്പെടുത്തിയായിരുന്നില്ല തന്നോടുതന്നെ പ്രതികാരം ചെയ്തുകൊണ്ടായിരുന്നു. അയാൾക്ക് അവളോടു ക്ഷമിക്കാനാവുന്നില്ല. അതിന് അയാൾ സ്വയം കുത്തിമരിക്കുന്നു. മറ്റുള്ളവരോടു പ്രതികാരം ചെയ്യാൻ കഴിയാതെപോകുന്നവർക്ക് അവനവനോടുതന്നെയെങ്കിലും പ്രതികാരം ചെയ്യാതിരിക്കാനാവില്ല പോലും.

അടിയും തിരിച്ചടിയും പ്രതികാരവുമായി മുന്നോട്ടുപോകുകയാണെങ്കിലും ദേവാസുരം എന്ന സിനിമയുടെ ക്ലൈമാക്സ് മറ്റൊരുതരത്തിലാണ്. തന്റെ ആജീവനാന്തപ്രതിയോഗിയായ മുണ്ടയ്ക്കൽ ശേഖരനെ കൊല്ലാൻ സാഹചര്യമുണ്ടായിട്ടും അതിനു തയ്യാറാവാതെ എനിക്കു ജീവിക്കണമെടാ അതിനു ഞാൻ നിന്റെ ഈ കൈ എടുക്കുവാ എന്നു പറഞ്ഞ് ശേഖരന്റെ കൈ വെട്ടിമാറ്റുകയാണ് മംഗലശ്ശേരി നീലകണ്ഠൻ. ഭാനുമതിയുമൊത്തുള്ള ജീവിതം കൊതിക്കുന്നതുകൊണ്ടാണ് നീലകണ്ഠൻ അപ്രകാരം ചെയ്തത്. കൊലയ്ക്കു പകരം കൈ വെട്ടുന്നതും ഒരാളെ ജീവനോടെ രക്തസാക്ഷിത്വത്തിലേക്കു തള്ളിവിടുകയാണല്ലോ.

ഇങ്ങനെ പ്രതികാരം പകയായിപ്പുകയുന്ന, നീറിക്കത്തുന്ന എത്രയോ സിനിമകൾ! മറ്റൊരു വിഷയവും പറയാനില്ലാത്തതുപോലെയാണ് സിനിമകൾ പ്രതികാരം എന്ന വിഷയത്തിനുചുറ്റും കറങ്ങിക്കൊണ്ടിരിക്കുന്നത്. കഥാപാത്രങ്ങളുടെ പേരും സാഹചര്യങ്ങളും മാറുന്നുവെന്നേയുള്ളൂ. ഒരിടത്ത് അത് മൈക്കിളപ്പയും മറ്റൊരിടത്ത് അത് നീലകണ്ഠനും ആവുന്നുവെന്നേയുള്ളൂ. പ്രമേയസ്വീകരണത്തിൽ കാര്യമായ മാറ്റമില്ല. മാറ്റമുണ്ടാകുന്നത് പറയുന്ന രീതിക്കും അവതരിപ്പിക്കുന്ന മാർഗത്തിനും സാങ്കേതികവിദഗ്ധർക്കും മാത്രം.

പ്രതികാരം എന്ന വിഷയത്തിൽനിന്ന് ഇനിയെങ്കിലും മലയാളസിനിമയ്ക്കു മോചനം ഉണ്ടാവേണ്ടതല്ലേ? വെള്ളിത്തിരയിലെ പകയുടെ ജ്വാലകൾ കാണുന്നവന്റെ നെഞ്ചിലേക്കുകൂടി പടരുന്നുണ്ടെന്ന കാര്യം മറക്കരുത്. വെള്ളിത്തിരയിലെ നായകനെപ്പോലെ, നായികയെപ്പോലെ പ്രതികാരം ചെയ്യുന്നതാണ് വീരസ്യമെന്നും അങ്ങനെ ചെയ്യണമെന്നുമുള്ള അബോധപൂർവമായ പ്രേരണകളാണ് ഇത്തരം പ്രതികാരസിനിമകൾ സമ്മാനിക്കുന്നത്. പക ഊതിക്കത്തിക്കരുത്. വെള്ളമൊഴിച്ചു കെടുത്തേണ്ട തീജ്വാലതന്നെയാണത്. പക്ഷേ, അതിന്റെ തീയിൽ വെന്തുരുകുകയും മറ്റുള്ളവരെ നശിപ്പിക്കുകയും ചെയ്യുന്നവരാണ് ഭൂരിപക്ഷവും. ദൃശ്യം സിനിമയുടെ സ്വാധീനം അടുത്തകാലത്തു നടന്ന ഒരു കൊലപാതകത്തിന്റെ കാര്യത്തിലും വീണ്ടും പരാമർശിക്കപ്പെട്ടിരുന്നല്ലോ. സിനിമകളുടെ ഹാങ്ഓവറുകൾ നേരം പുലരുമ്പോൾ മാറുന്നതല്ല. അത് ജീവിതകാലം മുഴുവൻ പിന്തുടരും. സിനിമകളുടെ സ്വാധീനം നമ്മെ വലിയതോതിൽ പിടിമുറുക്കിയിട്ടുണ്ട്. പ്രതികാരം ചെയ്താലേ നായകനാകൂ എന്നു വരുന്നത് നമുക്കിടയിലെ പ്രതികാരസംസ്കാരം വളർത്താനാണു സഹായകരമാകുന്നത്. മനസ്സു തണുത്തും വിമലീകരിച്ചും ഒരു സിനിമകണ്ടിട്ട് എത്രയോ നാളായി! പ്രതികാരംകൊണ്ട് ആരും ഒന്നും നേടുന്നില്ലെന്ന് ആര് എന്നു മനസ്സിലാക്കും!

■

# ഹിന്ദി എങ്ങനെ ഭൂരിപക്ഷത്തിന്റെ ഭാഷയാകും?



വിദ്യ വിജയകുമാർ

**വൈ**വിധ്യമാർന്ന ഭാഷാസംസ്കാരങ്ങളുടെ ഒരു സങ്കലനമാണ് ഇന്ത്യ എന്ന ബഹുരാഷ്ട്രം. ചെറുചെറു നാട്ടുരാജ്യങ്ങളായിരുന്നവയെ ഒന്നിച്ച് ഇന്ത്യ എന്നൊരു അതിർത്തിക്കുള്ളിൽ ചേർത്തപ്പോൾ ജനതയെ ഭരിക്കുന്നതിന് ഒരു ഭാഷ അത്യന്താപേക്ഷിതമായിത്തീർന്നു. അതുവരെയും അടിച്ചമർത്തലിന്റെ ഭാഷയായിരുന്ന ഇംഗ്ലീഷിനെത്തന്നെ അതിനുവേണ്ടി തിരഞ്ഞെടുത്തു. ഇംഗ്ലീഷിനു പകരം എന്തുകൊണ്ട് ഹിന്ദി ആയിക്കൂടാ എന്ന ചിന്തയിലാണു നിലവിലെ രാഷ്ട്രഭാഷാപഠനം ഉദിക്കുന്നത്.

2011 ലെ സെൻസസ് പ്രകാരം ഇന്ത്യൻ ജനസംഖ്യയിൽ 43.63 ശതമാനംപേർ ഹിന്ദി മാതൃഭാഷയായി സംസാരിക്കുന്നു. 52.8 കോടി ജനങ്ങളുടെ മാതൃഭാഷയാണ് ഹിന്ദി. 56 ഭാഷാഭേദങ്ങൾ ഉൾപ്പെട്ടതാണ് 43.63 ശതമാനം ആളുകൾ സംസാരിക്കുന്ന ഈ ഹിന്ദി. അതായത്, ഹിന്ദി എന്നത് ഒട്ടനവധി മാതൃഭാഷകൾ ഉൾക്കൊള്ളുന്ന ഒരു പൊതുനാമമായി മാറുന്നു. 2001 സെൻസസിൽ 49 ഭാഷകൾ ഹിന്ദിയുടെ ഭാഷാഭേദങ്ങളായി മാറി. ഈ ഭാഷകളിൽ ഭൂരിഭാഗവും ഭാഷാശാസ്ത്രപരമായി സ്വതന്ത്രഭാഷകളാകാൻ യോഗ്യതയുള്ളതും എട്ടാം ഷെഡ്യൂളിൽ ഉൾപ്പെടാത്തതുമാണ്. ഷെഡ്യൂൾഡ് ഭാഷയായി മാറ്റണമെന്ന് ആവശ്യമുന്നയിച്ചിട്ടുള്ള ഒട്ടനവധി ഭാഷകൾ ഈ 56 ഭാഷാഭേദങ്ങളിൽ ഉൾപ്പെടുന്നു. അതായത്, ഹിന്ദിയുടെ ഭാഷാഭേദം എന്നു കണക്കാക്കിയിട്ടുള്ള പല ഭാഷകളും സ്വന്തമായി അസ്തിത്വം ഉള്ളവയാണ്.



ഹിന്ദിയുടെ ഭാഷാഭേദങ്ങളെന്നു പറയപ്പെടുന്ന ഭാഷകളിൽ പ്രധാന ഭാഷയായ രാജസ്ഥാനി 1961 ലെ സെൻസസ് പ്രകാരം ഒരു സ്വതന്ത്രഭാഷയായിരുന്നു. 2011 ലെ സെൻസസ് പ്രകാരം 2.58 കോടിയിലധികം ആളുകളാണ് രാജസ്ഥാനി സംസാരിക്കുന്നത്. അതുപോലെ ഭോജ്പുരി 5 കോടിയിലധികം ആളുകളും ഛത്തീസ്ഗരി 1.62 ലക്ഷത്തിലധികം ആളുകളും പഹാരി 32 ലക്ഷത്തിലധികം ആളുകളും നാഗ്പുരി 7 ലക്ഷത്തിലധികവും ഗജ്ജരി 12 ലക്ഷത്തിലധികവും ആളുകൾ മാതൃഭാഷയായി ഉപയോഗിക്കുന്നു. ഇത്തരത്തിൽ ഹിന്ദിയുടെ ഭാഷാഭേദമായി ഉൾപ്പെടുത്തിയിരിക്കുന്ന നിരവധി ഭാഷകൾ ലക്ഷക്കണക്കിനുപേർ മാതൃഭാഷയായി ഉപയോഗിക്കുന്നതും സ്വന്തമായി നിലനില്പുള്ളവയുമാണ്. അതുകൊണ്ടുതന്നെ ഭൂരിപക്ഷത്തിന്റെ ഭാഷയായ 'ഹിന്ദി'യെ ഔദ്യോഗികഭാഷയാക്കണമെന്നു പറയുമ്പോൾ അമ്പത്താറോളം ഭാഷാഭേദങ്ങളെ അവഗണിക്കുന്നു. ഭരണഘടനയുടെ എട്ടാം ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിരിക്കുന്ന 22 ഭാഷകളിൽ ഒന്നുമാത്രമാണ് ഹിന്ദി.

ഇന്ത്യൻ ഭരണഘടനയനുസരിച്ച് ഏതൊരു പൗരനും അവന്റെ മാതൃഭാഷയിൽ വിദ്യാഭ്യാസം ചെയ്യാനുള്ള അവകാശമുണ്ട്. കേന്ദ്രസർക്കാരിന്റെ പരീക്ഷകളൊക്കെയും ഹിന്ദിയിലാക്കുകയും ഉദ്യോഗസ്ഥർ ഹിന്ദി പഠിച്ചിരിക്കണമെന്നു നിർബന്ധം പറയുകയും ചെയ്യുമ്പോൾ മറ്റു ഭാഷകൾ സംസാരിക്കുന്ന വലിയൊരു വിഭാഗത്തെ മാറ്റിനിർത്തുകയാണു ചെയ്യുന്നത്. ഇന്ത്യയിൽ വിവിധങ്ങളായ 1369 മാതൃഭാഷകളുണ്ട്. ഹിന്ദി ഔദ്യോഗികഭാഷയാകുമ്പോൾ ഇന്ത്യയുടെ ബഹുസ്വരതയും വൈവിധ്യമാർന്ന ഭാഷാസംസ്കാരവും ഇല്ലാതാകുമെന്നും ഇന്ത്യൻ ജനതയുടെ സ്വാതന്ത്ര്യത്തിനുമേലുള്ള അടിച്ചമർത്തലാണതെന്നും പറയുമ്പോൾ 10000 ൽ താഴെ ഭാഷകരില്ലാത്ത ഭാഷകളെയൊന്നും ഭാഷകളായിക്കൂടി കണക്കാക്കാൻ സാധിക്കില്ലെന്നും വരുന്നു. നാം മാറ്റിനിർത്തുന്ന ഒട്ടനവധി ആദിവാസിഭാഷകളെക്കുറിച്ചും ഇവിടെ ചിന്തിക്കേണ്ടതുണ്ട്. അതായത്, കേരളത്തിന്റെ സാഹചര്യത്തിൽ ഭൂരിപക്ഷഭാഷയായ മലയാളം മുപ്പത്തിമൂന്നോളം ആദിവാസിഭാഷകളെയും തമിഴ്, തുളു, കന്നഡ എന്നീ ഭാഷകൾ സംസാരിക്കുന്ന ഭാഷാന്യൂനപക്ഷങ്ങളെയും തമസ്കരിക്കുകതന്നെയാണു ചെയ്യുന്നത്. കേരളത്തിലെ ആദിവാസിക്കുട്ടികൾ സ്കൂളിലെത്തുമ്പോൾ 33 ആദിവാസിഭാഷകൾ മലയാളം എന്ന ഒറ്റ ലേബലിൽ ഒതുങ്ങുന്നു.

ഭാഷയെ പരിഗണിക്കാതിരിക്കുമ്പോൾ അവ സംരക്ഷിക്കപ്പെടാതിരിക്കുകയും വളരെപ്പെട്ടെന്നു നശിച്ചുപോവുകയും ചെയ്യുന്നു. ഒരു രാജ്യത്തെ ഭാഷാനയം ചില പ്രത്യേകഭാഷകൾക്കു മാത്രം അനുകൂലമാകുകയും അതു വലിയൊരു വിഭാഗം ഭാഷകളെ ഉന്മൂലനം ചെയ്യാൻ കാരണമാകുകയും ചെയ്യുന്ന സാഹചര്യത്തെ ഭാഷാവധം എന്നു വിളിക്കാം. ഭാഷാസാമ്രാജ്യവാദം കൊളോണിയൽ കാലത്ത് ഇംഗ്ലീഷിന്റെ പേരിലായിരുന്നെങ്കിൽ ഇന്നതു ഹിന്ദിയുടെ പേരിലാണ്.

രാഷ്ട്രീയമായി ചിന്തിക്കുമ്പോൾ അധികാരത്തിന്റെ മാർഗങ്ങളിൽ ഏറ്റവും പ്രധാനപ്പെട്ട ഒന്നാണ് ഭാഷ. ഒരു ജനതയെ അടിച്ചമർത്തുംമുമ്പ് ആദ്യം ചെയ്യുന്നത് ഭാഷാപരമായ അധികാരം സ്ഥാപിക്കലാണ്. സ്വാതന്ത്ര്യാനന്തരഭാരതത്തിൽ ഹിന്ദി ദേശീയഭാഷയാക്കാൻ ശ്രമങ്ങളുണ്ടായിരുന്നു. ഒരു ഭാഷ ദേശീയഭാഷ ആക്കുന്നുവെങ്കിൽ അത് ഹിന്ദുസ്ഥാനി ആയിരിക്കണമെന്ന് ഗാന്ധിജി അഭിപ്രായപ്പെട്ടു. അന്ന് അഹിന്ദിപ്രദേശത്തുള്ളവരുടെ ശക്തമായ എതിർപ്പിനെത്തുടർന്ന് ഹിന്ദി ഔദ്യോഗികഭാഷയായില്ല. എന്നാൽ, ഹിന്ദിയാണ് നമ്മുടെ ദേശീയഭാഷയെന്ന് ഭൂരിപക്ഷം വരുന്ന ഇന്ത്യക്കാരെ ഇക്കാലമത്രയും പറഞ്ഞുപറ്റിച്ചു.

ഒരു രാജ്യം മുഴുവനും ഒരു ഭാഷ ഒരുപോലെ ഉപയോഗിക്കപ്പെടുമ്പോഴും ഭൂരിപക്ഷംപേരും ആ ഭാഷ സംസാരിക്കുമ്പോഴുമാണ് അതു ദേശീയഭാഷ ആകുന്നത്. ഇന്ത്യപോലൊരു ബഹുഭാഷാരാഷ്ട്രത്തിന് അതു സാധ്യമല്ല. കന്യാകുമാരിമുതൽ കാശ്മീർവരെ ഒരേ തോതിൽ ഹിന്ദിമാധ്യമത്തിൽ ആശയവിനിമയം നടത്തുകയും അതു പൊതുഭാഷയായി ഉപയോഗിക്കുകയും വേണം. എങ്കിൽ മാത്രമേ ഹിന്ദി ദേശീയഭാഷയാകൂ. ഹിന്ദി ദേശീയഭാഷയാക്കാനുള്ള പരിശ്രമം നടന്നപ്പോൾ വെറും 30 ശതമാനം മാത്രമായിരുന്നു ഹിന്ദി സംസാരിക്കുന്നവർ. കുറഞ്ഞത് 70 ശതമാനം ആളുകളെങ്കിലും സംസാരിക്കുമ്പോഴേ ദേശീയഭാഷയാകൂ.

2011 ലെ സെൻസസ് പ്രകാരം 28 സംസ്ഥാനങ്ങളിൽ 10 എണ്ണത്തിൽ മാത്രമാണ് ഹിന്ദി പ്രധാന ഭാഷയായി സംസാരിക്കപ്പെടുന്നത്. ഇന്ത്യയിൽ ഹിന്ദി സംസാരിക്കുന്നവർ ഏറ്റവും കുറവ് കേരളത്തിലാണ് (0.6 ശതമാനം).


നാനാത്വത്തിൽ ഏകത്വമെന്ന മഹത്ത്വം കാത്തുസൂക്ഷിച്ചുപോന്നിരുന്ന, ഏതു ഭാഷ സംസാരിക്കാനും ഏതു മതത്തിൽ വിശ്വസിക്കാനും പൗരന് ഭരണഘടനാധിഷ്ഠിതമായ അവകാശമുള്ള ഇന്ത്യയിൽ ഭാഷയുടെയും മതത്തിന്റെയും പേരിൽ ഭിന്നത ഉയർന്നുകൊണ്ടിരിക്കുന്നു. മതസ്പർദ്ധ വളർത്തുന്നതിനും രാജ്യത്തിന്റെ ഐക്യം തകർക്കുന്നതിനും ശ്രമിച്ചുകൊണ്ടിരിക്കുന്നവർതന്നെ മാതൃഭാഷയെ അന്യമാക്കുന്നതിനുള്ള ശ്രമങ്ങളും തുടങ്ങിവച്ചിരിക്കുന്നു. ഏത് അധികാരസ്ഥാനത്തുനിന്നായാലും ഇത്തരം പ്രവണതകൾ തിരുത്തപ്പെടേണ്ടതുതന്നെയാണ്. ലോകം ബഹുദൂരം മുന്നോട്ടുകുതിക്കുമ്പോൾ നമ്മുടെ രാജ്യം അതിവേഗം പിന്നോട്ടുപോകുന്നതിനെ ഒരിക്കലും അനുവദിച്ചുകൂടാ!

---




## നിന്റെ വഴികൾ എത്ര സുന്ദരം


**ആത്മകഥ** – മാർ സെബാസ്റ്റ്യൻ വയലിൽ
**പ്രസാധനം** : ദീപനാളം പബ്ലിക്കേഷൻസ്, പാലാ
**വിതരണം** : സെന്റ് തോമസ് ബുക്സ്റ്റാൾ, പാലാ
**വില** : ₹ 750



പാലാ രൂപതയുടെ പ്രഥമ മെത്രാൻ ആദരണീയനായ വയലിൽപ്പിതാവിന്റെ ആത്മകഥ. അഭിവന്ദ്യ വയലിൽപ്പിതാവ് ഓർമയുടെ ചിമിഴിൽ കാലങ്ങളായി കാത്തുവച്ച മുത്തുകളും രത്നങ്ങളുമാണ് ഈ കൃതിയുടെ ശക്തിയും സൗന്ദര്യവും. പ്രകാശപൂർണമായ നാളെകളെ മുന്നിൽക്കണ്ട് ഇന്നുകളെ രൂപപ്പെടുത്തിയ ഒരു കർമയോഗിയുടെ ആത്മപ്രകാശനം മാത്രമല്ലിത്; ഒരു രൂപതയുടെ, പ്രദേശത്തിന്റെ, ജനതയുടെ സർവതോമുഖവും സമഗ്രവുമായ വികാസപരിണാമങ്ങളുടെയും ഐതിഹാസികവിജയത്തിന്റെയും വീരഗാഥകൂടിയാണീ കൃതി.

## ചെറുപുഷ്പരചനകൾക്ക് ഒരാമുഖം


**ഗ്രന്ഥകർത്താ** : ഫാ. ജസ്റ്റിൻ അവണൂപറമ്പിൽ ഒ. സി. ഡി.
**പ്രസാധനം** : കാർമൽ പബ്ലീഷിംഗ് ഹൗസ്, തിരുവനന്തപുരം
**വിതരണം** : സെന്റ് തോമസ് ബുക്സ്റ്റാൾ, പാലാ
**വില** : ₹ 250



വിവിധ വിശ്വാസങ്ങൾക്കും പ്രത്യയശാസ്ത്രങ്ങൾക്കുമെല്ലാം അതീതമായി ആഗോളതലത്തിൽ ചെറുപുഷ്പത്തെയും അവൾ ജീവിച്ച ആദർശങ്ങളെയും അംഗീകരിച്ചുകൊണ്ട് യുണെസ്കോയും ചെറുപുഷ്പത്തെ ആദരിക്കാൻ തീരുമാനിച്ചു. യുണെസ്കോ ഉൾക്കൊണ്ട ആദർശങ്ങളും മൂല്യങ്ങളും എന്താണെന്നറിയാൻ ആഗ്രഹിക്കുന്നവർക്ക് ഈ ഗ്രന്ഥം സഹായകമാകും.

## ജീവന്റെ രഹസ്യം

**രചയിതാക്കൾ** : ഡോ. എ. ജെ. ജോൺ,
: ഫാ. ജോസഫ് മൈലപ്പറമ്പിൽ
**പ്രസാധനം** : ദീപനാളം പബ്ലിക്കേഷൻസ്, പാലാ
**വിതരണം** : സെന്റ് തോമസ് ബുക്സ്റ്റാൾ, പാലാ
**വില** : ₹ 120



ലൈംഗികത മൂടിവയ്ക്കപ്പെടേണ്ട സനാതനയാഥാർത്ഥ്യമാണെന്നുള്ള ചിന്തയിൽ നിമഗ്നമായിരിക്കുന്ന സാമൂഹികവ്യവസ്ഥിതിയിൽ ഇരുട്ടിലൂടെ നടക്കേണ്ടിവരുന്ന കൗമാരങ്ങൾക്ക് തിരിവെട്ടം നല്കുന്ന ഗ്രന്ഥം. പ്രാഥമികലൈംഗികവിജ്ഞാനം നല്കുന്നതോടൊപ്പം വ്യക്തിത്വസമഗ്രത കൈവരിക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ചും ഈ ഗ്രന്ഥം വിവരിക്കുന്നു.



ഡോ. ജോഷി മയ്യാറ്റിൽ

# നീതിക്കായി നിലവിളിക്കുന്നവർ

തിരുവനന്തപുരം ഇപ്പോൾ രണ്ടു സമരങ്ങളാൽ വാർത്തകളിൽ നിറയുന്നു. എൻഡോസൾഫാൻ ഇരകൾക്കു നീതി ലഭിക്കാനായി രണ്ടാഴ്ചയായി ദയാബായി സെക്രട്ടറിയേറ്റുപടിക്കൽ നടത്തിക്കൊണ്ടിരിക്കുന്ന നിരാഹാരസമരമാണ് ഒന്ന്; അശാസ്ത്രീയമായ വിഴിഞ്ഞം തുറമുഖനിർമാണത്തിന്റെ ഇരകളായ നൂറുകണക്കിനു പാവപ്പെട്ട തീരദേശവാസികൾ തൊണ്ണൂറു ദിനങ്ങളായി നടത്തിക്കൊണ്ടിരിക്കുന്ന സഹനസമരമാണ് മറ്റൊന്ന്.

ഇവ രണ്ടും ലക്ഷ്യം കാണണമെന്നും ഭാവാത്മകമായും ഫലപ്രദമായും അവസാനിക്കണമെന്നും പൊതുസമൂഹത്തിന് ആഗ്രഹമുണ്ട്. കാരണം, സർക്കാരുകളുടെ ക്രൂരതകളാണ് രണ്ടു കൂട്ടരും അനുഭവിക്കുന്നത്; രണ്ടിടത്തും വികസനത്തിന്റെ ഇരകളാണുള്ളത്. ഒരിടത്ത് വിഷം തളിച്ച് ഇരകളാക്കപ്പെട്ടവരാണുള്ളതെങ്കിൽ, മറ്റൊരിടത്ത് കടലിൽ കല്ലിട്ട് ഇരകളാക്കപ്പെട്ടവരാണുള്ളത്. രണ്ടിടത്തും ആ പാവപ്പെട്ടവരുടെ സ്വന്തം ആവാസവ്യവസ്ഥയും ജീവിതവും ഭാവിയുമാണ് തകർന്നത്.

### തീർന്നുകിട്ടാൻ മോഹം

സർക്കാരിനും ആഗ്രഹമുണ്ട്, ഇവ രണ്ടും എത്രയും വേഗം അവസാനിച്ചുകിട്ടണമെന്ന്. ദയാബായിയെ പിന്തിരിപ്പിക്കാൻ കിണഞ്ഞുശ്രമിച്ചിട്ടും വിജയമുണ്ടായില്ല. ദയാബായി നിരാഹാരം പിൻവലിക്കുന്നു എന്നു മാധ്യമങ്ങളെക്കൊണ്ടു വാർത്ത കൊടുപ്പിച്ച് സമരസമിതിനേതാക്കളെയുംകൊണ്ട് ആശുപത്രിയിൽ എത്തിയ ആരോഗ്യമന്ത്രി വീണാ ജോർജിനു നിരാശയോടെ മടങ്ങേണ്ടിവന്നു.




വിഴിഞ്ഞംസമരം അവസാനിപ്പിക്കാൻ സർക്കാർ ശ്രമിച്ചുകൊണ്ടിരിക്കുന്നത് ആദ്യന്തം രസാവഹമാണ്. ആദ്യം അവഗണിച്ചു; പിന്നെ തള്ളിപ്പറഞ്ഞു; പിന്നീട് ചർച്ചയ്ക്കു വിളിച്ചു. ഉടനെ എല്ലാ ആവശ്യങ്ങളുംതന്നെ അംഗീകരിച്ചുവെന്ന് ചുമ്മാ പ്രഖ്യാപിച്ചു; ഇടയ്ക്കിടെ ഭീഷണിപ്പെടുത്തി. ഇപ്പോൾ കള്ളക്കേസുകളുടെ കാലമാണ്. ഒടുവിലിതാ, കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെയും അദാനിയുടെയും ശ്രമം ഇതൊരു വർഗീയവിഷയമാക്കി മാറ്റി സമരം പൊളിച്ചടുക്കാനാണ്. ആർ.എസ്.എസ്., എസ്.എൻ.ഡി.പി., ഹിന്ദു ഐക്യവേദി, ബി.എം.എസ്. എന്നിവർക്ക് ക്വട്ടേഷൻ ലഭിച്ചിരിക്കുന്നുവെന്ന് ഇതിനകം തെറിയഭിഷേകത്തോടെ നടന്ന മൂന്നു പ്രകടനങ്ങളിൽനിന്നും തില്ലങ്കേരിയുടെ പ്രത്യക്ഷപ്പെടലിൽനിന്നും ഏതാണ്ട് വ്യക്തമായിരിക്കുകയാണ്. വിഴിഞ്ഞം സമരത്തിന് ആവേശവും വീര്യവും ചിട്ടയും പകരുന്ന ജനനേതാക്കളായ വൈദികരെ തെറിവിളിച്ചാൽ സമരക്കാർ ക്ഷുഭിതരാകുമെന്നും കലാപമുണ്ടാക്കാൻ മുതിരുമെന്നും ഒരുപക്ഷേ, അവർ മനക്കോട്ട കെട്ടുന്നുണ്ടാകാം.








### നിലയില്ലാത്തവന് എന്തു നോക്കാൻ!

ആരൊക്കെ എന്തൊക്കെ പ്രകോപനങ്ങളും ഭീഷണികളും കലാപശ്രമങ്ങളും ഉണ്ടാക്കിയാലും, പാവങ്ങൾക്കു തങ്ങളുടെ ജീവനും സ്വത്തും ഭാവിയും സംരക്ഷിക്കാതിരിക്കാനാകുമോ? മുന്നിൽ ശൂന്യതയുള്ളവന് പിന്നെ ഭയപ്പെടാൻ ഒന്നുമില്ലല്ലോ... അതുകൊണ്ടല്ലേ, കേന്ദ്ര-സംസ്ഥാനസർക്കാരുകളുടെ ശത്രുത സമ്പാദിച്ചും നാനാവിധങ്ങളായ അപകടസാധ്യതകൾ മുന്നിൽക്കണ്ടും ഈ വിഷയത്തിൽ തിരുവനന്തപുരം ലത്തീൻ അതിരൂപത വിട്ടുവീഴ്ചയില്ലാത്ത ഒരു നിലപാട് എടുത്തിരിക്കുന്നത്?

പാവങ്ങൾക്കു നീതിക്കും നാടിന്റെ നന്മയ്ക്കുംവേണ്ടി ശുദ്ധഹൃദയത്തോടെ തുനിഞ്ഞിറങ്ങുന്ന ദയാബായിമാരെ അങ്ങനെ പിന്തിരിപ്പിക്കാനാവില്ല, ■

---



ടി.പി. ശാസ്തമംഗലം

പാട്ടെഴുത്തിലെ പാഠഭേദങ്ങൾ

# നിരാശതയുടെ കടവ്?

നമ്മുടെ കൊച്ചുകേരളത്തിൽ ഇത്രയധികം ഗാനരചയിതാക്കളോ? ഇവരൊക്കെ ഇത്രനാളും എവിടെപ്പോയി ഒളിച്ചിരുന്നു? ഓരോ ചലച്ചിത്രമിറങ്ങുമ്പോഴും ഒന്നല്ല രണ്ടും മൂന്നും പാട്ടെഴുത്തുകാരാണ് പുതുതായി രംഗപ്രവേശം ചെയ്യുന്നത്. ഉള്ളതു പറയാമല്ലോ, അവനിൽ ഒരാൾപോലും പ്രതീക്ഷയുണർത്തുന്നില്ല.

"മുമ്പേ ഗമിച്ചീടിന ഗോവുതന്റെ
പിമ്പേ ഗമിക്കും ബഹുഗോക്കളെല്ലാം" എന്നു കുഞ്ചൻ നമ്പ്യാർ 'ശ്രീകൃഷ്ണചരിതം' മണിപ്രവാളത്തിൽ പാടിയത് അന്വർത്ഥമാക്കുന്ന വിധത്തിലാണ് ഏതാണ്ടെല്ലാ പാട്ടെഴുത്തുകാരുടെയും പ്രവർത്തനം.

അമ്മയുടെ അകാലവിയോഗമുണ്ടായപ്പോൾ അതു താങ്ങാനാവാത്ത മകന്റെ വീക്ഷണകോണിലൂടെ പിറന്ന ഒരു ഗാനം 'ഉൾക്കാഴ്ച' എന്ന ചിത്രത്തിലൂടെ ഈയിടെ കേട്ടു. രചന- സുജ തിലകരാജ്; സംഗീതം - അജയ് രവി; ആലാപനം - വൈക്കം വിജയലക്ഷ്മി.

"അമ്മ മടങ്ങി മറഞ്ഞുപോയ്
മനസ്സാം ചില്ലുപാത്രമുടഞ്ഞുപോയ്
മോഹശലഭങ്ങൾ പറന്നുപോയ്
ചുവടുകൾക്കടിയിൽ മണലിടിയുന്നു
കരളടരുന്നു രണമുതിരുന്നു"

ഏത് അമ്മയുടെ മരണവും ആസ്വാദകന്റെ സ്വന്തം അമ്മയുടേതായി മാറണം. എങ്കിൽമാത്രമേ കലാസൃഷ്ടി എന്ന നിലയിൽ ഗാനം വിജയിച്ചു എന്നു പറയാനാവുകയുള്ളൂ. 'ബാലേട്ടൻ' എന്ന ചിത്രത്തിനുവേണ്ടി ഗിരീഷ് പുത്തഞ്ചേരി എഴുതിയ ഈ ഗാനം ശ്രദ്ധിക്കുക.

"ഇന്നലെ എന്റെ നെഞ്ചിലെ കുഞ്ഞു
മൺവിളക്കൂതിയില്ലേ - കാറ്റെൻ
മൺവിളക്കൂതിയില്ലേ
കൂരിരുൾക്കാവിന്റെ മുറ്റത്തെ മുല്ലപോൽ
ഒറ്റയ്ക്കുനിന്നില്ലേ ഞാനിന്നൊറ്റയ്ക്കുനിന്നില്ലേ."

ഇവിടെ നായകന്റെ അച്ഛന്റെ പ്രാണഹാനി ഓരോ പ്രേക്ഷകനും അനുഭവപ്പെട്ടു. നായകന്റെ ഒറ്റപ്പെടൽ ഓർത്ത് ദൃഷ്ടാക്കൾ കണ്ണീർവാർത്തു, ഇത്തരത്തിൽ ഒരു ചലനം സൃഷ്ടിക്കാൻ 'ഉൾക്കാഴ്ച'യുടെ ഗാനരചയിതാവിനു കഴിഞ്ഞിട്ടില്ല. ഗദ്യപരിവേഷത്തോടെ ചിലരെല്ലാം പറഞ്ഞിരിക്കുന്നു എന്നു മാത്രം. അമ്മയുടെ ചരമത്തിനു പ്രാധാന്യം ലഭിച്ചുകൊള്ളട്ടെ എന്നു കരുതിയാവാം 'മടങ്ങി മറഞ്ഞുപോയ്' എന്നെഴുതിയത്. മടങ്ങി, മറഞ്ഞു ഇവയിൽ ഒരു വാക്കുകൊണ്ടുതന്നെ ആശയം വ്യക്തമാകുമെന്നിരിക്കേ, രണ്ടുംകൂടി പ്രയോഗിച്ചു പുനരുക്തിദോഷം വരുത്തേണ്ടതുണ്ടായിരുന്നോ?

ചുവടുകൾക്കടിയിൽ മണ്ണുപോരാ മണൽതന്നെ വേണമെന്ന് പാട്ടെഴുത്തുകാരിക്ക് എന്തേ ഇത്ര നിർബന്ധം? മനസ്സാം ചില്ലുപാത്രമുടഞ്ഞുപോയി എന്നു രണ്ടാമത്തെ വരിയിൽ വ്യക്തമായി പറഞ്ഞതാണ്. അതിനാൽ പിന്നീട് കരളടരുന്നു എന്നുകൂടി പ്രയോഗിച്ചതിന്റെ പ്രസക്തി മനസ്സിലാകുന്നില്ല. കരളടർന്നാൽ രണമുതിരും; സമ്മതിച്ചു. എങ്കിലും, തീരാനൊമ്പരത്തെ സൂചിപ്പിക്കാൻ അങ്ങനെ എഴുതേണ്ടതുണ്ടോ എന്ന സംശയവും ബാക്കിനില്ക്കുന്നു.

"വിതയ്ക്കുന്നു നനയ്ക്കുന്നു വളമേകി വളർത്തുന്നു
മോഹത്തിൻ വിത്തുകൾ നമ്മൾ
കാലമാം മാന്ത്രികൻ പിഴുതെറിയുമ്പോൾ
നിരാശതൻ കടവിറങ്ങുന്നു നമ്മൾ
വീണ്ടും വിതയ്ക്കുന്നു തളിർക്കുന്നു
ജീവിതമെന്നതിനെ വിളിക്കുന്നു."

അമ്മ അകാലത്തിൽ പൊലിയുന്നതിന്റെ ദുഃഖം ഈ അനുപല്ലവിയിലെത്തുമ്പോൾ വഴിമാറിപ്പോകുന്നു. തെല്ലു തത്ത്വചിന്തയ്ക്കു പ്രാധാന്യം നൽകാനാണിവിടെ പാട്ടെഴുത്തുകാരിയുടെ ശ്രമം. അതാകട്ടെ, ശരിയായ വിധത്തിലല്ല താനും. മോഹത്തിന്റെ വിത്തുകൾ വിതച്ചു നനച്ചു വളമേറ്റി വളർത്തുമ്പോൾ അവ കാലമാം മാന്ത്രികൻ പിഴുതെറിയുന്നതത്രേ. അങ്ങനെ നട്ട നമ്മൾ ഉടനെ നൈരാശ്യത്തിന്റെ കടവിലിറങ്ങുന്നതുപോലും. ആശയറ്റവൻ നിരാശൻ; ആശയറ്റവൾ നിരാശ; നിരാശന്റെയോ നിരാശയുടെയോ അവസ്ഥ നിരാശതയാണ്. നിരാശതയുടെ കടവായാലും ഇറങ്ങുന്നതിന്റെ പ്രസക്തിയാണു മനസ്സിലാകാത്തത്. ജീവിതത്തെ ഗാനത്തിലൂടെ നിർവചിക്കാനാണ് ഗാനരചയിത്രിയുടെ ശ്രമം. നാട്ടുഭാഷയിൽ പറഞ്ഞാൽ അതു ചീറ്റിപ്പോയി. ചുരുക്കത്തിൽ, അടിമുടി പരാജയം ഏറ്റുവാങ്ങിയ ഗാനമാണിത്. ഇക്കാലത്തിറങ്ങുന്ന പാട്ടിന്റെ മകുടോദാഹരണം. എന്തിനാണ് ഇത്തരം പ്രഹസനങ്ങൾ എന്നു ചലച്ചിത്രകാരന്മാർ ചിന്തിക്കാത്തതാണു കഷ്ടം! ■

ദീപനാളം
കലാ സാംസ്കാരിക ദേശീയ വാരിക

ചീഫ് എഡിറ്റർ & മാനേജിങ് ഡയറക്ടർ : ഫാ. കുര്യൻ തടത്തിൽ
അസോസിയേറ്റ് എഡിറ്റർ : ഫാ. കുര്യാക്കോസ് പാത്തിക്കൽപുത്തൻപുരയിൽ



കർത്താവ് ഭൂമിയിൽനിന്ന് ഔഷധങ്ങൾ സ്യഷ്ടിച്ചു; ബുദ്ധിയുള്ളവൻ അവയെ അവഗണിക്കുകയില്ല.

പ്രഭാഷകൻ 38:4

## എഡിറ്റോറിയൽ

# എൻഡോസൾഫാൻ ഇരകൾക്ക് നീതി ലഭ്യമാക്കണം

**എ**ൻഡോസൾഫാൻ വിഷലായനി ദുരിതപ്പെയ്ത്തുനടത്തിയ കാസർകോടു ജില്ലയിലെ നിരാലംബർക്കു വിദഗ്ധചികിത്സയും പുനരധിവാസവും നടപ്പാക്കണമെന്നാവശ്യപ്പെട്ടു നടത്തിയ സമരപോരാട്ടങ്ങൾക്കു കൈയും കണക്കുമില്ല. സർക്കാരിന്റെ അവഗണനയുടെ കയ്പുനീർകൂടി കുടിക്കാനാവാതെ കഷ്ടപ്പെട്ട ആ ദുരിതബാധിതരിലേക്ക് ആശ്വാസത്തിന്റെ കുളിർക്കാറ്റായി ഒടുവിൽ ദയാബായി എത്തി. ദുരിതബാധിതരെക്കണ്ട് ആശ്വസിപ്പിക്കാനും പിന്തുണ അറിയിച്ചു പിരിഞ്ഞുപോകാനുമായിരുന്നില്ല അവർ വന്നത്. അവർക്കു നീതി ഉറപ്പാക്കുംവരെ അവർക്കൊപ്പം പൊരുതാനുള്ള അടിയുറച്ച മനസ്സുമായി സെക്രട്ടേറിയറ്റിനുമുന്നിൽ അനിശ്ചിതകാലനിരാഹാരമിരുന്നിട്ട് ഇപ്പോൾ രണ്ടാഴ്ച പിന്നിടുകയാണ്.

പ്ലാന്റേഷൻ കോർപ്പറേഷന്റെ കശുമാവിൻതോട്ടങ്ങളിൽ 1978 മുതൽ രണ്ടു പതിറ്റാണ്ടിലേറെ ഹെലികോപ്ടറുകളിൽ തളിച്ച എൻഡോസൾഫാൻലായനി മഹാക്രൂരതയുടെ വിളയാട്ടമാണ് കാസർകോട്ടു നടത്തിയത്. വിഷംവർഷിച്ചു വർഷങ്ങൾ പിന്നിട്ടിട്ടും വിറങ്ങലിൽനിന്നു വിമുക്തരായിട്ടില്ല ദുരിതബാധിതരും അവരുടെ കൂടപ്പിറപ്പുകളും. ജീവിതം തകർന്നുപോയ പതിനായിരക്കണക്കായ എൻഡോസൾഫാൻഇരകൾക്കു മോചനം എന്നെങ്കിലുമുണ്ടാകുമോ? അവർക്കു സമാധാനദൂതു പകരാൻ ആരാണുള്ളത്? മനസ്സിനും ശരീരത്തിനും ബലമില്ലാതെ പിറന്നുവീഴുന്നവരും മാറാരോഗങ്ങൾ ബാധിച്ചവരും അവർക്കു കരുതലും കാവലുമൊരുക്കി കൂട്ടിരിക്കുന്നവരും ഇരുട്ടിന്റെ തടവറയിൽ വെളിച്ചം തേടുന്നവരാണ്.

സർക്കാർകണക്കുപ്രകാരം, ആകെ 6728 പേരാണ് എൻഡോസൾഫാൻ ദുരിതബാധിതരായുള്ളത്. ഇതിൽ 371 പേർ കിടപ്പുരോഗികളാണ്. മാനസികവെല്ലുവിളി നേരിടുന്നവർ 1499 പേർ. 1189 ഭിന്നശേഷിക്കാർ, 699 അർബുദരോഗികൾ, ഇതരരോഗങ്ങൾക്കിരയായവർ 2970 പേർ. അഞ്ചുവർഷംമുമ്പിറങ്ങിയ സങ്കടപ്പട്ടിക ഇതാണെങ്കിൽ നിലവിലുള്ളത് എത്രയോ ഭീതിദമായിരിക്കും!

എൻഡോസൾഫാൻഇരകൾക്കു സർക്കാർ വിദഗ്ധചികിത്സാസൗകര്യങ്ങൾ നിഷേധിക്കുന്നതിൽ പ്രതിഷേധിച്ചാണ് ദയാബായി ഉൾപ്പെടെയുള്ളവർ തെരുവിലിറങ്ങിയിരിക്കുന്നത്. പാലിയേറ്റീവ് പരിചരണത്തിനായി പ്രത്യേകം ആശുപത്രിസംവിധാനമുണ്ടാകണമെന്ന് 2010 ൽ ദേശീയ മനുഷ്യാവകാശക്കമ്മീഷനും 2017 ൽ സുപ്രീംകോടതിയും അഭിപ്രായപ്പെട്ടതാണ്. 2013 ൽ കാസർകോടു ജില്ലയ്ക്കനുവദിച്ച ഉക്കിനടുക്ക ഗവ. മെഡിക്കൽ കോളജ് നാളിതുവരെയായിട്ടും ഒരു പ്രാഥമികാരോഗ്യകേന്ദ്രത്തിന്റെ അവസ്ഥയിലാണ്. ജില്ലാ, ജനറൽ ആശുപത്രികളിലും വിദഗ്ധചികിത്സാസൗകര്യങ്ങൾ ലഭ്യമല്ല. ഉദ്ഘാടനമാമാങ്കം കഴിഞ്ഞു മാസങ്ങൾ പിന്നിട്ട 'അമ്മയും കുഞ്ഞും ആശുപത്രി'യാകട്ടെ സർക്കാരിന്റെ കെടുകാര്യസ്ഥതയുടെ ഭാഗമായി പൂട്ടിക്കിടക്കുന്നു.

കേരളത്തിനുള്ള 'എയിംസ്' കാസർകോട്ട് അനുവദിച്ചാൽ ആരോഗ്യരംഗത്തെ പരിമിതികൾക്കു പരിഹാരമാകുമെന്നാണ് സമരക്കാർ ഏറെക്കാലമായി പറയുന്നത്. ഗവ. മെഡിക്കൽകോളജ് നിർമാണം എത്രയുംവേഗം പൂർത്തീകരിക്കുക, ജില്ലാ, ജനറൽ ആശുപത്രികളിൽ വിദഗ്ധചികിത്സാസൗകര്യങ്ങൾ ഏർപ്പെടുത്തുക, ടാറ്റാ കൊവിഡ് ആശുപത്രിയെ ന്യൂറോ ചികിത്സാകേന്ദ്രമായും പാലിയേറ്റീവ് ചികിത്സാലയമായും മാറ്റിയെടുക്കുക, അമ്മയും കുഞ്ഞും ആശുപത്രി തുറന്നുപ്രവർത്തിക്കുക തുടങ്ങിയ ആവശ്യങ്ങളാണ് സമരക്കാർ ഉന്നയിക്കുന്നത്.

എൻഡോസൾഫാൻ ഇരകളോടു ദയയുണ്ടാകണം എന്നുമാത്രമാവശ്യപ്പെടുന്ന ദയാബായി എന്ന എൺപത്തിരണ്ടുകാരിയുടെ നിരാഹാര ഉപവാസസമരം സർക്കാർ കണ്ണുതുറന്നു കാണേണ്ടതാണ്. ആരോഗ്യമന്ത്രി വീണാ ജോർജും ഉന്നതവിദ്യാഭ്യാസമന്ത്രി ആർ. ബിന്ദുവും സമരസമിതിയുമായി ചർച്ച നടത്തിയത് ശുഭോദർക്കമാണെന്നു പറയുമ്പോഴും, അതെത്ര നേരത്തേആകാമായിരുന്നുവെന്നാണ് പൊതുമതം. ദയാബായി നിരാഹാരസമരം അവസാനിപ്പിക്കണമെന്നും സർക്കാർ അവർക്കു നല്കിയ ഉറപ്പുകൾ പൂർണമായി പാലിക്കുമെന്നും മുഖ്യമന്ത്രി പറഞ്ഞിരിക്കുന്നു. പക്ഷേ, സർക്കാരുറപ്പുകളുടെ ആത്മാർത്ഥത ചോദ്യം ചെയ്യപ്പെടുന്ന ചരിത്രമുള്ളതുകൊണ്ട്, നീതിക്കുവേണ്ടി നിലവിളിക്കുന്നവർക്ക് അങ്ങനെ വെറുതെയൊന്നും സമരമവസാനിപ്പിക്കാനാവില്ലല്ലോ. ദയാബായി നടത്തുന്ന നീതിസമരത്തിനു വൈകിയാണെങ്കിലും യുഡിഎഫ് ഐക്യദാർഢ്യം പ്രഖ്യാപിച്ചതും ഒക്ടോബർ 22 ന് സെക്രട്ടേറിയറ്റിലേക്കും കാസർകോട് കളക്ട്രേറ്റിലേക്കും മാർച്ചു നടത്താൻ തീരുമാനിച്ചതും സ്വാഗതാർഹംതന്നെ.

എൻഡോസൾഫാൻ ഇരകൾക്കു പുതിയ ജീവിതത്തിലേക്കു തിരിച്ചുവരാനുള്ള സ്നേഹച്ചുവടുകൾ യാഥാർത്ഥ്യമാകാൻ അവർക്കൊപ്പം സർക്കാരും സമൂഹവും നന്മയാഗ്രഹിക്കുന്ന സകലരും ഒന്നിച്ചുനിന്നു പോരാടിയേ മതിയാവൂ. കാസർകോട് ജില്ലയുടെ ആരോഗ്യരംഗത്തെ ശോചനീയാവസ്ഥയ്ക്കു പരിഹാരമുണ്ടാക്കാനും വന്ദ്യവയോധികയായ ദയാബായിയുടെ ജീവനും ആരോഗ്യവും സംരക്ഷിക്കാനും ദുരിതബാധിതരെ പ്രത്യാശയിലേക്കു കരകയറ്റാനും മറ്റാരേക്കാളുമുപരി സർക്കാർ പ്രതിജ്ഞാബദ്ധമാവുകയും അടിയന്തരമായി ഇടപെടുകയുമാണാവശ്യം. ■

# വിശുദ്ധ ദേവസഹായം : മിഷനറിയും രക്തസാക്ഷിയും

**ഡോ. കുര്യൻ മാതോത്ത്**

**കു**റച്ചുനാളായി വെള്ളിയാഴ്ചകളിൽ ദീപനാളം കൈയിൽ കിട്ടാൻ ഞാൻ കാത്തിരിക്കുമായിരുന്നു. വി. ദേവസഹായംപിള്ളയുടെ ജീവിതകഥയെ ആധാരമാക്കി ശ്രീ ഗിരീഷ് കെ. ശാന്തിപുരം എഴുതിത്തുടങ്ങിയ നോവലാണ് എന്നെ ദീപനാളത്തോട് പ്രത്യേകമായി അടുപ്പിച്ചത്.

വിദ്യാർത്ഥിയായിരുന്ന കാലത്ത് കഥകളും നോവലുകളും ഞാൻ ഏറെ ഇഷ്ടപ്പെട്ടിരുന്നു. എന്നാൽ, മറ്റു വിഷയങ്ങൾ കൈകാര്യം ചെയ്യാൻ തുടങ്ങിയതോടെ ശ്രദ്ധ അവയിലേക്കു തിരിക്കുകയും നോവൽവായന പൂർണമായും നിറുത്തുകയും ചെയ്തു. അങ്ങനെയിരിക്കേയാണ് ഗിരീഷ് ശാന്തിപുരത്തിന്റെ 'അഗസ്ത്യായനം' ദീപനാളത്തിൽ പ്രത്യക്ഷപ്പെട്ടുതുടങ്ങിയത്. എനിക്ക് ഏറ്റവും ഇഷ്ടപ്പെട്ട വാഴ്ത്തപ്പെട്ട കുഞ്ഞച്ചനെപ്പറ്റിയാണ് നോവൽ പ്രതിപാദിക്കുന്നതെന്നു മനസ്സിലായതോടെയാണ് ഞാൻ വായന ആരംഭിച്ചത്. ഗിരീഷ് കെ. ശാന്തിപുരം എന്ന തൂലികാനാമത്തിൽ നോവലെഴുതിയ ശ്രീ വി.പി. മാത്യൂസ് ആരെന്ന് എനിക്കറിഞ്ഞുകൂടായിരുന്നു. അഗസ്ത്യായനം എന്ന നോവലിലെ പ്രതിപാദനരീതി എനിക്ക് ഏറെ ഇഷ്ടപ്പെട്ടു. വി. ദേവസഹായത്തെപ്പറ്റിയുള്ള നോവലും മനോഹരമായിരിക്കുമെന്ന് ഞാൻ ന്യായമായി പ്രതീക്ഷിക്കുകയും ചെയ്തു.

മൂന്നു നൂറ്റാണ്ടുമുമ്പ് തെക്കൻതിരുവിതാംകൂറിലെ ഒരജ്ഞാതസങ്കേതത്തിൽ ജീവിക്കുകയും ക്രൈസ്തവമതം സ്വീകരിച്ചതുകൊണ്ട് ദാരുണമായി കൊല്ലപ്പെടുകയും ചെയ്ത ഒരാൾ എന്നതിൽക്കൂടുതലായി



പ്രതികരണം

വി. ദേവസഹായത്തെപ്പറ്റി എനിക്ക് അധികമൊന്നും അറിഞ്ഞുകൂടായിരുന്നു. പക്ഷേ, ഗിരീഷിന്റെ നോവൽ വി. ദേവസഹായത്തെപ്പറ്റി ഒട്ടേറെ കാര്യങ്ങൾ വെളിച്ചത്തുകൊണ്ടുവന്നു. (ഇതൊരു ജീവചരിത്രമല്ലാത്തതുകൊണ്ട് നോവലിസ്റ്റ് തന്റേതായ രചനാരീതി കുറെയൊക്കെ ഇതിൽ സ്വീകരിച്ചിട്ടുണ്ടായിരിക്കും.)

മാർത്താണ്ഡവർമ്മ മഹാരാജാവിന്റെ സേനാവ്യൂഹത്തിലെ ഒരംഗവും താൻ ഏറ്റവുമധികം സ്നേഹിച്ചിരുന്നവനുമായ ആ പടയാളി ക്രിസ്തുമതം സ്വീകരിച്ചുവെന്ന് അറിഞ്ഞപ്പോൾ അതു വിശ്വസിക്കാൻതന്നെ രാജാവിനു മനസ്സുവന്നില്ല. ജാതിവ്യവസ്ഥ കൊടികുത്തിവാണിരുന്ന ആ കാലത്ത് ബ്രാഹ്മണന്മാർ ദേവസഹായംപിള്ളയ്ക്കു ശത്രുക്കളായിത്തീർന്നു. ക്രിസ്തുമതത്തെ നീചമതമെന്നാണ് അവർ വിശേഷിപ്പിച്ചത്. ദേവസഹായത്തെ പുതിയ മതവിശ്വാസത്തിൽനിന്നു പിന്തിരിപ്പിക്കാൻ മോഹനവാഗ്ദാനങ്ങൾകൊണ്ടു സാധ്യമല്ലെന്നു ബോധ്യംവന്ന അധികാരികൾ അതികഠിനമായ പീഡനത്തിന് അദ്ദേഹത്തെ വിധേയനാക്കി. ആദിമനൂറ്റാണ്ടുകളിൽ റോമിൽനടന്ന മതപീഡനങ്ങളോടു സദൃശ്യമായ ഘോരപീഡനങ്ങളിലൂടെ അദ്ദേഹത്തിനു കടന്നുപോകേണ്ടിവന്നു. പക്ഷേ, ദേവസഹായത്തെ പിന്തിരിപ്പിക്കാൻ ആർക്കും കഴിഞ്ഞില്ല. അദ്ദേഹം ക്രിസ്തുമതത്തിലുള്ള തന്റെ വിശ്വാസം കാത്തുസൂക്ഷിക്കുക മാത്രമല്ല, അനേകരെ സത്യവിശ്വാസത്തിലേക്കു കൊണ്ടുവരികയും ചെയ്തു. ധീരനായ ഒരു മിഷനറിയായിരുന്നു വി. ദേവസഹായം. മലമേൽ ഉയർത്തിയ ദീപംപോലെയായിരുന്നു ആ വിശ്വാസം. ഈ രംഗങ്ങളെല്ലാം വളരെ തന്മയത്വത്തോടെയാണ് നോവലിസ്റ്റ് അവതരിപ്പിച്ചിരിക്കുന്നത്.

ഭാരതത്തിലെ അല്മായരുടെയിടയിൽനിന്ന് ഉയർന്നുവന്ന ധീരനായ ഈ മിഷനറിയെ, രക്തസാക്ഷിയെ അനുവാചകർക്കു പരിചയപ്പെടുത്തിക്കൊടുക്കുന്നതിന് ശ്രീ ഗിരീഷ് കെ. ശാന്തിപുരം നൂറു ശതമാനവും വിജയിച്ചിട്ടുണ്ടെന്നു പറയാൻ കഴിയും. നോവലിസ്റ്റിനും നോവൽ പ്രസിദ്ധീകരിച്ച ദീപനാളത്തിനും അഭിനന്ദനങ്ങൾ!

# വഴിവക്കിലെ പരസ്യങ്ങൾ പൂർണമായി ഒഴിവാക്കണം

കൂത്താട്ടുകുളത്തുനിന്ന് എം.സി. റോഡിലൂടെ തൃശൂർ കടന്നു മുണ്ടൂർ വരെയും തിരിച്ചും സഞ്ചരിച്ചു.

വഴിനീളെ, ഇരുവശത്തും, വിവിധങ്ങളായ കച്ചവടപ്പരസ്യങ്ങൾ ഉയർത്തിയിരിക്കുന്നതു കാണപ്പെട്ടു. കച്ചവടപ്പരസ്യങ്ങൾ അങ്ങനെ നാട്ടിയുയർത്തിയിരിക്കുന്നത്, റോഡിലൂടെ സഞ്ചരിക്കുന്ന മനുഷ്യർ ശ്രദ്ധിച്ചു വായിച്ചു മനസ്സിലാക്കാൻവേണ്ടി മാത്രമാണല്ലോ.

അങ്കമാലി കെ.എസ്.ആർ.ടി.സി. സ്റ്റാൻഡിൽനിന്നു പുറത്തേക്കിറങ്ങുന്ന ഭാഗത്ത്, നടുറോഡിൽ, ഒരു പരസ്യപ്പലക, ലാൻഡ് ഫോൺനമ്പർ സഹിതം തൂക്കിയിട്ടിരിക്കുന്നതു കാണാം.

ആ ബോർഡിലേക്ക് ഒന്നു നോക്കാതെ, അവിടം കടന്നുപോകാൻ, ഒരു യാത്രക്കാരനോ, ഡ്രൈവർക്കോ കഴിയുമോ? നല്ല ഉയരത്തിൽ റോഡരുകിൽ, ആകർഷകചിത്രങ്ങളോടെ ഉയർത്തിയിരിക്കുന്ന പരസ്യബോർഡുകൾ ആളുകൾ കണ്ടുപോകാനല്ലേ അവിടങ്ങളിൽ നാട്ടിയിരിക്കുന്നത്? ഒരപകടം സംഭവിക്കാൻ വേറേ കാരണം വേണോ?

റോഡിലെ അപകടങ്ങളിൽ പലതും ഉണ്ടാകുന്നതിനു കാരണം, ഈ പരസ്യങ്ങളാണെന്ന് ആർക്കാണറിഞ്ഞുകൂടാത്തത്! എന്തിനേറെ പറയുന്നു, ഈ പരസ്യങ്ങൾ നിഷ്കരുണം റോഡരുകിൽനിന്നു സുബോധമുള്ള ഒരു ജനത മാറ്റും.

റോഡരുകിലെ എല്ലാവിധ പരസ്യങ്ങളും മാറ്റൂ, റോഡിലെ അപകടങ്ങൾ കുറയും! സർക്കാർ ധൈര്യം കാട്ടുമോ? തത്സംബന്ധമായ കോടതിവിധികൾ പാലിക്കപ്പെടുമോ, നടപ്പാക്കപ്പെടുമോ? 15.10.22 ലെ ഹൈക്കോടതിനിർദേശം കൂട്ടിവായിച്ചാലും. കെ.എസ്.ആർ.ടി.സി. ബസുകളിൽ പരസ്യം വേണ്ടെന്ന്..! എത്ര ശരി...!

**അഡ്വ. ഫിലിപ്പ് പഴേമ്പള്ളി, പെരുവ**

# മാതൃഭാഷാപഠനത്തിൽ ഒരു ‘തിരുത്ത്’

**മലയാളപാഠാവലിയിൽനിന്ന് അപ്രത്യക്ഷമായ അക്ഷരമാല പുനഃപ്രതിഷ്ഠിക്കുന്നതിനു ധീരമായ നേതൃത്വം നല്കിയ അക്ഷരസമരത്തിന്റെ അമരക്കാരൻ ഡോ. തോമസ് മൂലയിൽ സമരനാൾവഴികളെക്കുറിച്ച് മനസ്സു തുറക്കുന്നു:**



**ഡോ. തോമസ് മൂലയിൽ**

**ഈ**യിടെ, എസ്.സി.ഇ.ആർ.ടി. നടത്തിയ സർവേയിൽ മൂന്നാംക്ലാസ് വിദ്യാർത്ഥികളിൽ 56 ശതമാനത്തിനും എഴുത്തും വായനയും വശമില്ല എന്നു കണ്ടതായി പറയുന്നു. എന്നാൽ, പത്താം ക്ലാസുകാരുടെപോലും സ്ഥിതി വ്യത്യസ്തമല്ല എന്നതാണു പരമാർത്ഥം. കൃത്യമായ പഠനത്തിനുശേഷമാണ് ഞാൻ ഇതു പറയുന്നത്.

എന്റെ പരിശീലനവലയത്തിലുണ്ടായിരുന്ന ഒരു സംഘം കുട്ടികളുടെ വായന ഞാൻ ശ്രദ്ധിച്ചു. അഞ്ചുമുതൽ പത്തുവരെയുള്ള ക്ലാസുകളിൽ പഠിക്കുന്ന സമർത്ഥരായ കുട്ടികൾ. പരീക്ഷയിൽ മിക്കവാറും ‘ഫുൾ എ പ്ലസ്’. അവർക്കു മലയാളത്തിനും എ പ്ലസാണ്. പക്ഷേ, മലയാളം വായിക്കാനറിഞ്ഞുകൂടാ! എന്തുകൊണ്ടാണിങ്ങനെ സംഭവിക്കുന്നതെന്നറിയാൻ അവരെക്കൊണ്ടു മലയാളഭാഷയുടെ അക്ഷരങ്ങൾ എഴുതിച്ചുനോക്കി. അക്ഷരങ്ങൾ ഇനം തിരിച്ചു കൃത്യമായി എഴുതാൻ അറിയാവുന്ന ഒരു കുട്ടിപോലുമില്ലായിരുന്നു! പിന്നീട് നൂറോളം കുട്ടികളുടെ ഇടയിൽ ഈ പരീക്ഷണം നടത്തിയപ്പോഴും ഫലം ഇതുതന്നെയായിരുന്നു. ഇങ്ങനെ പലഘട്ടങ്ങളിലായി അഞ്ഞൂറോളം കുട്ടികളുടെ ഇടയിൽ ഈ പരീക്ഷണം നടത്തി. ഭാഷയുടെ കുറെ അക്ഷരങ്ങൾ എഴുതുന്നു എന്നല്ലാതെ ഭൂരിഭാഗം കുട്ടികൾക്കും മലയാളത്തിന്റെ അക്ഷരങ്ങൾ ശരിക്കും അറിഞ്ഞുകൂടാ എന്നെനിക്കു ബോധ്യപ്പെട്ടു. ഉച്ചാരണമാകട്ടെ, അതിദയനീയവും!

**കാരണം തേടിയുള്ള പ്രയാണം**

എന്താണിതിന്റെ കാരണം എന്നറിയാൻ കോളജിലെ മലയാളം പ്രൊഫസർമാരോടു ചോദിച്ചപ്പോൾ അവർ പറയുന്നത്, പിജിക്ക് മലയാളം ഐച്ഛികമായി എടുത്തുവരുന്ന കുട്ടികളെപ്പോലും അക്ഷരങ്ങൾ വർഗീകരിച്ചു പഠിപ്പിച്ചിട്ടാണു പാഠഭാഗങ്ങൾ ആരംഭിക്കുന്നത് എന്നാണ്. ഇതിനുത്തരവാദികൾ സ്കൂൾ ടീച്ചേഴ്സാണ് എന്നു പറഞ്ഞ് അവർ ഒഴിഞ്ഞു. ഹൈസ്കൂളുകാർക്കും പറയാനുള്ളത് കുട്ടികൾക്ക് അക്ഷരമറിയില്ല എന്നാണ്. അവർ പ്രൈമറി അധ്യാപകരെ പഴിചാരി രക്ഷപ്പെടുന്നു. അവസാനം ഒന്നാം ക്ലാസിൽ പഠിപ്പിക്കുന്ന അധ്യാപകരോടു ചോദിച്ചപ്പോഴാണ്, ഞെട്ടിക്കുന്ന വിവരം അറിയുന്നത്; ഒന്നാം ക്ലാസിലെ പാഠപുസ്തകത്തിൽ അക്ഷരമാല ഇല്ല എന്ന്! ഒന്നിലില്ലെങ്കിൽ ഏതെങ്കിലും ക്ലാസിലെ പാഠപുസ്തകത്തിൽ അക്ഷരമാല ചേർത്തിട്ടുണ്ടോ എന്നറിയാൻ ഒന്നുമുതൽ പത്തുവരെയുള്ള പാഠപുസ്തകങ്ങൾ വാങ്ങി പരിശോധിച്ചു; ഒരിടത്തും അക്ഷരമാല ഇല്ല!

**അമ്മമലയാളം അത്യാസന്നനിലയിൽ!**

2018 നവംബർ മാസം ഒന്നാം തീയതി(കേരളപ്പിറവിദിനം)യിലെ പത്രങ്ങളിലെല്ലാം മുഖ്യമന്ത്രിയുൾപ്പെടെയുള്ള രാഷ്ട്രീയനേതാക്കളും സാംസ്കാരികനായകരും കുഞ്ഞുങ്ങളെ മടിയിലിരുത്തി അക്ഷരമെഴുതിക്കുന്ന പടം കണ്ടു. ഈ കുഞ്ഞുങ്ങളാണല്ലോ ഭാവിയിൽ അക്ഷരമറിയാതെ സ്കൂൾവിദ്യാഭ്യാസം പൂർത്തിയാക്കി പുറത്തിറങ്ങുന്നത് എന്നോർത്തുപോയി. ‘അമ്മമലയാളം അത്യാസന്നനിലയിൽ’ എന്ന പേരിൽ ദീപികയിൽ ഞാനൊരു ഹാസ്യകഥ എഴുതി. അക്ഷരമാല തേടിയുള്ള പ്രയാണത്തോടൊപ്പം, ദീപികയിലും ദീപനാളം വാരികയിലും പല ലേഖനങ്ങളുമെഴുതി.

**മാതൃഭാഷാപോഷകസന്നദ്ധസമിതി**

അക്ഷരമാല തിരികെക്കൊണ്ടുവരിക എന്ന ലക്ഷ്യത്തോടെ ‘മാതൃഭാഷാപോഷകസന്നദ്ധസമിതി’ എന്ന പേരിൽ ഒരു സമിതി രൂപവത്കരിച്ചു പ്രവർത്തനങ്ങളാരംഭിച്ചു. ജനങ്ങളുടെയിടയിൽ ഒരവബോധം സൃഷ്ടിക്കാൻ ഇതു സഹായകമായി. അധ്യാപകർക്കും കുട്ടികൾക്കുംവേണ്ടി ബോധവത്കരണപരിപാടികൾ സംഘടിപ്പിച്ചു. ‘അക്ഷരമാല’, ‘അക്ഷരക്കൂട്ട്’ മുതലായ ചിത്രീകരണങ്ങൾ ആകർഷകമായി ഡിസൈൻ ചെയ്ത്, കുട്ടികൾക്കു സൗജന്യമായി വിതരണം ചെയ്തു. അതോടൊപ്പം, അക്ഷരക്കുടുക്ക എന്ന ലഘുഗ്രന്ഥവും ഉച്ചാരണസഹായി എന്ന പേരിൽ ഒരു ദൃശ്യശ്രാവ്യാവിഷ്കരണവും അക്ഷരബോധനപരിപാടിയുടെ ഭാഗമായി ഞാൻ പ്രസിദ്ധീകരിച്ചു. കൂടാതെ, പ്രസംഗസഹായി, പെരുമാറ്റമര്യാദ എന്നീ കൈപ്പുസ്തകങ്ങളും പ്രസാധനം ചെയ്തു.

സമാന്തരമായി, ‘പ്രൈമറിതല സമഗ്രസാക്ഷരതായത്നം’ എന്ന ഒരു പ്രോജക്ടിന്റെ പ്രവർത്തനവും ആരംഭിച്ചു. പതിനഞ്ചിന കർമപരിപാടികളായിരുന്നു അതിലുൾപ്പെടുത്തിയിരുന്നത്. പരമ്പരാഗതരീതിയിൽ ഒന്നാംക്ലാസ്സിൽത്തന്നെ കുട്ടികളെ അക്ഷരങ്ങൾ പഠിപ്പിക്കുക, എഴുതുന്നതോടൊപ്പം ശരിയായ ഉച്ചാരണപരിശീലനവും നല്കുക, എല്ലാ കുട്ടികൾക്കും ആകർഷകമായി ലേ ഔട്ട് ചെയ്തു മനോഹരമാക്കിയ അക്ഷരമാല ചാർട്ട് നല്കുക, വീട്ടിൽ പ്രധാന സ്ഥലത്ത് അത് തൂക്കിയിടുക, സ്കൂളിലെ എല്ലാ ക്ലാസ്സുമുറികളിലും അക്ഷരമാലാചാർട്ടു സ്ഥാപിക്കുക, സ്കൂളിന്റെ പ്രവേശനകവാടത്തിൽ അക്ഷരമാലാഫലകം സ്ഥാപിക്കുക മുതലായവയായിരുന്നു കർമപരിപാടികൾ.

അഞ്ചു വിദ്യാലയങ്ങൾ ഈ പ്രോജക്ട് നടപ്പാക്കുന്നതിനുള്ള സന്നദ്ധത അറിയിച്ചു. മേല്പറഞ്ഞ പഠനോപാധി(Teaching tools)കളെല്ലാം തിരഞ്ഞെടുക്കപ്പെട്ട ഈ വിദ്യാലയങ്ങൾക്കു ഞാൻ സൗജന്യമായി നല്കി. അധ്യാപകരും കുട്ടികളും വളരെ ആവേശത്തോടെയാണു പരിപാടികളിൽ വ്യാപൃതരായത്. രക്ഷാകർത്താക്കളുടെ നിർലോപമായ സഹകരണവും ലഭിച്ചതിനാൽ, ഓൺലൈൻ ക്ലാസ്സുകളായിരുന്നിട്ടുപോലും, അഞ്ഞൂറോളം കുരുന്നുകൾ ഒന്നാം സെമസ്റ്റർ അവസാനത്തോടെ അക്ഷരപരിചയം നേടി.

**തിരസ്കരണപരമ്പര**

ജനങ്ങളുടെയും ഭരണാധികാരികളുടെയും ശ്രദ്ധയിൽ ഈ വിഷയം അവതരിപ്പിക്കുന്നതിനുവേണ്ടി ലേഖനങ്ങളെഴുതി മുഖ്യധാരാപത്രങ്ങൾക്കൊക്കെ അയച്ചുകൊടുത്തെങ്കിലും പ്രതികരണം പ്രതികൂലമായിരുന്നു. മംഗളം ദിനപത്രം ഒരു നിയോഗംപോലെ ഏറ്റെടുത്ത് എനിക്കു ശക്തമായ




പിന്തുണ നല്കി. മംഗളത്തിലെ സീനിയർ എഡിറ്റർ ശ്രീ രാജു മാത്യു ഇക്കാര്യത്തിൽ സാഹസികമായ ഇടപെടലുകൾതന്നെ നടത്തി. ഞാൻ ഒരു ലേഖനപരമ്പര മംഗളത്തിലെഴുതി.

**ലേഖനങ്ങൾ – കത്തുകൾ – നിവേദനങ്ങൾ**

അക്ഷരങ്ങളുടെയും അക്ഷരമാലയുടെയും പ്രസക്തിയും പ്രാധാന്യവും സമഗ്രമായി പഠിച്ചെഴുതിയവയായിരുന്നു അവയെല്ലാം. ഭാഷാസ്നേഹികൾ അഭിനന്ദിച്ചും നന്ദിപറഞ്ഞും എന്നെ വിളിക്കാൻ തുടങ്ങി. കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, വിദ്യാഭ്യാസവകുപ്പ് എന്നിവിടങ്ങളിലേക്കെല്ലാം ഞാൻ കത്തുകളയച്ചു തുടങ്ങി. അതുപിന്നെ, നിവേദനങ്ങളായി മാറി. മറുപടിയൊന്നും ലഭിച്ചില്ല. ഈ രേഖകളെല്ലാം അവിടങ്ങളിൽ എത്താതെപോയതാണോ എന്നറിയാൻ ഫോൺവിളി തുടങ്ങി. വിദ്യാഭ്യാസമന്ത്രിയുടെ ഓഫീസിലും വിളിച്ചു. ഒരു മാർഗവും കാണാതെ വന്നപ്പോൾ സ്ഥലം എം.എൽ.എ. ശ്രീ മാണി സി. കാപ്പൻവഴി ഒരു നിവേദനം അന്നത്തെ പൊതുവിദ്യാഭ്യാസമന്ത്രി പ്രൊഫ. സി. രവീന്ദ്രനാഥിനു നല്കി. അദ്ദേഹത്തിന്റെ പ്രതികരണം വളരെപ്പെട്ടെന്നായിരുന്നു. പൊതുവിദ്യാഭ്യാസസെക്രട്ടറിക്ക് തുടർനടപടികൾക്കായി നിവേദനം കൈമാറിയിട്ടുണ്ട് എന്നു കാണിച്ചുകൊണ്ടുള്ള മന്ത്രിയുടെ രേഖാമൂലമുള്ള അറിയിപ്പു കിട്ടി. 23/09/2020 ലാണ് എം.എൽ.എ. വശമുള്ള മറുപടി ലഭിച്ചത്.

**നിർണായകനിവേദനം**

അതിനിടെ തിരഞ്ഞെടുപ്പു വന്നു, സർക്കാർ മാറി, മന്ത്രിയും മാറി. നഷ്ടശരണനാകാതെ, ബഹു. മന്ത്രി റോഷി അഗസ്റ്റിൻവഴി പൊതുവിദ്യാഭ്യാസമന്ത്രി ശ്രീ ശിവൻകുട്ടിക്ക് ഒരു നിവേദനം നല്കി. ശ്രീ റോഷി അഗസ്റ്റിൻ നേരിട്ട് എന്റെയടുത്തുവന്ന് നിവേദനവും അനുബന്ധരേഖകളും കൈപ്പറ്റിയെന്ന കാര്യം എടുത്തുപറയട്ടെ. പ്രസ്തുത നിവേദനത്തിനുള്ള മറുപടി എസ്.സി.ഇ.ആർ.ടിയിൽനിന്നാണു ലഭിച്ചത്. നിവേദനം പരിഗണനയ്ക്കെടുത്തിട്ടുണ്ടെന്നും പാഠപുസ്തകപരിഷ്കരണം നടത്തുന്ന വേളയായതിനാൽ പഠനസമിതി നിവേദനം പരിഗണിക്കുമെന്നും പറഞ്ഞായിരുന്നു മറുപടി. 05.08.2021 ലാണു മറുപടി ലഭിക്കുന്നത്.

**അക്ഷരമാല വിട്ടുപോയതല്ല
വിട്ടുകളഞ്ഞതാണ്!**

മൂന്നുകൊല്ലത്തെ ഭഗീരഥപ്രയത്നത്തിന്റെയവസാനമാണ് അക്ഷരമാല പാഠപുസ്തകത്തിലില്ലെന്നും അതു വിട്ടുപോയതല്ല, വിട്ടുകളഞ്ഞതാണെന്നും മനസ്സിലാക്കുന്നത്! അക്ഷരം നീക്കം ചെയ്യാൻ ശുപാർശ നല്കിയ പണ്ഡിതന്മാർ ആരെന്ന ചോദ്യം ഉന്നയിച്ചുകൊണ്ടായിരുന്നു പിന്നീട് ലേഖനമെഴുതിയതും കത്തുകളയച്ചതും. എന്നാൽ, ഏതെങ്കിലും ഒരു മനഃശാസ്ത്രജ്ഞന്റെയോ വിദ്യാഭ്യാസവിചക്ഷണന്റെയോ ഭാഷാപണ്ഡിതന്റെയോപോലും മേൽവിലാസം ലഭിച്ചില്ല.

**സമരം നയിക്കാൻ ദ്രോണാചാര്യർ**

അക്ഷരം നീക്കം ചെയ്യാൻ ഉപദേശം നല്കിയ പണ്ഡിതന്മാരാരെങ്കിലും കേരളത്തിലുണ്ടോ എന്നറിയാൻ ഞാൻ നേരിട്ട് അന്വേഷണം തുടങ്ങി. അപ്പോഴാണ് ഡോ. വി.ആർ. പ്രബോധചന്ദ്രൻനായരെപ്പറ്റി വിവരം ലഭിക്കുന്നത്. അദ്ദേഹം ഭാഷാശാസ്ത്രജ്ഞനും വിദ്യാഭ്യാസവിചക്ഷണനുമാണ്. അദ്ദേഹത്തിന്റെ ഫോൺ നമ്പർ ലഭിച്ചു. വിളിച്ചാൽ അദ്ദേഹത്തിന്റെ പ്രതികരണം എന്തായിരിക്കുമെന്ന് ഉള്ളിൽ ഭീതി...! മേല്പറഞ്ഞ പണ്ഡിതന്മാരുടെ ഗണത്തിൽപ്പെട്ട ആളാണോ അദ്ദേഹം എന്നു ഞാൻ സംശയിച്ചു... ഏതായാലും, ഞാൻ അദ്ദേഹത്തിന്റെ ഫോൺ നമ്പരിൽ വിരലമർത്തി. “ആരാണ്?” ഘനഗംഭീരമായ ശബ്ദം! ഞാൻ വല്ലാതൊന്നു പരുങ്ങി. “ഒരു മിനിറ്റ് ഞാനങ്ങയോട് ഒന്നു സംസാരിച്ചുകൊള്ളട്ടേ.” ഉടൻ വന്ന മറുപടി: “പിന്നെന്താ?” ഒരാശ്വാസം! ഞാൻ പറഞ്ഞു, “സാർ, ഞാൻ പാലായിൽനിന്നുള്ള ഒരു വൈദികനാണ്. മലയാളപാഠാവലിയിൽ ഒരിടത്തും അക്ഷരമാലയില്ല...” “ഇതാരു പറഞ്ഞു?” അദ്ദേഹത്തിന്റെ സ്വരമുയർന്നു. ഞാൻ പറഞ്ഞു: “ഒന്നുമുതൽ പത്തുവരെയുള്ള പാഠാവലികൾ മുഴുവൻ ഞാൻ പരിശോധിച്ചശേഷമാണിതു പറയുന്നത്. ഇക്കാര്യം പറഞ്ഞുകൊണ്ട് പല ലേഖനങ്ങളും ഞാനെഴുതി, കത്തുകളും നിവേദനങ്ങളുമയച്ചു. അവസാനം എസ്.സി.ഇ.ആർ.ടി. യിൽനിന്നു മറുപടിയും കിട്ടി. പണ്ഡിതന്മാരുടെ തീരുമാനപ്രകാരം ഒഴിവാക്കിയതാണിതെന്നാണു മറുപടിയിൽ പറയുന്നത്...” വാചാലമായ മൗനം... തന്നാൽ പറ്റുന്നതെല്ലാം ചെയ്യാമെന്ന് അദ്ദേഹം എനിക്കുറപ്പുതന്നു! ദേശീയ അന്തർദേശീയതലങ്ങളിൽ പതിറ്റാണ്ടുകളായി കത്തിജ്വലിച്ചുനില്ക്കുന്ന ആ വലിയ മനുഷ്യന്റെ പിന്തുണയും അനുഗ്രഹവും പ്രദാനം ചെയ്ത ഊർജം എനിക്കു വലിയ ശക്തിയായി. അദ്ദേഹം ഒരു സർവകലാശാലയാണ്; അദ്ദേഹത്തിന്റെ വീട് മറ്റൊരു സർവകലാശാലയും! അക്ഷരസമരത്തിന്റെ അമരത്ത് അദ്ദേഹത്തെ പ്രതിഷ്ഠിച്ചുകൊണ്ടായിരുന്നു പിന്നീടുള്ള പ്രയാണം. കുരുക്ഷേത്രയുദ്ധത്തിൽ ദ്രോണാചാര്യരെപ്പോലെ അദ്ദേഹം ഈ സമരത്തിന് ഊർജം പകർന്നുതന്നു. ഈടുറ്റ രണ്ടു ലേഖനങ്ങൾ അദ്ദേഹം എഴുതിത്തന്നു; അതു മംഗളം ദിനപത്രത്തിൽ പ്രസിദ്ധീകരിക്കുകയും ചെയ്തു.

**‘തരംഗങ്ങളിൽ’**

ഈയവസരത്തിൽ (2021 ഓഗസ്റ്റ്) ‘അടിത്തറയിളകിയ ശ്രേഷ്ഠഭാഷ’ എന്ന തലക്കെട്ടിൽ, മലയാളമനോരമയ്ക്ക് ഞാൻ ഒരു ലേഖനം അയച്ചുകൊടുത്തു. കൂടാതെ, മനോരമയിൽ ചീഫ് എഡിറ്റർ ശ്രീ ജോസ് പനച്ചിപ്പുറത്തിനെ ഫോണിൽ ബന്ധപ്പെട്ടു സംസാരിക്കുകയും ഭാഷയുടെ ദയനീയാവസ്ഥ അറിയിക്കുകയും ചെയ്തു. അദ്ദേഹം ആ ലേഖനം പ്രസിദ്ധീകരിച്ചെന്നുമാത്രമല്ല, ‘തരംഗങ്ങളിൽ’ എന്ന പംക്തിയിലൂടെ പ്രതികരിക്കാനും തുടങ്ങി.

*ശേഷം 8-ാം പേജിൽ*




**ഒക്ടോബർ 30**
**പള്ളിക്കൂദാശക്കാലം**
**ഒന്നാം ഞായർ**

പുറ 33 : 1–11
ഏശ 40 : 21–31
ഹെബ്രാ 9 : 1–14
മത്താ 25 : 1–13

# ദൈവമഹത്ത്വത്തിലുള്ള പങ്കുചേരൽ



**ഡോ. ജോസഫ് കരികുളം**

**ദൈ**വം തന്റെ സഭയെ മഹത്ത്വത്തിലേക്കു പ്രവേശിപ്പിക്കുന്ന സന്തോഷകരമായ യുഗാന്ത്യാനുഭവത്തിന്റെ മുന്നാസ്വാദനം പങ്കുവയ്ക്കുന്ന കാലമാണ് പള്ളിക്കൂദാശക്കാലം. പഴയനിയമത്തിലെ നാലു വിശുദ്ധാലയപ്രതിഷ്ഠകളുടെ (പുറ. 40:1–17; ജോഷ്വ. 18:1; 1 രാജാ. 8:62–66, എസ്രാ. 3:2) അടിസ്ഥാനത്തിലാണ് ഈ കാലം നാല് ആഴ്ചകളായി ക്രമീകരിച്ചിരിക്കുന്നത്. ശിരസ്സായ മിശിഹായോടൊപ്പം, അവന്റെ ശരീരമാകുന്ന സഭ, അവളുടെ അവയവങ്ങളായ വിശ്വാസിസമൂഹം, ഒരു ശരീരമായി സ്വർഗരാജ്യത്തിലേക്ക് / നിത്യജീവിതത്തിലേക്കു പ്രവേശിക്കുന്നു. സ്വർഗീയമഹത്ത്വത്തിന്റെ ഈ മുന്നാസ്വാദനം, വിശ്വാസിസമൂഹത്തിനു ലഭിക്കുന്ന രക്ഷയുടെ ഉറപ്പും അടയാളവുമാണ്.

ഇവിടെ നമുക്കു നിലനില്ക്കുന്ന പട്ടണമില്ല എന്ന അവബോധത്തിൽ, സ്വർഗത്തിൽ പേരെഴുതപ്പെടാൻ തക്കവിധം ജീവിക്കാൻ ഈശോയിലുള്ള വിശ്വാസം നമ്മെ പ്രേരിപ്പിക്കുന്നു. വിശ്വാസജീവിതത്തിലുണ്ടാകുന്ന വേദനകളും സന്തോഷങ്ങളും ആത്മാവിന്റെ നിറവിൽ ഏറ്റെടുത്ത് ദൈവികസന്തോഷത്തിലായിരിക്കണം ഇഹലോകജീവിതം തുടരേണ്ടത്.

സഭയെ ദൈവം മഹത്ത്വീകരിക്കുന്നു എന്നതിന്റെ അർത്ഥം ശിരസ്സാകുന്ന ഈശോയെയും അവയവങ്ങളായ നമ്മെയും അവിടുന്നു മഹത്ത്വപ്പെടുത്തുന്നു എന്നാണ്. ഈശോയെ ഉത്ഥാനത്തിൽ മഹത്ത്വപ്പെടുത്തുന്ന പിതാവ് നമ്മെയും ഉത്ഥാനത്തിൽ മഹത്ത്വപ്പെടുത്തണമെന്നാഗ്രഹിക്കുന്നു. പള്ളിക്കൂദാശക്കാലം ഈശോയുടെ മഹത്ത്വത്തോടു ബന്ധപ്പെടുത്തി സഭയുടെ മഹത്ത്വം ഓർക്കുന്ന കാലമാണ്. സഭയുടെ മഹത്ത്വം അംഗങ്ങളായ നമ്മുടെ മഹത്ത്വംതന്നെയാണ്. ഈശോയോടൊത്തുള്ള നമ്മുടെ മഹത്ത്വം നാം അതിയായി ആഗ്രഹിക്കുകയും ജീവിതത്തെ അതിനായി ക്രമപ്പെടുത്തുകയും അതിന്റെ മുന്നാസ്വാദനം അനുഭവിക്കുകയും ചെയ്യുന്ന സമയംകൂടിയാണ് പള്ളിക്കൂദാശക്കാലം.

**ഇടവകപ്പള്ളിയെന്ന സമാഗമകൂടാരം**

തങ്ങൾ അടിമകളായി ജീവിക്കുന്ന ഈജിപ്തിൽനിന്ന് ഇസ്രായേൽക്കാരെ വാഗ്ദാനം ചെയ്യപ്പെട്ട നാട്ടിലേക്കു കൂട്ടിക്കൊണ്ടുപോകണമെന്ന കർശനനിർദേശമാണ് മോശയ്ക്കു ദൈവം നല്കുന്നത്. (പുറ. 33:1–11). വാഗ്ദാനം ചെയ്യപ്പെട്ട നാട്ടിലാണ് ഇസ്രായേൽ ജനത്തിന്റെ വാസം സുഗമമാകുന്നത്. ഈജിപ്തിലേതു പ്രവാസകാലമാണ്, അടിമകളായിരിക്കുന്ന സമയമാണ്. ഇസ്രായേൽക്കാർ അടിമകളായിരിക്കേണ്ടവരല്ല; തേനും പാലുമൊഴുക്കുന്ന കാനാൻദേശത്ത് ദൈവത്തിന്റെ ജനമായി വസിക്കേണ്ടവരാണ്.

പള്ളിക്കൂദാശക്കാലത്തിന്റെ ആദ്യഞായറാഴ്ച ദൈവം തന്റെ സഭയ്ക്കു നൽകുന്ന നിർദേശമായി ഇതിനെ പരിഗണിക്കാം. ഈ ലോകത്ത് സഭ പ്രവാസത്തിലാണ്. തന്റെ നാഥനായ ഈശോമിശിഹായോടൊപ്പം ദൈവമഹത്ത്വം എന്ന സ്വർഗീയകാനാൻദേശത്തായിരിക്കുക എന്നതാണ് അവളുടെ ആത്യന്തികലക്ഷ്യം. അതിനായി ദൈവം തന്റെ പുത്രനെ മോശയെപ്പോലെ, എന്നാൽ, അവനെക്കാൾ വലിയവനായി നൽകിക്കഴിഞ്ഞു. സ്വർഗീയമഹത്ത്വത്തിനു തടസ്സമാകുന്ന പാപത്തിന്റെയും ഭൗതികാഗ്രഹങ്ങളുടെയും ഈജിപ്തിൽനിന്ന് ദൈവസ്തുതിയുടെയും മഹത്ത്വത്തിന്റെയും കാനാനിലേക്കു നിശ്ചയദാർഢ്യത്തോടെ നാം നീങ്ങണം.

സമാഗമകൂടാരവും (പുറ. 33:7–11) സഭയുടെ പ്രതീകം തന്നെ. ഭൗതികലോകത്തിന്റെ തിരക്കുകളിൽനിന്ന കന്ന് ദൈവത്തെ കണ്ടുമുട്ടാനും സംസാരിക്കാനുമുള്ള സമാഗമകൂടാരമായി സഭ മാറുന്നു. സഭയുടെ പരിച്ഛേദമായി പള്ളിയെ നമുക്കു കാണാം. അങ്ങനെ ഇടവകപ്പള്ളി നമ്മുടെ സമാഗമകൂടാരമായി മാറുന്നു. മോശ സമാഗമകൂടാരത്തിലേക്കു പ്രവേശിക്കുമ്പോൾ മേഘസ്തംഭം ഇറങ്ങിവന്ന് കൂടാരവാതില്ക്കൽ നില്ക്കും (33:9). അപ്പോൾ കർത്താവ് മോശയോടു സംസാരിക്കും. ഇടവകപ്പള്ളിയിൽ പ്രവേശിക്കുന്ന ഓരോ ദൈവജനത്തിനും ഉണ്ടാകേണ്ട അനുഭവമാണിത്. "മേഘസ്തംഭം കൂടാരവാതില്ക്കൽ നിൽക്കുന്നതു കാണുമ്പോൾ ജനം എഴുന്നേറ്റ് ഓരോരുത്തനും സ്വന്തം കൂടാരത്തിന്റെ വാതിൽക്കൽ കുമ്പിട്ടാരാധിച്ചിരുന്നു" (33:10). ഇടവകപ്പള്ളിയിൽ നടക്കുന്ന ദൈവികമഹത്ത്വത്തിന്റെ പ്രവർത്തനങ്ങളും വിശ്വാസികളുടെ ദൈവവുമായുള്ള ബന്ധവും കണ്ടിട്ട് പുറത്തുള്ളവർക്ക്, അക്രൈസ്തവർക്ക് ഉണ്ടാകേണ്ട തിരിച്ചറിവിന്റെ കാര്യംതന്നെയല്ലേ ഇവിടെ ഉദ്ദേശിച്ചിരിക്കുന്നത്!



**നിസ്സാരതയിൽനിന്നു മഹത്ത്വത്തിലേക്ക്**

മനുഷ്യന്റെ നിസ്സാരതയിൽനിന്നു ദൈവത്തിന്റെ മഹത്ത്വത്തിലേക്കുയരേണ്ടവരാണ് ക്രിസ്ത്യാനികളെന്നും അതിനായുള്ള ശക്തിയും ധൈര്യവും നല്കുന്നതു ദൈവംതന്നെയാണെന്നും ഏശയ്യാപ്രവാചകനിലൂടെ ദൈവം നമ്മെ ഓർമിപ്പിക്കുന്നു (ഏശ. 40:21–31). മനുഷ്യൻ തന്റെ കഴിവിൽ അഹങ്കരിച്ച് സ്രഷ്ടാവിനെ മാറ്റിനിർത്തുമ്പോൾ യഥാർത്ഥരക്ഷയ്ക്കായുള്ള സഹായത്തെയാണ് ഇല്ലാതാക്കുന്നത്. "ആരോട് നിങ്ങളെന്നെ ഉപമിക്കും. ആരോടോണ് എനിക്കു സാദൃശ്യം എന്നു പരിശുദ്ധനായവൻ ചോദിക്കുന്നു" (40:25). ദൈവത്തിന്റെ അപരിമേയത്വത്തെ മനസ്സിലാക്കി ആ മഹത്ത്വത്തിന്റെ തണലിൽ അഭയം തേടുന്നവരായിരിക്കണം യഥാർത്ഥ വിശ്വാസികൾ. "ദൈവത്തിൽ ആശ്രയിക്കുന്നവർ വീണ്ടും ശക്തിപ്രാപിക്കും; അവർ കഴുകന്മാരെപ്പോലെ ചിറകടിച്ചുയരും. അവർ ഓടിയാലും ക്ഷീണിക്കുകയില്ല: നടന്നാൽ തളരുകയുമില്ല (40:31).

**മിശിഹായുടെ ബലിയുടെ കൂടാരമാണ് സഭ**

പഴയ ഉടമ്പടിയിലെ ബലികളുടെ പൂർത്തീകരണവും അവയിൽനിന്നു തികച്ചും വ്യത്യസ്തവുമായ ഈശോയുടെ പുതിയ ഉടമ്പടിയുടെ ബലിയെക്കുറിച്ചാണ് ഹെബ്രായലേഖനം സംവദിക്കുന്നത് (ഹെബ്രാ. 9:1–14). വിശുദ്ധസ്ഥലമെന്നും അതിവിശുദ്ധസ്ഥലമെന്നും വിളിക്കപ്പെട്ടിരുന്ന രണ്ടു കൂടാരങ്ങളായിരുന്നു ഇസ്രായേലിന്റെ ബലിയർപ്പണസംവിധാനങ്ങൾ. ഇതിൽ ഒന്നാമത്തെ കൂടാരത്തിൽ പുരോഹിതന്മാർ എല്ലാ സമയത്തും ബലിയർപ്പിച്ചിരുന്നു. രണ്ടാമത്തെ കൂടാരത്തിലാകട്ടെ, പ്രധാന പുരോഹിതൻമാത്രം ബലിയർപ്പിക്കാനുള്ള രക്തവുമായി ആണ്ടിലൊരിക്കൽമാത്രം പ്രവേശിച്ചിരുന്നു. ഇപ്രകാരമുള്ള ബലിയർപ്പണത്തിന്റെ പ്രധാന ന്യൂനത പുരോഹിതനു സ്വയമേവ ഒന്നിനെയും വിശുദ്ധീകരിക്കാൻ കഴിയില്ലെന്നതാണ്. പ്രധാനമായും മൃഗങ്ങളുടെയോ പക്ഷികളുടെയോ രക്തമോ മാംസമോ ആണ് ബലിയർപ്പണവസ്തുവായി മാറുന്നത്. ഇപ്രകാരമുള്ള മാധ്യമങ്ങൾവഴി പാപമോചനം നേടിയെടുക്കണമെന്നു ദൈവം അനുവദിച്ചിട്ടുള്ള കാര്യമായിരുന്നു.

പുതിയ ഉടമ്പടിയിലെ ബലിയിൽ ബലിവസ്തുവും ബലിയർപ്പകനും ഈശോതന്നെയായതുകൊണ്ട് മറ്റൊരു മാധ്യമം അവനാശ്യമില്ല. ബലിവസ്തുവും പുരോഹിതനും തമ്മിൽ വ്യത്യാസമില്ലാത്തതുകൊണ്ടുതന്നെ ബലിയുടെ സത്ത കാര്യക്ഷമമാക്കുകയും പൂർണമാക്കുകയും ചെയ്യുന്നു. അതാണ് പൂർണവും മനുഷ്യനിർമിതമല്ലാത്തതും സൃഷ്ടവസ്തുക്കളിൽ പെടാത്തതുമായ കൂടാരത്തിലെ ഈശോയുടെ ബലി.

സമാഗമകൂടാരത്തിന്റെ പൂർത്തീകരണമാണ് സഭ എന്നു ചിന്തിക്കാൻ കാരണം ഹെബ്രായലേഖനത്തിന്റെ ഈ താത്പര്യമാണ്. ഈശോയുടെ പൂർണതയുള്ള ബലി ഇന്ന് അർപ്പിക്കപ്പെടുന്നത് സഭയുടെ കൂടാരത്തിലാണ്. ഈശോയുടെ ബലിയുടെ മഹത്ത്വം നാം ദർശിക്കുന്നതും അതിൽ പങ്കുകൊള്ളുന്നതും സഭയിലാണ്.

**രക്ഷയ്ക്കായി സഭയിൽ ആയിരിക്കുക**


ദൈവമഹത്ത്വത്തിന്റെ ദൃശ്യസാന്നിധ്യമായിരുന്ന പഴയ ഉടമ്പടിയിലെ സമാഗമകൂടാരം, അതിന്റെ പൂർണതയിൽ സഭയായി മാറുന്നു. ദൈവമഹത്ത്വത്തിന്റെ ഏറ്റവും വലിയ സാന്നിധ്യം സ്വർഗത്തിലാണല്ലോ. സമാഗമകൂടാരത്തിലായാലും സഭയിലായാലും ദൈവമഹത്ത്വത്തിന്റെ സാന്നിധ്യം സ്വർഗരാജ്യാനുഭവം പ്രദാനം ചെയ്യുന്നു.

സഭയിൽ ഈശോയുടെ ബലിയർപ്പിക്കുകയെന്നാൽ ദൈവമഹത്ത്വത്തിൽ പങ്കുകാരാകുക എന്നാണർത്ഥം. അതിനാൽ, സഭയിൽ ആയിരിക്കുകയെന്നത് പരമപ്രധാനമാണ്. അതുകൊണ്ട് അതിനായി ആഗ്രഹിച്ചു വിവേകത്തോടെ പ്രവർത്തിക്കണമെന്ന് ഈശോയുടെ വാക്കുകൾ നമ്മെ ഓർമിപ്പിക്കുന്നു (മത്താ. 25:1–13).

ഈശോയാണ് ഏകരക്ഷകൻ എന്നും ആ രക്ഷ ഇന്നു നാമനുഭവിക്കുന്നത് സഭയിലാണെന്നും എപ്പോഴുമോർക്കുക. സ്ഥാപനവത്കരിക്കപ്പെട്ട സഭയെ അല്ല നാം ഇവിടെ വിവക്ഷിക്കുന്നത്. സ്ഥാപനങ്ങളോ കെട്ടിടങ്ങളോ അല്ല, മറിച്ച്, അവയുടെ സത്തയായിരിക്കുന്ന ആത്മീയവും അലൗകികവുമായ കൂട്ടായ്മയുടെ അവസ്ഥയാണു സഭ. ഒരേ സമയം ഭൗതികലോകത്തിൽ ദൃശ്യമാകുകയും എന്നാൽ, അപരിമേയനായ ദൈവത്തിന്റെ മഹത്ത്വം നിലനില്ക്കുന്നതുമായ അലൗകികകൂടാരമാണു സഭ. അവിടെ ദൈവപുത്രന്റെ രക്ഷാബലിയിൽ പങ്കെടുക്കുന്ന ദൈവമക്കൾ നിരന്തരം ദൈവമഹത്ത്വത്തിലായിരിക്കുന്നു.

■

**ഉദ്ദിഷ്ടകാര്യം സാധിച്ചതിന് ഉപകാരസ്മരണ**



മിശിഹായുടെ സ്നേഹിതനും വിശ്വസ്ത ദാസനുമായ വി. യൂദാശ്ലീഹായേ, ഏറ്റവും കഷ്ടപ്പെടുന്ന എനിക്കുവേണ്ടി അപേക്ഷിക്കണമേ, യാതൊരു സഹായവും ഫലസിദ്ധിയുമില്ലാത്ത സന്ദർഭത്തിൽ ഏറ്റവും ത്വരിതവും ഗോചരവുമായ സഹായം ചെയ്യുന്നതിന് അങ്ങേയ്ക്ക് വിശേഷവിധിയായി കിട്ടിയിരിക്കുന്ന അനുഗ്രഹത്തെ അങ്ങ് ഉപയോഗിക്കണമേ. എന്റെ എല്ലാ ആവശ്യങ്ങളിലും വിശിഷ്യ (ആവശ്യം പറയുക) അങ്ങേ സഹായം ഞാൻ അപേക്ഷിക്കുന്നു. ഭാഗ്യപ്പെട്ട യൂദാശ്ലീഹായേ, അങ്ങേ ഈ അനുഗ്രഹത്തെ സദാ ഓർക്കുമെന്നും അങ്ങേ സ്തുതികളെ ലോകമെങ്ങും അറിയിക്കുമെന്നും ഞാൻ വാഗ്ദാനം ചെയ്യുന്നു. ആമ്മേൻ.
(ഈ പ്രാർത്ഥന 9 പ്രാവശ്യം ചൊല്ലുക.)

**റാണി & ജോയൽ**
**പൗവ്വത്ത്, തിരുവനന്തപുരം**

# അക്ഷരമാല വിട്ടുപോയതല്ല, വിട്ടുകളഞ്ഞതാണ് !

*(6-ാം പേജ് തുടർച്ച)*

അദ്ദേഹം നർമവും ഹാസ്യവും കലർത്തിയെഴുതിയിരുന്നതിനാൽ അതിനു 'നല്ല എരിവും പുളിയും' ഉണ്ടായിരുന്നുതാനും.

**എസ്.സി.ഇ.ആർ.ടിയുടെ പ്രതികരണം**

ഈ കുറിപ്പിലെ എരിവ് സ്വല്പം ഏറിപ്പോയതുകൊണ്ടാകാം, പിറ്റേന്ന് 26-ാം തീയതി എസ്.സി.ഇ.ആർ.ടി. ഒരു പത്രക്കുറിപ്പിറക്കി. അതിങ്ങനെ: "അക്ഷരമാല ഒഴിവാക്കിയതുൾപ്പെടെ 2009 ലെ പരിഷ്കാരങ്ങൾ അന്നു വിവാദമായി. അതു പരിഹരിക്കാനാണ് 2013 ൽ പുസ്തകങ്ങളിൽ ഭേദഗതി വരുത്തിയത്. എന്നാൽ, അക്ഷരമാല ഒഴിവാക്കിയ തീരുമാനത്തിൽ അന്നും മാറ്റം വരുത്തിയില്ല. അക്ഷരം പഠിച്ചശേഷം വാക്കിലേക്കും വാക്കിൽനിന്നു വാചകത്തിലേക്കും (വാക്യമാണു ശരി) അതിൽനിന്ന് ആശയത്തിലേക്കുമാണു പണ്ടത്തെക്കാലത്തുള്ള കുട്ടികൾ പോയിരുന്നത്. എന്നാൽ, ലോകമെമ്പാടും പഴയരീതി മാറി. ഇപ്പോൾ ആശയത്തിൽനിന്നു വാക്യത്തിലേക്കും വാക്യത്തിൽനിന്നു വാക്കിലേക്കും വാക്കിൽനിന്ന് അക്ഷരത്തിലേക്കുമെന്നാണു പഠനം പുരോഗമിക്കുന്നത്. ആഗോളതലത്തിൽ പഠനരീതിയിലുണ്ടായ മാറ്റത്തിനനുസരിച്ചാണു 2005 ലെ ദേശീയ കരിക്കുലം ഫ്രെയിംവർക്കും 2007 ലെ സംസ്ഥാനകരിക്കുലം ഫ്രെയിംവർക്കും തയ്യാറാക്കിയത്. ഇതുതന്നെയാണു കഴിഞ്ഞ ഒരു പതിറ്റാണ്ടായി കേരളത്തിൽ നടപ്പാക്കിയിരിക്കുന്നത്" (മനോരമ, 2021 ഓഗസ്റ്റ് 26).

കഴിഞ്ഞ ഒരു പതിറ്റാണ്ട് എന്നുപറഞ്ഞു തലയൂരാനാണു എസ്.സി.ഇ.ആർ.ടി. ശ്രമിക്കുന്നത്. ഒരു പതിറ്റാണ്ടല്ല, രണ്ടരപ്പതിറ്റാണ്ടായി എന്നതാണു ചരിത്രയാഥാർത്ഥ്യം. 2005 ലെയും 2007 ലെയും കരിക്കുലം ഫ്രെയിംവർക്കിന്റെ കാര്യം എസ്.സി.ഇ.ആർ.ടി. തന്നെ പറയുന്നുണ്ടല്ലോ. അപ്പോൾ ഒരു പതിറ്റാണ്ടല്ല എന്നു വ്യക്തം. യഥാർത്ഥത്തിൽ 1996-98 കാലഘട്ടത്തിൽ ഡി.പി.ഇ.പി. സംവിധാനം ഏർപ്പെടുത്തുമ്പോൾമുതൽ തുടങ്ങിയതാണ് ഈ അക്ഷരവിരോധം! ആ കാലഘട്ടത്തിലെ പ്രൈമറിസ്കൂൾ അധ്യാപകരുമായി നടത്തിയ ഇന്റർവ്യൂവിൽ അവർ പറയുന്നത്, അന്ന് അക്ഷരപഠനം ശിക്ഷാർഹമായിരുന്നു എന്നാണ്. കേട്ടെഴുത്ത്, പകർത്തെഴുത്ത് മുതലായവ പാടില്ലായിരുന്നു. കവിതയും മറ്റും കാണാപ്പാഠം പഠിപ്പിക്കാൻ പാടില്ലെന്നും നിർദേശമുണ്ടായിരുന്നു. സൂപ്പർവൈസേഴ്സ് വന്നിരുന്നത് അക്ഷരം പഠിപ്പിക്കുന്നുണ്ടോ എന്നു പരിശോധിക്കാനായിരുന്നു പോലും!

എസ്.സി.ഇ.ആർ.ടിയുടെ ഈ പത്രക്കുറിപ്പിലൂടെ, രണ്ടരപ്പതിറ്റാണ്ടായി അമ്മമലയാളം സഹിക്കേണ്ടിവന്നിട്ടുള്ള പീഡനപരമ്പരയുടെ ചുരുളഴിയുന്നുണ്ട്. ഇടതും വലതുമായ സർക്കാരുകൾ മാറിമാറി കേരളം ഭരിച്ചു; അവർ മലയാളഭാഷയെ ഇരുട്ടിലാക്കി! അക്കാലയളവിൽ വിദ്യാഭ്യാസവകുപ്പ് കൈകാര്യം ചെയ്തവരുടെ നീണ്ടനിര ഇങ്ങനെ: ശ്രീ പി.ജെ. ജോസഫ് (1996-2001), ശ്രീ നാലകത്ത് സൂപ്പി (2001-2004), ശ്രീ എം.എ. ബേബി (2004-2011), ശ്രീ പി.കെ. അബ്ദുറബ്ബ് (2011-2016), പ്രൊഫ. സി. രവീന്ദ്രനാഥ് (2016-2021), ശ്രീ വി. ശിവൻകുട്ടി (2021...) അക്ഷരമാല പാഠപുസ്തകത്തിൽനിന്നൊഴിവാക്കിയവരും ആ അവസ്ഥ തുടർന്നവരുമാണിവർ. ശരിയായ ആലോചനയില്ലാതെ അവർ നടപ്പാക്കിയ പരിഷ്കരണമാണു ഭാഷയെ വികലമാക്കിയതെന്നു ജനം തിരിച്ചറിഞ്ഞു പ്രതികരിക്കാൻ തുടങ്ങിയപ്പോഴാണ് അതിന്റെ ഉത്തരവാദിത്വം ഭരണപ്രതിപക്ഷങ്ങൾ പരസ്പരം ആരോപിക്കാൻ തുടങ്ങിയത്. അതാണ് എസ്.സി.ഇ.ആർ.ടിയുടെ പത്രക്കുറിപ്പിലൂടെ പുറത്തുവന്നത്.

**'റൈറ്റേഴ്സ് ഫോറം'**

മാതൃഭാഷാപോഷകസന്നദ്ധസമിതിയുമായിച്ചേർന്നു പ്രവർത്തിച്ചിരുന്ന ഒരു പ്രസ്ഥാനമാണു നെടുമുടി 'റൈറ്റേഴ്സ് ഫോറം'. അവരും സർക്കാരിനു നിവേദനങ്ങൾ സമർപ്പിച്ചിരുന്നു. അതിനും പുറമേ, റൈറ്റേഴ്സ് ഫോറം പ്രസിഡന്റ് ഡോ. ജെ.കെ.എസ്. വീട്ടൂർ തന്റെ സുഹൃത്തുകൂടിയായ ചീഫ് സെക്രട്ടറി ഡോ. വി. പി. ജോയിയുടെ ശ്രദ്ധയിൽ വിഷയം അവതരിപ്പിക്കുകയും ചീഫ് സെക്രട്ടറി നേരിട്ടു ബഹു. മുഖ്യമന്ത്രിയെ വിവരം ധരിപ്പിക്കുകയും ചെയ്തു. അതോടെ അക്ഷരസമരത്തിനു പുതിയ ഒരു മാനം കൈവന്നു. അങ്ങനെയാണ് 'ഭാഷാമാർഗനിർദേശകവിദഗ്ധസമിതി' നിലവിൽ വന്നത്. ചീഫ് സെക്രട്ടറിതന്നെ അധ്യക്ഷനായുള്ള പതിമൂന്നംഗസമിതിയിലെ അംഗങ്ങൾ ഡോ. ടി.ബി. വേണുഗോപാലപ്പണിക്കർ, ഡോ. വി. ആർ. പ്രബോധചന്ദ്രൻനായർ, ഡോ. ചാത്തനാത്ത് അച്യുതനുണ്ണി, ഡോ. പി. സോമൻ, പ്രൊഫ. വി. മധുസൂദനൻനായർ, ഡോ. അനിൽ വള്ളത്തോൾ, ശ്രീ ചാക്കോ സി. പൊരിയത്ത്, ഡോ. എൻ.പി. ഉണ്ണി, ഡോ.എച്ച്. പൂർണിമ, ശ്രീ എൻ. ജയകൃഷ്ണൻ, ഡോ. ആർ. ശിവകുമാർ എന്നിവരാണ്. സമിതിയുടെ ആദ്യസമ്മേളനത്തിൽ പ്രഥമപരിഗണനയ്ക്കെടുത്തത് അക്ഷരമാലപ്രശ്നംതന്നെയായിരുന്നു. സമിതിയുടെ ആദ്യനിർദേശംതന്നെ പാഠാവലിയിൽ അക്ഷരമാല ചേർക്കണമെന്നതുമായിരുന്നു. ഈ നിർദ്ദേശം ഐകകണ്ഠ്യേനയാണു പാസായത്.

**സമരക്കളത്തിൽ അർജുനൻ**

പ്രബോധചന്ദ്രൻസാറിനെപ്പോലെ ഇത്ര പ്രഗല്ഭനായ ഒരാൾ നോക്കിയിട്ടുപോലും ലക്ഷ്യം കാണാനാവാതെ പകച്ചുനിന്നപ്പോൾ, 'നിലവാരമുള്ള' ചാനൽച്ചർച്ചകളിൽ നിറസാന്നിധ്യവും ഭാഷാപണ്ഡിതനും സാംസ്കാരികനായകനുമായ ശ്രീ എം. എൻ. കാരശ്ശേരിമാഷിന്റെ ചിത്രം ഒരു വെളിപാടുപോലെ എന്റെ മുമ്പിൽ തെളിഞ്ഞു. പ്രബോധചന്ദ്രൻസാറുമായി ബന്ധപ്പെട്ടപ്പോൾ ലഭിച്ച പിൻബലം മനസ്സിൽ ധ്യാനിച്ചുകൊണ്ട് കാരശ്ശേരിമാഷിന്റെ ഫോൺനമ്പർ സംഘടിപ്പിച്ച് ഞാനദ്ദേഹത്തെ വിളിച്ചു. അക്ഷരമാല പാഠപുസ്തകത്തിലില്ല എന്നു പറഞ്ഞപ്പോൾ അദ്ദേഹവും ഞെട്ടിപ്പോയി! 'ഇല്ലെന്നുറപ്പാണോ' എന്ന് അദ്ദേഹം തിരിച്ചും മറിച്ചും ചോദിച്ചു. ഉറപ്പാണെന്ന് ഞാൻ ഉറപ്പിച്ചു പറഞ്ഞു. 'ശരി നോക്കട്ടെ' എന്നു പറഞ്ഞ് ഞങ്ങൾ ഫോൺ സംഭാഷണം അവസാനിപ്പിച്ചു.

**'മായരുത് മലയാളം'**

കുരുക്ഷേത്രയുദ്ധത്തിലെ അർജുനനെപ്പോലെ കാരശ്ശേരിമാഷ് കളത്തിലിറങ്ങി...! നവംബർ ഒന്നാം തീയതി 'വിദ്യാഭ്യാസമന്ത്രി വായിച്ചറിയാൻ' എന്ന തലക്കെട്ടിൽ അദ്ദേഹം ശക്തമായ ലേഖനം മാതൃഭൂമിയിൽ എഴുതി. 'അക്ഷരമാല പാഠാവലിയിൽ ചേർത്തേ തീരൂ...' എന്ന തലക്കെട്ടിൽ ഞാനും മാതൃഭൂമിയിൽ ഒരു ലേഖനം എഴുതി. തുടർന്നിങ്ങോട്ടു ലേഖനപരമ്പരതന്നെ മാതൃഭൂമിയുടെ എഡി



റ്റോറിയൽ പേജിൽ വന്നു. ഡോ. വി. ആർ. പ്രബോധചന്ദ്രൻ നായർ, ഡോ. ടി.ബി. വേണുഗോപാലപ്പണിക്കർ, ഡോ. എം.ആർ. രാഘവവാര്യർ, ശ്രീ രാജൻ ചെറുക്കാട് മുതലായ ഉന്നതന്മാരുടെ ഈടുറ്റതും അക്ഷരമാല അപ്രത്യക്ഷമായതിലുള്ള അമർഷം തുളുമ്പുന്നതുമായ ലേഖനങ്ങളായിരുന്നു അവ. കേരളം മുഴുവൻ ഈ വിഷയം ചർച്ച ചെയ്യാൻ തുടങ്ങി. അതോടെ വലിയ പ്രതീക്ഷയിലായി ഞാൻ.

**ആന്റിക്ലൈമാക്സ്**

അപ്പോഴിതാ, ഒരു രാത്രി കാരശ്ശേരിമാഷിന്റെ ഫോൺ! അട്ടിമറിക്കുള്ള സാധ്യതകൾ ഉണ്ടെന്നും പറഞ്ഞാണ് അദ്ദേഹം എന്നെ വിളിച്ചത്. അദ്ദേഹം ചോദിച്ചു, തിരുവനന്തപുരത്തു സെക്രട്ടറിയേറ്റിന്റെ മുമ്പിൽ സമരമിരിക്കാമോ എന്ന്! എഴുപത്താറു കഴിഞ്ഞ ഈ കിഴവന് ഇനി അങ്ങനെയൊരു സാഹസത്തിനു മുതിരാൻ പറ്റില്ല എന്നു ഞാൻ പറഞ്ഞു. എങ്കിൽ, കേസിനുപോകാമോ എന്നായിരുന്നു മാഷിന്റെ അടുത്ത ചോദ്യം. അതും പറ്റില്ല എന്നു ഞാൻ പറഞ്ഞു. എങ്കിലും, അക്ഷരസമരത്തിൽ സജീവമായി ഇടപെട്ടുകൊണ്ടിരുന്ന റൈറ്റേഴ്സ് ഫോറം പ്രസിഡന്റ് ഡോ. ജെ.കെ.എസ്. വീട്ടൂരിനോട് കേസിനു പോകുന്ന കാര്യം ഞാൻ പറഞ്ഞു. പാതിരാകഴിഞ്ഞും രോഗികളെ പരിചരിക്കുന്ന ആ ഭാഷാസ്നേഹി അതിനു സന്നദ്ധത അറിയിച്ചു. അദ്ദേഹം ഒരു കേസ് ഫയൽ ചെയ്യുകയും ചെയ്തു!

**ക്ലൈമാക്സ്**

ഇതിനിടെ, അസംബ്ലിയിൽ പൂഞ്ഞാർ എം.എൽ.എ. ശ്രീ സെബാസ്റ്റ്യൻ കുളത്തിങ്കൽ ശ്രദ്ധക്ഷണിക്കൽപ്രമേയത്തിലൂടെ, അക്ഷരമാല പാഠാവലിയിലില്ല എന്ന വിവരം അസംബ്ലിയംഗങ്ങളുടെ ശ്രദ്ധയിൽ കൊണ്ടുവന്നു. പതിവിനു വിരുദ്ധമായി, ഭരണപ്രതിപക്ഷാംഗങ്ങൾ ഇക്കാര്യത്തിൽ യോജിപ്പു പ്രകടിപ്പിച്ചു. വിദ്യാഭ്യാസമന്ത്രി ശ്രീ ശിവൻകുട്ടി അക്ഷരമാല പാഠപുസ്തകത്തിൽ ചേർക്കുന്നതിനുള്ള തീരുമാനം അസംബ്ലിയിൽ അറിയിച്ചു! കൂടാതെ, ഫോണിലൂടെ കാരശ്ശേരിമാഷിനെ മന്ത്രി വിവരം അറിയിക്കുകയും ചെയ്തു. അപ്പോൾത്തന്നെ, അദ്ദേഹം എന്നെ ഫോണിൽ വിളിച്ച് സന്തോഷവാർത്ത അറിയിച്ചു...! പിറ്റേന്ന്, എല്ലാ പത്രങ്ങളിലും ഈ വാർത്ത വെണ്ടക്ക അക്ഷരത്തിൽ വന്നു! കേരളത്തിലാകമാനം സന്തോഷം തിരതല്ലി. അഭിനന്ദനങ്ങളും നന്ദിയും അറിയിച്ചുകൊണ്ടുള്ള ഫോൺവിളികളും വന്നു. 'ശിവൻകുട്ടിക്കു ബിഗ്സല്യൂട്ട്' എന്ന തലക്കെട്ടിൽ ഞാനൊരു ലേഖനവും എഴുതി. അതിനുംപുറമേ, മാതൃഭാഷാപോഷകസന്നദ്ധസമിതിയംഗങ്ങളായ ഡോ. ഡേവിസ് സേവ്യർ, ഡി. ശ്രീദേവി, ഡോ. അലക്സ് ജോർജ്, ജോമോൻ തിടനാട് എന്നിവരെയുംകൂട്ടി ഞാൻ തിരുവനന്തപുരത്തെത്തി പൊതുവിദ്യാഭ്യാസമന്ത്രി ശ്രീ ശിവൻകുട്ടിക്കും ജലവിഭവവകുപ്പുമന്ത്രി ശ്രീ റോഷി അഗസ്റ്റിനും നന്ദിയും സന്തോഷവും അറിയിച്ചു. പാലായിൽ നടപ്പാക്കിയ പ്രൈമറിതല സമഗ്രസാക്ഷരതാപദ്ധതിയുടെ ചിത്രീകരണവും സമർപ്പിച്ചു.

**സൂപ്പർ ക്ലൈമാക്സ്!**

'സൂപ്പർ ക്ലൈമാക്സ്' എന്നൊന്നു നാട്യശാസ്ത്രത്തിൽ കാണുകയില്ല. എന്നാൽ, അക്ഷരസമരത്തിൽ അങ്ങനെയൊന്നുണ്ടായി. 2021 നവംബർ 18 ന് വിദ്യാഭ്യാസമന്ത്രി നിയമസഭയിൽ പറഞ്ഞത് അടുത്ത അധ്യയനവർഷം അക്ഷരമാല പാഠപുസ്തകത്തിൽ വരുമെന്നായിരുന്നു. പക്ഷേ, പാഠപുസ്തകം തയ്യാറാക്കുന്നത് എസ്.സി.ഇ.ആർ.ടി.യാണ്. അക്ഷരമാല പാഠപുസ്തകത്തിൽനിന്നു നീക്കം ചെയ്തവരുടെ പിൻമുറക്കാർ അതിനുള്ളിലുണ്ട് എന്നതു പരസ്യമായ രഹസ്യമാണ്. നീക്കം ചെയ്യപ്പെട്ട അക്ഷരമാല വീണ്ടും കൊണ്ടുവരികയെന്നത് അവർക്കുൾക്കൊള്ളാൻ പറ്റുന്ന കാര്യമല്ല. അതുകൊണ്ട്, അതിനു തടയിടാനുള്ള മാർഗങ്ങൾ ആരായുക സ്വാഭാവികംമാത്രം! അവർ പതിവിൻപടി 'മെല്ലെപ്പോക്ക്' നയം സ്വീകരിച്ചു!

മന്ത്രിയുടെ പ്രഖ്യാപനം വന്നു മാസങ്ങൾ കഴിഞ്ഞിട്ടും അനക്കമൊന്നും കാണുന്നില്ലല്ലോ എന്നോർത്തിരുന്നപ്പോൾ എസ്.സി.ഇ.ആർ.ടിയുടെ ഒരു പത്രക്കുറിപ്പുവന്നു, പുതിയ അധ്യയനവർഷത്തേക്കുള്ള പാഠപുസ്തകങ്ങളുടെ അച്ചടി പൂർത്തിയായിരിക്കുന്നു! പുതിയ പാഠപുസ്തകത്തിൽ ഉൾപ്പെടുത്തിയ അക്ഷരമാല കാണാൻ ആകാംക്ഷയോടെ കാത്തിരുന്ന ഞാൻ എസ്.സി.ഇ.ആർ.ടി.ഡയറക്ടറുമായി ബന്ധപ്പെട്ടപ്പോൾ, 'ഇല്ല' എന്ന ഒറ്റവാക്കിൽ മറുപടി കിട്ടി. മന്ത്രി നിയമസഭയിൽ പറഞ്ഞിരുന്നല്ലോ എന്നു പറഞ്ഞപ്പോൾ, 'പാഠപുസ്തകം പരിഷ്കരിക്കുമ്പോൾ' എന്നായിരുന്നു മറുപടി. പരിഷ്കരണപരിപാടി ആരംഭിച്ചുവെന്ന കാര്യം 05/08/2021 ൽ എനിക്കു നല്കിയ മറുപടിയിൽ പറഞ്ഞിരുന്നല്ലോ എന്നു ഞാൻ പറഞ്ഞത് അദ്ദേഹത്തെ ചൊടിപ്പിച്ചു. 'അപ്പം ചുട്ടെടുക്കുന്നതുപോലെയല്ല പാഠപുസ്തകം തയ്യാറാക്കുന്നത്' എന്ന പരിഹാസവും കേൾക്കേണ്ടിവന്നു. അതിനു രണ്ടുമൂന്നുവർഷമെങ്കിലുമെടുക്കും എന്നുകൂടി പറഞ്ഞു. അങ്ങനെ, 2022 ലെ പാഠപുസ്തകത്തിലും അക്ഷരമാല 'ഔട്ട്'!

'അക്ഷരമാല...വീണ്ടും അട്ടിമറി', 'അക്ഷരമാലപ്രശ്നത്തിൽ മുഖ്യമന്ത്രി ഇടപെടണം' എന്നിങ്ങനെയുള്ള തലക്കെട്ടുകളിൽ ഞാൻ ലേഖനങ്ങളെഴുതി. ഭാഷാമാർഗനിർദേശകവിദഗ്ധസമിതിയംഗങ്ങളായ പ്രബോധചന്ദ്രൻസാർ, ചാക്കോ സി. പൊരിയത്ത്, സർക്കാരിന്റെ ഭാഷാവിദഗ്ധൻ ഡോ. ആർ. ശിവകുമാർ എന്നിവരുമായി ഞാൻ നിരന്തരം സമ്പർക്കത്തിലേർപ്പെട്ടിരുന്നതിനാൽ വിവരങ്ങൾ അപ്പപ്പോൾ അവരെ അറിയിച്ചുകൊണ്ടാണിരുന്നത്. അവർവഴി ചീഫ് സെക്രട്ടറിയും വിവരങ്ങൾ അറിഞ്ഞിരുന്നു. അതിനും പുറമേ, മാതൃഭാഷാപോഷകസന്നദ്ധസമിതിയംഗങ്ങളും ഞാനും കൂടി വീണ്ടും മന്ത്രി ശിവൻകുട്ടിയെ നേരിൽക്കണ്ടു സംസാരിച്ചു; മന്ത്രി റോഷി അഗസ്റ്റിന്റെ സാന്നിധ്യത്തിലായിരുന്നു ഇത്തവണയും മന്ത്രിയെ കണ്ടത്. ഉറപ്പായും അക്ഷരമാല ഈ അധ്യയനവർഷംതന്നെ പാഠപുസ്തകത്തിൽ വരുമെന്ന് മന്ത്രി ഉറപ്പുതന്നു. കൂടാതെ, മന്ത്രി പത്രക്കുറിപ്പും ഇറക്കി. രണ്ടാംപാഠത്തിന്റെ രണ്ടാംഭാഗത്തിലും ഒന്നാം പാഠത്തിന്റെ മൂന്നാംഭാഗത്തിലും അക്ഷരമാല ചേർക്കുമെന്നായിരുന്നു പത്രക്കുറിപ്പിൽ.

**സാഹിത്യസാംസ്കാരിക നായക അക്ഷരസമരം!**

ഇത്രയുമായപ്പോൾ ഒരു 'പുകിലു'ണ്ടായി. 2022 ജൂൺ രണ്ടാംവാരത്തിലായിരുന്നു അത്. പുകിലിന്റെ പത്രവാർത്ത ഇങ്ങനെ: "സ്കൂൾപാഠപുസ്തകങ്ങളിൽ അക്ഷരമാല ചേർക്കണമെന്നും അക്ഷരബോധനം പുനരാരംഭിക്കണമെന്നും ആവശ്യപ്പെട്ട് സാഹിത്യ-സാംസ്കാരികനായകർ മുഖ്യമന്ത്രിക്കു കത്തയച്ചു." പതിമൂന്നു പേരുടെ പേരും പത്രത്തിലുണ്ടായിരുന്നു. മറ്റൊരു വാർത്ത: "സാഹിത്യ-സാംസ്കാരികനായകന്മാർ സെക്രട്ടറിയേറ്റ് നടയിൽ അക്ഷരമാല പഠനസമരം നടത്തുകയും പൊതുവിദ്യാഭ്യാസമന്ത്രിക്കു നിവേദനം സമർപ്പിക്കുകയും ചെയ്തു." ഒമ്പതുപേരുടെ പേരും ചേർത്തിരുന്നു. അങ്ങനെ 23 സാഹിത്യ-സാംസ്കാരികനായകർ 'അവസര'ത്തിനൊത്തുയർന്നു! അവർ അക്ഷരസമരം നയിച്ചു! Success has many fathers and failure is an orphan" എന്ന ചൊല്ല് അന്വർത്ഥമായി!

വിദ്യാഭ്യാസമന്ത്രി നേരിട്ടു നല്കിയ ഉറപ്പിന്റെ അടിസ്ഥാനത്തിൽ 2022 ജൂലൈ 26-ാം തീയതി പാലാ സെന്റ് തോമസ് ട്രെയിനിങ് കോളജിൽ പാലാ കോർപ്പറേറ്റ് എജ്യൂക്കേഷണൽ ഏജൻസിയുടെ കീഴിലുള്ള എൽ.പി., യു.പി., എച്ച്.എസ്. വിഭാഗത്തിൽപ്പെട്ട എല്ലാ പ്രഥമാധ്യാപകരെയും അധ്യാപകവിദ്യാർത്ഥികളെയും പങ്കെടുപ്പിച്ചുകൊണ്ട് പാലാ രൂപതാധ്യക്ഷൻ മാർ ജോസഫ് കല്ലറങ്ങാട്ടിന്റെ അധ്യക്ഷതയിൽ ചേർന്ന പ്രൗഢഗംഭീരമായ സദസ്സിൽ ബഹു. മന്ത്രി ശ്രീ വി. ശിവൻകുട്ടിക്കും ജലവിഭവവകുപ്പുമന്ത്രി ശ്രീ റോഷി അഗസ്റ്റിനും സ്വീകരണം നല്കുകയും നന്ദിസൂചകമായ പുരസ്കാരം സമർപ്പിക്കുകയും ചെയ്തു. പ്രസ്തുത സമ്മേളനത്തിൽ പാഠപുസ്തകത്തിൽ ചേർക്കാൻപോകുന്ന ഭാഷാമാർഗനിർദേശകവിദഗ്ധസമിതി അംഗീകരിച്ച വർണാഭമായ അക്ഷരമാലച്ചാർട്ട് പ്രദർശിപ്പിച്ചുകൊണ്ട് മന്ത്രി ശിവൻകുട്ടി സദസ്യരുടെ കൈയടി നേടി! രണ്ടരപ്പതിറ്റാണ്ടായി പാഠാവലിയിൽനിന്ന് അപ്രത്യക്ഷമായ അക്ഷരമാല പുനഃപ്രതിഷ്ഠിച്ചുകൊണ്ട് ബഹു. വിദ്യാഭ്യാസവകുപ്പുമന്ത്രി ശ്രീ വി. ശിവൻകുട്ടി മലയാളഭാഷാചരിത്രം തിരുത്തിക്കുറിച്ചു!

■

# അവിസ്മരണീയമായ ഒരു കൂടിക്കാഴ്ച

**1978 മുതൽ 2005 വരെ കത്തോലിക്കാസഭയിൽ വി. പത്രോസ് ശ്ലീഹായുടെ പിൻഗാമിയായി ശുശ്രൂഷ ചെയ്ത വി. ജോൺപോൾ രണ്ടാമൻ മാർപാപ്പായുടെ തിരുനാൾ ആണ്ടുതോറും ഒക്ടോബർ 22 ന് ആചരിക്കാനാണ് തിരുസ്സഭ നിശ്ചയിച്ചിരിക്കുന്നത്. അദ്ദേഹം മാർപാപ്പായായി ഔദ്യോഗികമായി സ്ഥാനമേറ്റ സുദിനമാണ് 1978 ഒക്ടോബർ 22.**



**ഫാ. കുര്യാക്കോസ് നരിതൂക്കിൽ**

1993 ഒക്ടോബർ മാസം പതിനാറാം തീയതി ജോൺ പോൾ രണ്ടാമൻ മാർപാപ്പാ തന്റെ സ്വകാര്യലൈബ്രറിയിൽ പ്രശസ്ത റഷ്യൻ സാഹിത്യകാരനായ അലക്സാണ്ടർ സോൾസെനിറ്റ്സിനെ സ്വീകരിച്ചു സുദീർഘമായ സംഭാഷണത്തിൽ ഏർപ്പെട്ടു. സോവ്യറ്റ് ബ്ലോക്കിൽപ്പെട്ട പോളണ്ടിൽനിന്നുള്ള കർദിനാൾ കരോൾ വൊയ്റ്റിവാ 1978 ഒക്ടോബർ മാസം 16-ാം തീയതി മാർപാപ്പായായി തിരഞ്ഞെടുക്കപ്പെട്ടപ്പോൾ ഇത് ദൈവത്തിൽനിന്നുള്ള സമ്മാനമെന്നും ഇരുപതാംനൂറ്റാണ്ടിൽ നടന്ന ഏറ്റവും ശുഭകരമായ സംഭവമെന്നുമാണ് അലക്സാണ്ടർ സോൾസെനിറ്റ്സിൻ പ്രതികരിച്ചത്. ജോൺ പോൾ രണ്ടാമൻ പാപ്പാ ആയി തിരഞ്ഞെടുക്കപ്പെട്ടതിന്റെ പതിനഞ്ചാംവാർഷികദിനത്തിലാണ് ഈ കൂടിക്കാഴ്ച നടന്നത്.

### ആകസ്മികം അപ്രതീക്ഷിതം

പോൾ ആറാമൻ പാപ്പായുടെ പിൻഗാമിയായി സ്ഥാനമേറ്റ് 33-ാം ദിവസം, 1978 സെപ്റ്റംബർ 28-ാം തീയതി ജോൺപോൾ ഒന്നാമൻ നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ടു. തീർത്തും ആകസ്മികമായ ഈ സംഭവത്തിനുശേഷം ഒക്ടോബർ മാസത്തിൽ ചേർന്ന കോൺക്ലേവിൽവച്ച് വളരെ അപ്രതീക്ഷിതമായി ഇറ്റലിക്കാരനല്ലാത്ത കാർഡിനൽ കരോൾ വെയ്റ്റിവാ തിരഞ്ഞെടുക്കപ്പെട്ടു.

ഈ തിരഞ്ഞെടുപ്പിൽ വളരെയധികം അന്ധാളിച്ചത് പോളണ്ടിലെ കമ്യൂണിസ്റ്റുഭരണകൂടമാണ്. പോളിഷ് ജനതയുടെ ആഹ്ലാദപ്രകടനങ്ങൾക്കുമുമ്പിൽ പ്രധാനമന്ത്രി എഡ്‌വേർഡ് ഗീരെക് പരിഭ്രാന്തനായി. ക്രെംലിനിൽ ലിയനോയിഡ് ബ്രഷ്നേവ് ശരിക്കും അപകടം മണത്തു. അദ്ദേഹം ഏറെ അസ്വസ്ഥനായി. ഈ അസ്വസ്ഥതയാണ് 1981 മേയ് 13-ാം തീയതി വത്തിക്കാൻ ചത്വരത്തിൽ പാപ്പായുടെ നേരേ വെടിയുതിർത്ത മുഹമ്മദ് അലി അഗ്ക എന്ന കൊലയാളിയുടെ കൈയിൽ തോക്കുപിടിപ്പിച്ചത്. അയാൾ ഒറ്റയ്ക്കല്ലെന്നും പിന്നിൽ ഗൂഢാലോചന ഉണ്ടായിരുന്നുവെന്നും കേസിൽ വിധി പറഞ്ഞ ഇറ്റാലിയൻ മജിസ്ട്രേറ്റ് നിരീക്ഷിച്ചിട്ടുണ്ട്.

സോവ്യറ്റ് യൂണിയന്റെ രഹസ്യാന്വേഷണവിഭാഗമായ കെ.ജി.ബി. നേരിട്ടല്ല, ബൾഗേറിയൻ രഹസ്യപ്പോലീസ്‌വഴിയാണ് ഈ ഹീനകൃത്യം ചെയ്തതെന്നു കരുതുന്നവരുമുണ്ട്.



*റഷ്യൻ സാഹിത്യകാരനായ അലക്സാണ്ടർ സോൾസെനിറ്റ്സിൻ വി. ജോൺ പോൾ രണ്ടാമൻ മാർപാപ്പായോടൊപ്പം (ഫയൽച്ചിത്രം)*

### മുന്നറിയിപ്പ്

ദീർഘകാലം ഫ്രഞ്ച് രഹസ്യാന്വേഷണവിഭാഗത്തെ വളരെ പ്രഗല്ഭമായി നയിച്ച അലക്സാണ്ടർ ദ് മറാൻഷുമായി മുഖാമുഖം നടത്തി ക്രിസ്റ്റീൻ ഒക്കറാൻ എന്ന ഫ്രഞ്ച് ജേർണലിസ്റ്റ് 1986 ൽ പ്രസിദ്ധീകരിച്ച പുസ്തകത്തിൽ ഈ വധശ്രമത്തെപ്പറ്റി പ്രതിപാദിക്കുന്നുണ്ട്. അലക്സാണ്ടർ മറാൻഷിന്റെ വാക്കുകൾ ഇപ്രകാരമാണ്: "പാപ്പായ്ക്കു നേരേ വധശ്രമം ഉണ്ടാകുമെന്ന് എനിക്കറിയാമായിരുന്നു. അങ്ങനെ ഒരു മുന്നറിയിപ്പ് എനിക്കു ലഭിച്ചിരുന്നു."

അത് അദ്ദേഹത്തിനു മൂന്നു കാരണങ്ങളാൽ വിശ്വാസയോഗ്യമായിത്തോന്നി.

1. ഇരുമ്പുമറയ്ക്കു പിന്നിലുള്ള ഒരു രാജ്യത്തുനിന്നുവരുന്ന ജോൺ പോൾ രണ്ടാമന് സോവ്യറ്റ് യൂണിയന്റെയും മറ്റു കിഴക്കൻ യൂറോപ്യൻ രാജ്യങ്ങളുടെയും തന്ത്രങ്ങളും നുണപ്രചാരണങ്ങളും വേഗം മനസ്സിലാകും.

2. മാർക്സിസ്റ്റ് അനുകൂല കത്തോലിക്കാവൈദികരെയും വിമോചനദൈവശാസ്ത്രംപോലുള്ള പ്രസ്ഥാനങ്ങളെയും അദ്ദേഹം നിയന്ത്രിക്കും.

3. മാർക്സിസ്റ്റ് വിരുദ്ധ സ്ലാവ് വംശജനായ ഈ മാർപാപ്പായെ ഇല്ലായ്മ ചെയ്താൽ കമ്മ്യൂണിസത്തിന്റെ ഉള്ളുകളികൾ പിടികിട്ടില്ലാത്ത ഒരിറ്റാലിയൻ, പാപ്പായായി തിരഞ്ഞെടുക്കപ്പെടും.

ആകയാൽ, ഈ രഹസ്യാന്വേഷണവിഭാഗത്തിന്റെ തലവൻ 1981 ൽ അദ്ദേഹത്തിന്റെ ഒരു സഹപ്രവർത്തകനെയും ഒരു ഫ്രഞ്ചു മെത്രാനെയും വത്തിക്കാനിലേക്ക് അയച്ചു. അവർ വിവരങ്ങൾ പാപ്പായെ ധരിപ്പിച്ചു.

പാപ്പായുടെ ജീവനു സംരക്ഷണം നൽകേണ്ടത് ഇറ്റാലിയൻ പോലീസാണ്. വത്തിക്കാൻ ഈ രഹസ്യവിവരം അവർക്കു കൈമാറിക്കാണും. എന്നിട്ടും നിർഭാഗ്യവശാൽ ഈ വധശ്രമം തടയാനായില്ല.

ഭാഗികമായെങ്കിലും ആരോഗ്യവും ഊർജസ്വലതയും വീണ്ടെടുത്ത ജോൺപോൾ രണ്ടാമൻ നിർഭയം തന്റെ ശുശ്രൂഷയും അപ്പസ്തോലികയാത്രകളും തുടർന്നു. മനുഷ്യവ്യക്തിയുടെ സ്വാതന്ത്ര്യവും അന്തസ്സും ഉയർത്തിപ്പിടിക്കുകയും ദൈവവിശ്വാസം അനിഷേധ്യസത്യമാണെന്നും നിരീശ്വരപ്രത്യയശാസ്ത്രങ്ങൾ വരുത്തിവച്ച ക്രൂരതകൾ ഓർമിപ്പിച്ചുകൊണ്ടും നിരന്തരം ഉദ്ബോധനങ്ങൾ നടത്തിപ്പോന്നു.

### സോവ്യറ്റ്സാമ്രാജ്യത്തിന്റെ പതനം

അവിശ്വസനീയമായ വേഗത്തിലാണ് സോവ്യറ്റ് ബ്ലോക്കിന്റെ പതനം അരങ്ങേറിയത്. 1962 മുതൽ സോവ്യറ്റ് കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ പ്രഥമസെക്രട്ടറിയും രാജ്യത്തിന്റെ സ്വേച്ഛാധിപതിയുമായിരുന്ന ബ്രഷ്നേവ് 1982 നവംബർ മാസം പത്താംതീയതി ചരമമടഞ്ഞു. തുടർന്നു വന്ന കെ.ജി.ബിയുടെ മുൻ അധ്യക്ഷൻ യൂറി ആന്ദ്രോപ്പോവ് 1984 ഫെബ്രുവരിയിൽ നിര്യാതനായി. അദ്ദേഹത്തിന്റെ പിൻഗാമി ചെർണങ്കോ കഷ്ടിച്ച് ഒരു കൊല്ലമേ ഭരിച്ചുള്ളൂ. അദ്ദേഹം 1985 മാർച്ചുമാസത്തിൽ ഇഹലോകവാസം വെടിഞ്ഞു. തുടർന്നുവന്നത് മിഖായേൽ ഗൊർബച്ചേവാണ്. അദ്ദേഹം അടിച്ചമർത്തലിന്റെയും പട്ടാള ഇടപെടലുകളുടെയും കാലം അവസാനിപ്പിച്ചു. സോവ്യറ്റ് യൂണിയന്റെ ഉപഗ്രഹരാജ്യങ്ങളും വിവിധ സംസ്ഥാനങ്ങളും ഓരോന്നോരോന്നായി സ്വാതന്ത്ര്യം പ്രഖ്യാപിച്ചു. ബർലിൻ മതിൽ സ്വാതന്ത്ര്യപ്രേമികൾ നിലംപരിശാക്കി. 1991 ഓടെ സോവ്യറ്റ് സാമ്രാജ്യം നാമാവശേഷമായി.

ഗൊർബച്ചേവുതന്നെ ജോൺ പോൾ രണ്ടാമൻ മാർപാപ്പാ ഇതിനു വഹിച്ച പങ്ക് അംഗീകരിച്ചുകൊണ്ടു പറഞ്ഞത് ഇപ്രകാരമാണ്: "കിഴക്കൻ യൂറോപ്പിൽ സംഭവിച്ച കാര്യങ്ങൾ ഈ മാർപാപ്പായുടെ ഇടപെടലുകളിലൂടെയാണു സംഭവിച്ചതെന്നതു തീർച്ചയാണ്." ഈ പ്രസ്താവന മാർപാപ്പായുടെ ശ്രദ്ധയിൽപ്പെടുത്തിയപ്പോൾ, 'ഗൊർബച്ചേവ് അല്ലേലും സത്യസന്ധനാണെന്നു തനിക്കറിയാ'മെന്ന നർമം കലർന്ന മറുപടിയാണ് അദ്ദേഹം നൽകിയത്. തന്റെ പങ്കിനെ ജോൺപോൾ രണ്ടാമൻ ഒരിക്കലും എടുത്തുകാണിച്ചിരുന്നില്ല.

കമ്മ്യൂണിസത്തിന്റെ പതനകാരണം കമ്മ്യൂണിസംതന്നെയാണെന്നാണ് അദ്ദേഹം പറഞ്ഞിരുന്നത്. സോഷ്യലിസത്തിന്റെയും കാപ്പിറ്റലിസത്തിന്റെയും ന്യൂനതകൾ അദ്ദേഹം നിരന്തരം ഓർമിപ്പിച്ചുകൊണ്ടിരുന്നു.

### അലക്സാണ്ടർ സോൾസെനിറ്റ്സിൻ (1918-2008)

വിശുദ്ധ ജോൺപോൾ രണ്ടാമനെപ്പോലെതന്നെ ധാർമികശക്തിയെമാത്രം ആശ്രയിച്ച് സോവ്യറ്റ് യൂണിയനിലെ കമ്മ്യൂണിസ്റ്റ് സ്വേച്ഛാധിപത്യത്തിനെതിരേ സധൈര്യം പോരാടിയ വിശ്രുത റഷ്യൻ സാഹിത്യകാരനാണ് അലക്സാണ്ടർ സോൾഷെനിറ്റ്സിൻ.

രണ്ടാം ലോകമഹായുദ്ധത്തിൽ വീരോചിതമായി പങ്കെടുത്തുവരവേ, കൂട്ടുകാരനെഴുതിയ കത്തിൽ സ്റ്റാലിനെ പരിഹസിക്കുന്ന ഒരു വാക്കു കടന്നുകൂടിയതിനാൽ സോൾസെനിറ്റ്സിൻ സൈബീരിയൻ തടങ്കലിൽ അടയ്ക്കപ്പെട്ടു.

നികിതാ ക്രൂഷ്ചേവ് ഭരണമേറ്റപ്പോൾ, സ്റ്റാലിന്റെ അതിക്രമങ്ങളെ അപലപിക്കുകയും കുറെ തടവുകാരെ മോചിപ്പിക്കുകയും ചെയ്തപ്പോൾ സോൾസെനിറ്റ്സിനും പുറത്തുവന്നു. പല വിലക്കുകളും ഉണ്ടായിരുന്നെങ്കിലും ലേബർ ക്യാമ്പിലെ ക്രൂരപീഡനങ്ങൾ വിവരിക്കുന്ന ഒരു ചെറിയ നോവൽ 'ഐവാൻ ദെനീസോവിച്ചിന്റെ ജീവിതത്തിലെ ഒരു ദിവസം' സോവ്യറ്റു യൂണിയനിൽത്തന്നെ പ്രസിദ്ധീകരിക്കാൻ സാധിച്ചു.

തുടർന്നെഴുതിയ ഒരു നോവലിനും പ്രസിദ്ധീകരണാനുമതി ലഭിച്ചില്ല. അദ്ദേഹം വലിയ ഒരു ഗ്രന്ഥത്തിന്റെ പണിപ്പുരയിലായിരുന്നു. ഇരുന്നൂറ്റിയമ്പതിലധികം അനുഭവസ്ഥരുടെ ഓർമകൾ കൂട്ടിയിണക്കി അതീവരഹസ്യമായി GULAG ARCHIPELAGO എന്ന ബൃഹത്തായ ഗ്രന്ഥരചന നടത്തി. സോവ്യറ്റ് ലേബർ ക്യാമ്പുകളിൽ കഠിനതടങ്കൽപ്പാളയങ്ങളുടെ ഭരണസംവിധാനത്തെയാണ് ഗുലാഗ് സൂചിപ്പിക്കുന്നത്. ദ്വീപസമൂഹം എന്നത് വിവിധ ക്യാമ്പുകളാണ്.

1970 ൽ അദ്ദേഹത്തിനു സാഹിത്യത്തിനുള്ള നൊബേൽ സമ്മാനം ലഭിച്ചു.

ബ്രഷ്നേവിന്റെ ഭരണകൂടം അദ്ദേഹത്തിന്റെ കൃതിയുടെ കൈയെഴുത്തുപ്രതി കൈക്കലാക്കി. അതു ടൈപ്പുചെയ്തിരുന്ന ആളിൽനിന്നാണ് പിടിച്ചെടുത്തത്. ഉടൻതന്നെ ഈ കൃതിയുടെ ആദ്യവാല്യം പാരീസിൽ പ്രസിദ്ധീകരിച്ചു. കാരണം, കൈയെഴുത്തുപ്രതിയുടെ മൈക്രോഫിലിം നേരത്തേതന്നെ സ്വിറ്റ്സർലണ്ടിലെ ബാങ്ക് ലോക്കറിൽ സുരക്ഷിതമായിരുന്നു!

ഇതിൽ പ്രകോപിതമായ സോവ്യറ്റ് ഭരണകൂടം സോൾസെനിറ്റ്സിനെ വിഷം കുത്തിവച്ചു കൊല്ലാൻവരെ ശ്രമിച്ചു. അവസാനം, പൗരത്വം റദ്ദാക്കി 1975 ൽ നാടുകടത്തി. 20 കൊല്ലത്തെ പ്രവാസത്തിനുശേഷം റഷ്യയിലേക്കു തിരികെച്ചെല്ലാൻ അനുവാദം ലഭിച്ച കാലത്താണ് 1993 ഒക്ടോബറിൽ അദ്ദേഹം മാർപാപ്പായെ സന്ദർശിച്ചത്. ഒന്നരമണിക്കൂർ നീണ്ടുനിന്ന സംഭാഷണത്തിനുശേഷം സന്തോഷവാനായി പുറത്തിറങ്ങിയ സോൾസെനിറ്റ്സിൻ പറഞ്ഞത്, പാപ്പാ വളരെയധികം പ്രശോഭിതനും പ്രകാശപൂരിതനുമണെന്നാണ്.

■

# സ്നേഹം ആഴങ്ങളിലേക്കു നീങ്ങുമ്പോൾ



ഫാ. ജോസഫ് നെച്ചിക്കാട്ട്

ഒരു യുവാവിനും യുവതിക്കും തമ്മിൽ പൊരിഞ്ഞ സ്നേഹം - പിരിയാൻ വയ്യാത്ത പൊരിപൊരിഞ്ഞ സ്നേഹം! അവരെന്നും തമ്മിൽക്കാണുകയും സ്നേഹം പങ്കുവയ്ക്കുകയും ചെയ്തിരുന്നു. അങ്ങനെയിരിക്കെയാണ് ജോലിസംബന്ധമായ ഒരു സ്ഥലംമാറ്റം യുവാവിനു ലഭിക്കുന്നത്. ഇതാ, പിരിയാതിരിക്കാൻ വയ്യാത്ത പ്രതിസന്ധി! എന്താണു ചെയ്യുക? ‘‘ശരി, എല്ലാ ദിവസവും ഓരോ പ്രേമലേഖനമെഴുതി പ്രാണപ്രിയയ്ക്കു ഞാനയയ്ക്കും.’’ യുവാവു തീരുമാനമെടുത്തു. അത് അതിരഹസ്യമായി തന്റെ പ്രേമഭാജനത്തിനു കൊടുക്കാൻ തന്റെ ആത്മാർത്ഥസുഹൃത്തായ പോസ്റ്റുമാനെ ചുമതലപ്പെടുത്തി. വളരെയധികം ശ്രദ്ധിച്ചു പോസ്റ്റുമാൻ എഴുത്തുകൾ കൃത്യമായി എത്തിച്ചുകൊടുത്തുകൊണ്ടുമിരുന്നു.

നാളുകൾ കഴിഞ്ഞപ്പോൾ യുവതിക്കു പോസ്റ്റുമാനോട് എന്തെന്നില്ലാത്ത ഒരു ഹൃദ്യത. അതു ക്രമേണ ആകർഷണമായും, ആകർഷണം പ്രേമമായും മാറി. പ്രേമം മുറുകി ഒടുവിൽ പോസ്റ്റുമാനെത്തന്നെ ഭാവിവരനായി അവൾ സ്വീകരിച്ചു...!

'Faith, Myth, Hermeneutics' എന്ന തന്റെ ഗ്രന്ഥത്തിന്റെ ഒരു അടിക്കുറിപ്പിൽ റെയ്മൺ പണിക്കർ കൊടുത്തിരിക്കുന്ന കഥയാണിത്!

എന്തായിരുന്നു, ആ സ്നേഹം അങ്ങനെ വഴിമാറി ഒഴുകാൻ കാരണം? അവരുടെ സ്നേഹം ചില ശാരീരികഘടകങ്ങളിൽമാത്രം അധിഷ്ഠിതമായിരുന്നു. അരോഗദൃഢഗാത്രനായ യുവാവിന്റെ ശാരീരികരൂപവും കഴിവുമാണ് യുവതിയെ ആകർഷിച്ചത്. ‘എങ്ങനെയും ആ കരുത്തനെ സ്വന്തമാക്കണ’മെന്ന മോഹം അവളെ അവനിലേക്കടുപ്പിച്ചു. പുരുഷന്റെ കരുത്തും സർവോപരി കഴിവുമാണല്ലോ സ്ത്രീയെ ആകർഷിക്കുക.

തന്റെ പ്രേമഭാജനത്തിന്റെ ആരോഗ്യം അനുദിനം ക്ഷയിച്ചുകൊണ്ടിരിക്കുകയാണെന്നു കത്തുകളിൽനിന്ന് യുവതി മനസ്സിലാക്കുന്നു. ആദ്യമാദ്യം ഉടലെടുത്ത വിഷാദം കെട്ടടങ്ങിയപ്പോൾ, കൂടുതൽ കഴിവുറ്റവനെന്നു കണ്ടെത്തിയ പോസ്റ്റുമാനിലേക്ക് അതു തിരിഞ്ഞു. ബാഹ്യമായ ആകാരാദികളിൽ അധിഷ്ഠിതമായ ആ സ്നേഹം ഉരകല്ലിൽ ചെറുതായൊന്നു തട്ടിയപ്പോൾ ചെമ്പുതെളിഞ്ഞു. “കരുത്തനായ അവനെ കിട്ടിയാൽ എന്റെ കാര്യം സുരക്ഷിതമായി. എന്റെ ജീവിതം സമ്പൂർണമായി” എന്നു ചിന്തിച്ചിടത്താണ് അതിന്റെ ആരംഭം. അതിനു മങ്ങലേറ്റപ്പോൾ മാറ്റേറിയ മറ്റൊന്നിലേക്ക് അതു നോട്ടമിട്ടു!”

ഹെർമൻ സുഡർമാൻ എന്ന എഴുത്തുകാരന്റെ സുപ്രസിദ്ധമായൊരു കൃതിയാണ് 'ജോൺ ദി ബാപ്റ്റിസ്റ്റ്.' ഭർത്താവായ ഫിലിപ്പിന്റെ അസാന്നിധ്യത്തിൽ സഹോദരനായ ഹേറോദേസ് അന്തിപ്പാസിനെ സ്വീകരിക്കുന്ന ഹേറോദിയായും സ്നാപകയോഹന്നാനും തമ്മിൽ ഏറ്റുമുട്ടുന്ന ഒരു രംഗമുണ്ട് അതിൽ. ഹേറോദിയാ തുറന്നടിക്കുകയാണ്:

‘‘നീ മരുഭൂമിയിൽ കഴിഞ്ഞവനാണ്. നിനക്കു മനുഷ്യന്റെ സ്നേഹമെന്താണെന്നറിഞ്ഞുകൂടാ. ഹൃദയത്തിന്റെ സ്പന്ദനങ്ങൾ നിനക്ക് അഗ്രാഹ്യമാണ്. മരുഭൂമിയിലെ ചുടുകാറ്റ് നിന്നെ പഠിപ്പിച്ചതു വെറുപ്പാണ്!”

യോഹന്നാൻ: “ഹേറോദിയാ, നീയുൾപ്പെടെയുള്ള എല്ലാവരും സ്നേഹത്തെപ്പറ്റിയാണു സംസാരിക്കുക. പാപം ഏതു രീതിയിലാണു പ്രത്യക്ഷപ്പെടുന്നതെന്നു നിനക്കറിയാമോ. നീ അതിനെ വെറുപ്പെന്നോ അഹങ്കാരമെന്നോ ഒക്കെ വിളിച്ചോളൂ. എനിക്കതിൽ പരിഹാസമേ തോന്നുന്നുള്ളൂ.”

ഹേറോദിയാ: “സ്നേഹത്തിനുവേണ്ടി ജീവിക്കുകയും മരിക്കുകയും ചെയ്യുന്നവരെപ്പറ്റി നിനക്കെന്തറിയാം?” ഹേറോദിയാ, ഈ ലോകത്തിലെ എല്ലാ തെറ്റുകളും പാപവും പ്രത്യക്ഷപ്പെടാൻ ആഗ്രഹിക്കുന്നതു സ്നേഹമെന്ന ഓമനപ്പേരിലാണ്.’’ യോഹന്നാൻ പറഞ്ഞുനിർത്തി.

യോഹന്നാൻ പറയുന്നതു വലിയൊരു സത്യമാണ്. നാം ജീവിക്കുന്ന കാലഘട്ടത്തിലും. എല്ലാ അവിഹിതബന്ധങ്ങളും വേഴ്ചകളും അറിയപ്പെടുന്നതു സ്നേഹമെന്ന കള്ളനാണയത്തിലാണ്. പാശ്ചാത്യനാടുകളിൽ വ്യഭിചാരം മാത്രമല്ല സ്വവർഗഭോഗംപോലും വ്യവഹരിക്കപ്പെടുക 'Love', 'Make Love' എന്നീ വിശിഷ്ട പദങ്ങളിലൂടെയാണ്.

സഹോദരനിലേക്കു തിരിഞ്ഞ ഹേറോദിയായും, പോസ്റ്റുമാനിലേക്കു തിരിഞ്ഞ യുവതിയും തുടങ്ങിയത് ഒരിടത്തുനിന്നാണ്. തന്റെ താത്കാലികാവശ്യം നടക്കാൻവേണ്ടിയാണ് ഹേറോദിയാ ഹേറോദേസ് അന്തിപ്പാസിനെ ആകർഷിച്ചത്, ഫിലിപ്പിനെ വിസ്മരിച്ചുകൊണ്ട്. സ്വന്തം കമിതാവിനെ ഉപേക്ഷിച്ചു സമീപസ്ഥനായ പോസ്റ്റുമാനെ സ്വീകരിക്കുന്ന യുവതിയും ഇതേ തെറ്റിലാണ്.



ഹേറോദേസും ആദ്യകഥയിലെ പോസ്റ്റുമാനും വീഴുന്നത് ഒരേ കുഴിയിൽത്തന്നെ. ഹേറോദിയായുടെ വശീകരണത്തിനു വിധേയനായ ഹേറോദേസിന് തന്റെ യഥാർത്ഥഭാര്യയെ - നബേട്ടിയൻ (Nabetaean) രാജാവായ അരൂറ്റസിന്റെ മകളെ - ഉപേക്ഷിച്ച് അനുവദനീയമല്ലാത്ത പുതിയ ബന്ധം സ്ഥാപിക്കേണ്ടിവരുന്നു. തീരെ താത്പര്യമില്ലാതിരുന്നിട്ടും യോഹന്നാനെ വധിക്കേണ്ട ഗതികേടിലെത്തിയതും ഹേറോദേസിനു വന്നുഭവിച്ച മറ്റൊരു ദുര്യോഗമാണ്. യുവതിയുടെ പ്രേമത്തിനു വഴിമാറിയ പോസ്റ്റുമാനും തെറ്റാണു ചെയ്തത്. ആത്മാർത്ഥസുഹൃത്തിനെ ചതിച്ചു വിശ്വാസവഞ്ചന ചെയ്യുകയായിരുന്നു അയാൾ.

കണ്ണും മൂക്കുമടച്ചു പ്രണയച്ചുഴിയിലേക്കു കൂപ്പുകുത്തുന്ന കമിതാക്കൾ ചിലപ്പോൾ ഹേറോദിയായെപ്പോലെ കത്തിക്കയറും. തങ്ങളുടെ സ്നേഹം ശരിക്കും സുചിന്തിതമാണെന്നും നൂറ്റിയൊന്നു ശതമാനവും കറയും കുറവുമില്ലാത്തതാണെന്നും, മുതിർന്നവർക്ക് തങ്ങളെ വിലയിരുത്താൻ കഴിയുകയില്ലെന്നുമൊക്കെയായിരിക്കും അവരുടെ വാദഗതി. പക്ഷേ, യോഹന്നാനോടൊപ്പം ഈ കവലയിലിരുന്ന് ഒരു നിമിഷം ചിന്തിച്ച് ഉത്തരം കണ്ടുപിടിക്കേണ്ട ഒരു വിഷയമുണ്ടിവിടെ: ‘‘എന്റെ ഭാഗത്തു വിശ്വാസവഞ്ചനയുടെ പ്രശ്നമുണ്ടോ? എന്താണ് അവൾക്ക്/ അവന് എന്നോട് അടുപ്പം തോന്നാൻ കാരണം? സ്വത്ത്, സൗന്ദര്യം, താത്കാലികാവശ്യങ്ങൾ? നമുക്കുമുമ്പേ കടന്നുപോയ ഒരു പിടി ഋജുബുദ്ധികൾക്കും മാർഗഭ്രംശം സംഭവിച്ചത് ഇവിടെവച്ചുതന്നെയാണ്.

ത്യാഗമാണ് സ്നേഹത്തിന്റെ ഉരകല്ല്. ഭർത്താവായ ഫിലിപ്പിന്റെ അസാന്നിധ്യത്തിൽ ഇത്തിരി ത്യാഗം സഹിക്കാൻ ഹേറോദിയായ്ക്കു കഴിഞ്ഞില്ല. അതുപോലെ പോസ്റ്റുമാനെ സ്നേഹിച്ചുതുടങ്ങിയ യുവതിക്കും.

യഥാർത്ഥ സ്നേഹം എന്താണെന്നു വി. പൗലോസ് നിർവചിക്കുന്നുണ്ട്. “അത് അനുചിതമായി പെരുമാറുന്നില്ല, സ്വാർത്ഥത അന്വേഷിക്കുന്നില്ല... സകലതും സഹിക്കുന്നു” (1 കൊറി. 13-4).

ചരിത്രപഠിതാക്കളെയൊക്കെ വിസ്മയിപ്പിക്കുന്ന ഒന്നാണ് റോസ് ജോസഫൈനു നെപ്പോളിയനോടുണ്ടായിരുന്ന സ്നേഹം. “മക്കളില്ല” എന്ന ഒറ്റക്കാരണത്താൽ തന്നെ പരിത്യജിച്ച് ഓസ്ട്രിയക്കാരി മരിയെ ലൂയിസിനെ നെപ്പോളിയൻ തേടിപ്പോയപ്പോഴും ജോസഫൈന്റെ സ്നേഹം ഫൈൻതന്നെയായിരുന്നു. മരിയ ഉൾപ്പെടെ എല്ലാവരും എഴുതിത്തള്ളി നെപ്പോളിയനെ എൽബായിലേക്കു നാടുകടത്തിയപ്പോഴും ഒരാൾ മാത്രം അദ്ദേഹത്തിന് എഴുതാൻ തയ്യാറായി - ജോസഫൈൻ: “അവിടെയെത്തി അങ്ങയെ ആശ്വസിപ്പിക്കാനും ശുശ്രൂഷിക്കാനും ഞാൻ തയ്യാറാണ്...” മാറ്റേറിയ ആ സ്നേഹത്തിനുമുമ്പിൽ നമ്മുടെ കണ്ണുകൾ ഈറനണിയും!

സ്നേഹം ഉദാരമാണ്, അത് അപരരുടെ നന്മയാണു ലക്ഷ്യം വയ്ക്കുക - തന്റേതല്ല. "Love by its very nature is generous, it seeks not its own but the good of others"

■




മാത്യൂസ് ആർപ്പൂക്കര

## താറാവ്

കേരളത്തിൽ സാധാരണമായി കണ്ടുവരുന്ന ജലപ്പക്ഷിയാണ് താറാവ്. ജലപ്പക്ഷിയാണെങ്കിലും കരയിലും കഴിയാറുണ്ട്. അനാറ്റിഡെ കുലത്തിൽപ്പെടുന്ന പക്ഷിയാണിത്. വാത്ത, അരയന്നം എന്നീ പക്ഷികളും ഈ കുലത്തിൽപ്പെടുന്നു. കേരളത്തിൽ സാധാരണ കണ്ടുവരുന്ന താറാവിന്റെ ശാസ്ത്രനാമം അനാസ് പ്ലാറ്റിറിങ്കോസ് എന്നാണ്.

നീളംകുറഞ്ഞ കാലും കാൽവിരലുകളെ ബന്ധിപ്പിക്കുന്ന ചർമവും താറാവിന്റെ സവിശേഷതകളാണ്. ഈ രണ്ടു സവിശേഷതകളും ഇതിനെ വെള്ളത്തിൽ നീന്താൻ സഹായിക്കുന്നു. കൊക്കിന്റെ അറ്റം പരന്നതാണ്. ഇരുവശങ്ങളിലും ചീപ്പിന്റെപോലുള്ള മുനകളുണ്ട്. ആഹാരത്തോടൊപ്പം വായിൽ ഉൾക്കൊള്ളുന്ന വെള്ളം അരിച്ചു പുറത്തേക്കു കളയാനാണിത്. പൃഷ്ഠഭാഗത്തുള്ള എണ്ണഗ്രന്ഥി ഉത്പാദിപ്പിക്കുന്ന എണ്ണ തൂവലുകളിൽ പുരട്ടാനും കൊക്ക് ഉപയോഗപ്പെടുത്തുന്നു. വെള്ളത്തിൽ നീന്തുമ്പോൾ തൂവലുകൾ നനയാതിരിക്കാൻ എണ്ണ സഹായിക്കുന്നു. തൊലിക്കടിയിലെ കൊഴുപ്പുപടലം തണുപ്പിൽനിന്നു രക്ഷ നേടാൻ സഹായിക്കുന്നു.



ഉപയോഗത്തിന്റെ അടിസ്ഥാനത്തിൽ താറാവിനെ നാലായി തിരിക്കുന്നു. മുട്ടയ്ക്കുവേണ്ടിയുള്ളത്, മാംസത്തിനുവേണ്ടിയുള്ളത്, മുട്ടയ്ക്കും മാംസത്തിനുംവേണ്ടിയുള്ളത്, അലങ്കാരത്തിനുവേണ്ടിയുള്ളത്. ഇന്ത്യൻ റണ്ണർ, കാക്കി - ക്യാംബെൽ എന്നിവ മുട്ടയ്ക്കുവേണ്ടി വളർത്തുന്നു. ഈ ഇനങ്ങൾ വർഷത്തിൽ മുന്നൂറോളം മുട്ടയിടുന്നു. ആലിസ്ബെറി, പെക്കിൻ, റോൺ തുടങ്ങിയവയെ മാംസത്തിനുവേണ്ടി വളർത്തുന്നു. മാംസത്തിനും മുട്ടയ്ക്കും ഒരേപോലെ വളർത്തുന്നവയാണ് ബ്ലൂ സ്വീഡിഷിസ്, അമേരിക്കൻ ബഫ്, കോയുഗാ, ക്രെസ്റ്റഡ് വൈറ്റ്, മസ്ക്കോവി എന്നിവ. അലങ്കാരത്തിനുവേണ്ടിയുള്ള താറാവുകൾക്കു വ്യത്യസ്ത നിറങ്ങളിലുള്ള തൂവലുകളുണ്ട്. ബ്ലാക് ഈസ്റ്റിന്ത്യൻ, കാൾ തുടങ്ങിയവ ഉദാഹരണങ്ങൾ.

താറാവിന്റെ മുട്ടയും മാംസവും ഭക്ഷണയോഗ്യമാണ്. മുട്ടയിൽ ഒരിനം പോളിമ്യൂക്കോയ്ഡ് ഉണ്ട്. ഇതു മാംസ്യത്തെ ദഹിപ്പിക്കുന്ന ട്രിപ്സിൻ എന്ന എൻസൈമിനെതിരായി പ്രവർത്തിക്കുന്നു. മുട്ട വേവിച്ചു കഴിഞ്ഞാൽ ഈ ദോഷം പരിഹരിക്കാം. താറാവിന്റെ വിസർജ്യം വളമാണ്.

പ്രകൃത്യായോ യന്ത്രസംവിധാനം വഴിയോ മുട്ടവിരിയിച്ച് കുഞ്ഞുങ്ങളെ വളർത്താം.

■

“ഒരുക്കം കഴിഞ്ഞില്ലേ മോളേ? നേരം ഒരുപാടായി. ഇനീം വൈകിയാൽ ട്രെയിൻ മിസാകും.”

ഉമ്മറപ്പടിയിൽനിന്ന് അകത്തേക്കു നോക്കി നാരായണൻ നമ്പൂതിരി പറഞ്ഞു.

“ഇതാ വരുന്നു അച്ഛാ...” നിലക്കണ്ണാടിയുടെ മുമ്പിൽനിന്ന് മുടി പിന്നുകയായിരുന്നു ഇന്ദുലേഖ. കൊണ്ടുപോകാനുള്ള സാധനങ്ങളെല്ലാം ബാഗിൽ നിറയ്ക്കുകയാണ് അമ്മ ദേവകി അന്തർജനവും അനിയത്തിമാരും.

പിന്നിയൊതുക്കിയ മുടിയിൽ ഒരു തുളസിക്കതിരും തിരുകി. നെറ്റിയിൽ പൊട്ടും തൊട്ട് ഇന്ദുലേഖ വെളിയിലേക്കു വന്നു. അപ്പോഴേക്കും ബാഗുമെടുത്ത് ദേവകി വരാന്തയിലേക്കു വന്നു കഴിഞ്ഞിരുന്നു.

“പോകാം അച്ഛാ...”

വരാന്തയിലെ ചാരുകസേരയിൽ തലയ്ക്കുകീഴേ കൈകൾ വച്ച് ചിന്താധീനനായി കിടക്കുകയായിരുന്ന നാരായണൻനമ്പൂതിരി മെല്ലെ എണീറ്റു.

‘‘ചെന്നാലുടനെ ഫോൺ വിളിക്കണം കേട്ടോ മോളേ. പൈസയൊന്നും വെറുതെ ചെലവാക്കരുത്. നിന്റെ ശമ്പളംകൊണ്ടുവേണം ഈ കുടുംബം കഴിയാൻ എന്ന് ഓർമ വേണം.” ദേവകി ഓർമിപ്പിച്ചു.

“ഒക്കെ എന്റെ മനസ്സിലുണ്ടമ്മേ.”

ഇന്ദു അച്ഛന്റെ പിന്നാലെ പടിയിറങ്ങി. റോഡിലേക്കുള്ള കവാടംവരെ അമ്മ ദേവകിയും അനിയത്തിമാരായ നന്ദിനിയും ശ്രീക്കുട്ടിയും പാർവതിയും അവളെ അനുഗമിച്ചു. യാത്ര ചോദിക്കുമ്പോൾ പാർവതിയുടെ മിഴികൾ നിറഞ്ഞിരിക്കുന്നത് ഇന്ദു ശ്രദ്ധിച്ചു.

“ചേച്ചി ഒരു നല്ലകാര്യത്തിനു പോകല്ലേ? സന്തോഷത്തോടെ വേണ്ടേ യാത്രയാക്കാൻ. ഒന്നു ചിരിച്ചേ.” പാർവതിയെ ചേർത്തു പിടിച്ച് ഇന്ദു പറഞ്ഞു.

അവർ ചിരിച്ചു. പാർവതിയുടെ കവിളിൽ ഒരു മുത്തം നൽകിയിട്ട് ഇന്ദു തിരിഞ്ഞു. അച്ഛൻ മുമ്പോട്ടു നടന്നു കഴിഞ്ഞിരുന്നു. അമ്മയെ നോക്കി ഒരിക്കൽകൂടി യാത്ര പറഞ്ഞിട്ട് ഇന്ദു അച്ഛന്റെ പിന്നാലെ എത്തിപ്പിടിച്ചു.

ബസ്സ്റ്റോപ്പിൽ നില്ക്കുമ്പോൾ കമ്പ്യൂട്ടർ ഇൻസ്റ്റിറ്റ്യൂട്ടിൽനിന്ന് സീതാലക്ഷ്മി വന്നു. ഇന്ദുവിന്റെ നേരേ ഇളയതാണ് സീത. ഇന്ദു അവളെ വിളിച്ചു മാറ്റിനിറുത്തി കുറെ ഉപദേശങ്ങളും നിർദേശങ്ങളും നൽകി.

“അച്ഛന് സമയത്ത് ആഹാരവും മരുന്നുമൊക്കെ എടുത്തു കൊടുക്കണം കേട്ടോ. മരുന്നുകഴിക്കാൻ പലപ്പോഴും അച്ഛൻ മറക്കും. ശ്രീക്കുട്ടിയും പാർവതിയും പഠിത്തത്തിൽ ഉഴപ്പാതിരിക്കാൻ ശ്രദ്ധിച്ചോണം. പഠിച്ചു വല്ല ജോലീം കിട്ടിയെങ്കിലേ നമ്മുടെ കുടുംബം രക്ഷപ്പെട്ടു.”

സീതാലക്ഷ്മി തലകുലുക്കി. അവർ സംസാരിച്ചുനിൽക്കുമ്പോൾ ബസ് വന്നു. സീതാലക്ഷ്മിയോട് യാത്ര പറഞ്ഞിട്ട് ഓടിച്ചെന്ന് അച്ഛന്റെ പിന്നാലെ അവൾ ബസിൽ കയറി.

റെയിൽവേസ്റ്റേഷനു സമീപം ബസിറങ്ങി ഓട്ടോ പിടിച്ചു നേരേ സ്റ്റേഷനിലേക്കു വിട്ടു. ഏറെനേരം കഴിയുന്നതിനുമുമ്പേ ട്രെയിൽ വന്നു.

തിരക്കു കുറഞ്ഞ ഒരു കമ്പാർട്ട്മെന്റിൽ ഇന്ദുവും നാരായണൻനമ്പൂതിരിയും കയറി. വിൻഡോ സീറ്റ് കിട്ടിയപ്പോൾ ഇന്ദുവിനു സന്തോഷമായി. പുറത്തെ കാഴ്ചകൾ കണ്ടിരിക്കാമല്ലോ.

“അവിടെ താമസിക്കാനുള്ള സൗകര്യം കിട്ടുമോ മോളേ?”

“ഒക്കെ ശരിയാകും അച്ഛാ... അച്ഛൻ വിഷമിക്കാതിരി.”

ട്രെയിൻ മെല്ലെ ചലിച്ചുതുടങ്ങി. ഇന്ദു വെളിയിലേക്കു നോക്കി. പച്ചവിരിച്ച പാടങ്ങളിൽ കതിരിട്ടു നിൽക്കുന്ന നെൽച്ചെടികൾ. പാടത്തിനപ്പുറം നിരനിരയായി തെങ്ങുകൾ. കാണാൻ നല്ല ഭംഗി. ആകാശനീലിമയിലൂടെ പറന്നു നടക്കുന്ന പക്ഷിക്കൂട്ടങ്ങളിൽ അവളുടെ മിഴികളുടക്കി.

ട്രെയിനിനു വേഗം കൂടിയപ്പോൾ ഇന്ദു കമ്പാർട്ട്മെന്റിലേക്കു നോക്കി. അഭിമുഖമായുള്ള സീറ്റിൽ രണ്ടു വൃദ്ധന്മാരും ഒരു യുവാവും മാത്രം. ഇന്ദുവിന്റെ സീറ്റിൽ നാരായണൻ നമ്പൂതിരിയും ഒരു മധ്യവയസ്കയും. ഇന്ദുവിന്റെ തോളിലേക്കു ചാരിക്കിടന്നു മയങ്ങുകയായിരുന്നു നമ്പൂതിരി.

പാവം അച്ഛൻ. ഇന്ദു ഓർത്തു. അഞ്ചു പെൺമക്കളെ ഈ നിലയിലെത്തിക്കാൻ എന്തുമാത്രം കഷ്ടപ്പെട്ടു. സഹായത്തിന് ഒരാൺതരിയെപ്പോലും കൊടുത്തില്ലല്ലോ ദൈവം. ഓടിത്തളർന്ന് ഒടുവിൽ രോഗിയുമായി. ഒരു മകളെപ്പോലും കെട്ടിച്ചയയ്ക്കാനാകാതെ യാത്ര പറയേണ്ടിവരുമോ എന്ന ആകുലതയാണ് അച്ഛന്. കുടുംബം പോറ്റാനും മക്കളെ പഠിപ്പിക്കാനും എവിടുന്നെല്ലാം കടംവാങ്ങി! അച്ഛന്റെ പൂർവികർ വലിയ ജന്മിമാരായിരുന്നു എന്നു പറഞ്ഞുകേട്ടിട്ടുണ്ട്. ഇപ്പോൾ കുടുംബം പോറ്റാൻ അന്യന്റെ മുമ്പിൽ കൈനീട്ടേണ്ട ഗതികേട് വന്നിരിക്കുന്നു വടക്കേപ്പാട്ട് ഇല്ലത്തിന്. ഇന്ദു ദീർഘമായി ഒന്നു നിശ്വസിച്ചു.

തനിക്കിപ്പോൾ വയസ്സ് ഇരുപത്തിയഞ്ച്. സീതയ്ക്ക് ഇരുപത്തിമൂന്ന്. നന്ദിനിക്ക് ഇരുപത്തിയൊന്ന്. ശ്രീക്കുട്ടിക്ക് പത്തൊമ്പത്. പാർവതിക്ക് പന്ത്രണ്ട്. വയസ്സിന്റെ കാര്യം ഓർക്കുമ്പോൾ അച്ഛന് ഉള്ളിൽ തീയാണ്. ഉറക്കം വരാതെ എത്രയോ രാത്രികളിൽ അച്ഛൻ കരഞ്ഞിട്ടുണ്ട്. ഏങ്ങലടി കേട്ട് ലൈറ്റിട്ടു നോക്കുമ്പോൾ അച്ചൻ ഉറങ്ങിയതുപോലെ കിടക്കും. അഞ്ചു പെൺമക്കളെ കൊടുത്ത ഈശ്വരനോട് അച്ഛനു ദേഷ്യം കാണുമോ? ഹേയ് അങ്ങനൊന്നുമുണ്ടാവില്ല. അച്ഛൻ പാവമല്ലേ.

എന്തായാലും തന്റെ ജോലിയിൽനിന്നു കിട്ടുന്ന ശമ്പളം പരമാവധി മിച്ചം വയ്ക്കാൻ നോക്കണം. ജോലികിട്ടാൻ കൊടുത്ത അഞ്ചുലക്ഷം രൂപ വേഗം ഉണ്ടാക്കി അച്ഛന്റെ കടം വീട്ടണം. അനിയത്തിമാരെ പഠിപ്പിച്ചു നല്ല നിലയിലെത്തിക്കണം. എന്നിട്ടുമതി തന്റെ വിവാഹം. ഇത്തിരി വൈകുമായിരിക്കും. വൈകിക്കോട്ടെ. എല്ലാ കടങ്ങളും വീട്ടി സ്വസ്ഥമായ മനസ്സോടെവേണം അച്ഛൻ തന്നെ ഭർത്തൃഗൃഹത്തിലേക്ക് യാത്രയാക്കാൻ.

ഓരോന്നാലോചിച്ചിരിക്കേ, തീവണ്ടി അടുത്ത സ്റ്റേഷനിൽ വന്നു നിന്നു. എതിർസീറ്റിലിരുന്ന വൃദ്ധന്മാരും യുവാവും അവിടെ ഇറങ്ങി. അപ്പോഴേക്കും നാരായണൻ നമ്പൂതിരി ഉറക്കമുണർന്നിരുന്നു.

“ഇതേതാ മോളെ സ്റ്റേഷൻ?”

ഇന്ദു സ്റ്റേഷന്റെ പേരു പറഞ്ഞു.

“കുടിക്കാനുള്ള വെള്ളം തീർന്നു അച്ഛാ. ഞാൻ പോയി ഒരു കുപ്പി വെള്ളം വാങ്ങിക്കൊണ്ടുവരാം.”

ഇന്ദു എണീക്കാൻ തുടങ്ങിയതും നമ്പൂതിരി തടഞ്ഞു:

‘‘മോളു പോകണ്ട. ഞാൻ പോയി വാങ്ങിച്ചോണ്ടു വരാം.” നാരായണൻ എണീറ്റു ഡോറിനടുത്തേക്കു നടന്നു.

“വേഗം വരണേ അച്ഛാ...”

“ഉം.”

തെല്ലു കഴിഞ്ഞപ്പോൾ സുമുഖനായ ഒരു യുവാവ് ഇന്ദുലേഖയ്ക്ക് അഭിമുഖമായി എതിർവശത്തുള്ള സീറ്റിൽ വന്നിരുന്നു. ഫുൾ സ്ലീവ് ഷർട്ടും പാന്റ്സുമായിരുന്നു വേഷം. കൈയിലൊരു ബാഗുമുണ്ട്. ഒറ്റനോട്ടത്തിലേ അറിയാം ആളൊരു പണക്കാരനാണെന്ന്.

ഇന്ദു ഒളികണ്ണിട്ടു നോക്കി. അയാൾ തന്നെ നോക്കുന്നുണ്ടെന്നു കണ്ടപ്പോൾ അവൾ മുഖം തിരിച്ചു വെളിയിലേക്കു നോക്കി.

ട്രെയിൻ പുറപ്പെടാനുള്ള മണി മുഴങ്ങി. ഇന്ദുവിനു വെപ്രാളമായി. അച്ഛൻ ഇനിയും കയറിയില്ലെന്നു കണ്ടപ്പോൾ വേവലാതി കരച്ചിലായി മാറി. തിരികെ സീറ്റിൽ വന്നിരുന്നിട്ട് അവൾ അടുത്തിരുന്ന കാരണവരോടു വിവരം പറഞ്ഞു. അതു കേട്ടപ്പോൾ എല്ലാ കണ്ണുകളും അവളുടെ നേർക്കായി.

“മോള് സമാധാനമായിട്ടിരിക്ക്. അച്ഛൻ ഏതെങ്കിലും കമ്പാർട്ട്മെന്റിൽ കേറീട്ടുണ്ടാവും.” മധ്യവയസ്കൻ സമാധാനിപ്പിച്ചു.

കരച്ചിലും വെപ്രാളവുമായി അവൾ ട്രെയിനിൽ അങ്ങോട്ടുമിങ്ങോട്ടും നടന്നു നോക്കി. എവിടെയും കണ്ടില്ല. അടുത്ത സ്റ്റേഷനിൽ വണ്ടി നിറുത്തിയപ്പോൾ അച്ഛൻ വരുമെന്നു പ്രതീക്ഷിച്ച് അവൾ വാതിൽക്കൽപ്പോയി നോക്കിനിന്നു. നിരാശയായിരുന്നു ഫലം. ട്രെയിൻ ചലിച്ചുതുടങ്ങിയപ്പോൾ കരഞ്ഞുകൊണ്ട് അവൾ സീറ്റിൽ വന്നിരുന്നു. അടുത്തിരുന്ന യാത്രക്കാർക്ക് സഹതാപം തോന്നി.

‘‘മോൾക്കെവിടാ ഇറങ്ങേണ്ടത്?” വൃദ്ധൻ തിരക്കി.

ഇന്ദു സ്ഥലപ്പേരു പറഞ്ഞു.

“അവിടാണോ വീട്?”

ഇത്തവണ യുവാവിന്റെ വകയായിരുന്നു ചോദ്യം.

“അല്ല; അവിടെ അടുത്തൊരു സ്കൂളിൽ എനിക്കു ടീച്ചറായി ജോലി കിട്ടി. ജോയിൻ ചെയ്യാൻ പോകുവാ.”

“ഏതു സ്കൂളിൽ.”

“വിദ്യാധരൻ മെമ്മോറിയൽ സ്കൂളിൽ.”

“ടീച്ചർ വിഷമിക്കാതിരി. ടീച്ചറിനിറങ്ങേണ്ട സ്റ്റേഷനിൽത്തന്നെയാ എനിക്കും ഇറങ്ങേണ്ടത്. സ്കൂൾ ഞാൻ കാണിച്ചുതരാം. അച്ഛൻ അപ്പോഴേക്കും അങ്ങെത്തിക്കോളും.”

യുവാവിന്റെ വാക്കുകൾ ഒട്ടും ആശ്വാസം പകർന്നില്ല ഇന്ദുവിന്. അവൾ താടിക്കു കൈയുംകൊടുത്ത് വിവശയായി ഇരിക്കുകയായിരുന്നു.

‘‘അച്ഛനു സ്കൂളറിഞ്ഞുകൂടേ?”

മറ്റൊരു യാത്രക്കാരന്റെ ചോദ്യം.

“ഉം.”

“പിന്നെന്തിനാ പേടിക്കണെ? അച്ഛൻ എങ്ങനേലും അങ്ങെത്തിക്കോളും.”

അച്ഛനു വല്ല അപകടവും പറ്റിയോ എന്നായിരുന്നു അവളുടെ ചിന്ത.

“ടീച്ചറു സമാധാനമായിട്ടിരിക്ക്. ഞാൻ കൊണ്ടാക്കാം സ്കൂളിൽ.” യുവാവിന്റെ സഹായവാഗ്ദാനം വീണ്ടും.

അപരിചിതനായ ഈ യുവാവിനെ എങ്ങനെ വിശ്വസിക്കും? ആൾ ഏതു തരക്കാരനാണെന്ന് ആർക്കറിയാം?

“എന്താ മോന്റെ പേര്?”

എതിർസീറ്റിലിരുന്ന കാരണവർ യുവാവിനോടു പേരു ചോദിച്ചപ്പോൾ ഇന്ദു കാതുകൂർപ്പിച്ചു.

“അഭിഷേക്.”

“എന്താ ജോലി?”

“ബിസിനസാ.”

കൂടുതലൊന്നും അയാൾ ചോദിച്ചില്ല.

ഓരോ സ്റ്റേഷനിൽ വണ്ടി നിറുത്തുമ്പോഴും അച്ഛനെ നോക്കി ഇന്ദു വാതിൽക്കലേക്ക് ഓടുമായിരുന്നു.

അഭിഷേക് ഇടയ്ക്കിടെ ഓരോന്നു ചോദിച്ചുകൊണ്ടിരുന്നു. ഒരു വാക്കിലോ മൂളലിലോ അവൾ മറുപടി ഒതുക്കി.

ഏറെ നേരത്തെ യാത്രയ്ക്കു ശേഷം ഒരു സ്റ്റേഷനിൽ വണ്ടി അടുത്തപ്പോൾ അഭിഷേക് പറഞ്ഞു. “അടുത്ത സ്റ്റേഷനിലാ ഇറങ്ങേണ്ടത്.”

അയാൾ എണീറ്റു. ഇന്ദു എണീക്കണോ വേണ്ടയോ എന്ന് ഒരു നിമിഷം സംശയിച്ചു.

“വരുന്നില്ലേ?”

അവൾ മറുപടി പറഞ്ഞില്ല. കൂടുതലൊന്നും പറയാതെ അയാൾ വേഗം ബാഗെടുത്തു.

“ചെല്ലു മോളേ. ആ ചെക്കൻ ഓട്ടോയിൽ കേറ്റി വിടും.”

കാരണവർ നിർബന്ധിച്ചപ്പോൾ ഇന്ദു എണീറ്റു പിന്നാലെ ചെന്നു.

*(തുടരും)*

# കപടദേശീയതയുടെ കാണാപ്പുറങ്ങൾ

(ഒന്നാം പേജ് തുടർച്ച)

കഴിഞ്ഞ 30 വർഷത്തിനിടയിൽ ന്യൂനപക്ഷവിഭാഗങ്ങളുടെ ജനസംഖ്യാശതമാനവർദ്ധന നേർപകുതിയായിട്ടുണ്ട് എന്നു കണക്കുകളിൽ കാണാം. 2030 ൽ എല്ലാ മതവിഭാഗങ്ങളിലെയും പ്രത്യുത്പാദനനിരക്ക് തുല്യതയിലെത്തുമെന്നാണ് കണക്കുകൾ പറയുന്നത്. രാജ്യത്ത് ടോട്ടൽ ഫെർട്ടിലിറ്റി റേറ്റ് (TFR) അടിസ്ഥാനമാക്കിയാണ് ജനസംഖ്യാവർദ്ധന കണക്കാക്കുന്നത്. കഴിഞ്ഞ 20 വർഷത്തിനിടയിൽ ഫെർട്ടിലിറ്റി നിരക്കിന്റെ കാര്യത്തിൽ 41.2 ശതമാനം കുറവാണ് ഹിന്ദുസമുദായത്തിൽ ഉണ്ടായതെങ്കിൽ, മുസ്ലീം വിഭാഗങ്ങൾക്കിടയിൽ 46.5 ശതമാനമാണ് കുറവുണ്ടായത്. ക്രിസ്ത്യൻ വിഭാഗങ്ങളിലേക്കുവരുമ്പോൾ അത് 50 ശതമാനത്തിനും മുകളിലാണ്. ഏറ്റവും പുതിയ സെൻസസ് കണക്കുകൾ പ്രകാരം, ഹിന്ദു ജനസംഖ്യാവർദ്ധനയിൽ 3.1 ശതമാനം ഇടിവു സംഭവിച്ചപ്പോൾ മുസ്ലീം ജനസംഖ്യാവർദ്ധനയിൽ 4.7 ശതമാനം ഇടിവാണുണ്ടായിരിക്കുന്നത്. ഇതിലും കൂടുതലാണ് ക്രിസ്ത്യൻ വിഭാഗങ്ങളിൽ.



### ലക്ഷ്യം ഹിന്ദുരാഷ്ട്രം

വിവാദപരാമർശങ്ങളിലൂടെ മോഹൻ ഭഗവത് എന്താണുദ്ദേശിക്കുന്നതെന്നു വളരെ വ്യക്തമാണ്. രാജ്യത്ത് ഒരു പ്രത്യേക മതവിഭാഗത്തിന്റെ എണ്ണത്തിൽ ഗണ്യമായ വർദ്ധനയുണ്ടാകുന്നുണ്ടെന്നും അതിനാൽ ജനസംഖ്യാനിയന്ത്രണത്തിനു സമഗ്രപദ്ധതി വേണമെന്നുമാണ് പ്രസംഗത്തിന്റെ രത്നച്ചുരുക്കം. മതത്തിന്റെ അടിസ്ഥാനത്തിലുള്ള ജനസംഖ്യാ അസമത്വവും നിർബന്ധിതമതപരിവർത്തനവും രാജ്യം വിഭജിക്കപ്പെടാൻ തന്നെ കാരണമാകുമെന്നാണ് മോഹൻ ഭഗവത് പറഞ്ഞുവയ്ക്കുന്നത്. ഇന്ത്യയിൽ 'മതാടിസ്ഥാന അസമത്വവും' 'നിർബന്ധിത മതപരിവർത്തനങ്ങളും' കാരണം രാജ്യത്തിന്റെ സ്വത്വരൂപം നഷ്ടപ്പെട്ടുപോകുമെന്നതാണ് അദ്ദേഹത്തിന്റെ വിഷമം. ഇതിനു ശാശ്വതമായ പരിഹാരവും അദ്ദേഹം കണ്ടെത്തുന്നുണ്ട്. അത് ഹിന്ദുരാഷ്ട്രരൂപവത്കരണംതന്നെയാണ്. പ്രസംഗത്തിനിടയിൽ, രാജ്യത്ത് സംഘപരിവാറിന്റെ സ്വാധീനം വർദ്ധിക്കുന്നതുമൂലം ഹിന്ദുരാഷ്ട്രരൂപവത്കരണത്തിന് അനുകൂലമായ സാഹചര്യം രൂപപ്പെടുന്നതായും അദ്ദേഹം ചൂണ്ടിക്കാണിക്കുന്നുണ്ട്. ജനസംഖ്യാനിയന്ത്രണത്തിനുവേണ്ടിയുള്ള തന്റെ വാദങ്ങളുടെ ആത്യന്തികമായ ലക്ഷ്യം ഹിന്ദുരാഷ്ട്രരൂപവത്കരണത്തിന് അനുകൂലമായ കളമൊരുക്കലാണെന്ന് അർത്ഥശങ്കയ്ക്കിടയില്ലാത്തവണ്ണം വ്യക്തമാക്കുകയാണ് ഇവിടെ മോഹൻ ഭഗവത് ചെയ്യുന്നത്. ഇന്ത്യയിൽ ദാരിദ്ര്യവും തൊഴിലില്ലായ്മയും അസമത്വവും നാൾക്കുനാൾ വർദ്ധിച്ചുവരികയാണ്. അതിനെ നേരിടാൻ കഴിയാതെ വർഗീയവിദ്വേഷം പടർത്താനാണ് മോഹൻ ഭഗവത് ശ്രമിക്കുന്നത്.

■

---

കവിത — ജോർജുകുട്ടി താവളം

## ലഹരി

കുഴിയിൽ നിങ്ങളെ വീഴ്ത്തീടാനായ്
പഴുതുകൾ നോക്കിയിരുന്നീടും ഞാൻ
തോഴരുമൊത്തു രസിച്ചീടുമ്പോൾ
വീഴുന്നെന്നുടെ കെണിയിൽ നിങ്ങൾ.

എന്നെയൊരിക്കലറിഞ്ഞെന്നാകിൽ
പിന്നെ മറക്കാനാവുകയില്ല
ഒന്നു തിരിഞ്ഞു നടന്നെന്നാലും
വന്നിടുമെന്നുടെയരികിൽ വീണ്ടും.

കാശിനുവേണ്ടിപ്പണി ചെയ്വോരുടെ
കീശകളെല്ലാം ചോർത്തീടും ഞാൻ
നാശം വന്നു ഭവിക്കാമെന്നതു
ലേശംപോലും ചിന്തിക്കില്ല.

ഉള്ള സമാധാനത്തെ നശിപ്പി-
ച്ചുള്ളത്തിൻഗതി മാറ്റിമറിക്കും
കള്ളൻ ഞാനെന്നറിയുന്നവനോ
തള്ളിടുമെന്നുടെ പ്രേരണയെല്ലാം.

ഞാനാകുന്നൊരു ശാപമകറ്റാൻ
മനസ്സാമശ്വത്തിന്റെ കടിഞ്ഞാൺ
തനതാംകൈകളിൽ നിന്നു വിടാതെ
അനുദിനമതിനെ നിയന്ത്രിക്കേണം.



---

ഊഹ്ശോ 30

FROM THE BIBLE



ഫാ. തോമസ് പാട്ടത്തിൽചിറ CMF

## ഒറ്റ്



പിടിച്ചവയൊക്കെ ദിക്കിൽ കൊണ്ടെ കെട്ടിയെന്ന മട്ടിൽ രാത്രിയുടെ ചുമരിൽ ചാർത്തപ്പെട്ട ഒരു ചതിച്ചിത്രം. ഉറ്റവരിൽ ഒരുവൻതന്നെ അവന്റെ ഒറ്റുകാരനായി. ചാരെ നിന്നവൻ ചാരനായി. കുലംകുത്തിക്കു ചൂട്ടുപിടിച്ച കുറെ പടയാളികളും. ഗുരുവുമായുള്ള തന്റെ മൂന്നു വർഷത്തെ ആത്മബന്ധത്തെ മുപ്പതു വെള്ളിത്തുട്ടുകൾക്കു തുല്യമാക്കിയ അവൻ തനിക്കു തണലേകിയ ഗുരുവെന്ന തരുവിനെ വെറും വിറകുവിലയ്ക്കു വിറ്റു. ചതിക്കരാറിൽ ചങ്ങാതിയൊരുവന്റെ മുത്തംകൊണ്ടുള്ള മുദ്രവയ്ക്കൽ. ചതിയനു ചുംബിക്കാൻ കൊതി. ആ ചുംബനത്തിൽ ചതിയുടെ ചൂടറിഞ്ഞ ഗുരു. കൂടെയായിരിക്കാനുള്ള വിളി കിട്ടിയവനു കുതികാലുവെട്ടാനായിരുന്നു വിധി. യൂദാസ് മരക്കൊമ്പിൽ തൂങ്ങിത്തീർന്ന ഒരു മനുഷ്യജന്മമല്ല; ഉദരപൂരണത്തിനായി എന്തും ചെയ്യാൻ മടിക്കാത്ത, ബന്ധങ്ങളെയും ബന്ധുക്കളെയുമുപയോഗിച്ചുപേക്ഷിക്കുന്ന, പണക്കിഴികളുടെ വലിപ്പച്ചെറുപ്പമനുസരിച്ചു സ്വന്തബന്ധങ്ങളുടെ വില കൂട്ടുകയും കിഴിക്കുകയും ചെയ്യുന്ന ആധുനിക ഉപഭോഗസംസ്കാരത്തിന്റെ ഉയിരുള്ള ആൾരൂപമാണ്.

ധനമോഹവും വിഷയാസക്തിയുമൊക്കെ തലയ്ക്കുപിടിക്കുമ്പോൾ മസ്തിഷ്കത്തിനുണ്ടാകുന്ന മനഃപൂർവമുള്ള മറവിയുടെയും മന്ദതയുടെയും മറുപേരാണ് യൂദാസ്. വെള്ളിനാണയങ്ങളുടെ വശ്യത്തിളക്കത്തിൽ യൂദാസ് പലരെയും പലതിനെയും മറക്കാതെ മറന്നു. അതുകൊണ്ടുതന്നെ അവൻ ഇറങ്ങിപ്പോയതും വിസ്മൃതിയുടെ ഇടമായ ഇരുട്ടിലേക്ക്. ഒടുവിൽ, പ്രതിഫലമായിക്കിട്ടിയ പണക്കിഴിപോലും അവനു പ്രയോജനപ്പെട്ടില്ല. ഒറ്റൽ ഒരു മുഴം കയറിൽ ഒടുങ്ങി. മരണശയ്യയിലുള്ളവർക്കു മറവി നല്ലതാവാം. എന്നാൽ, ഓടിനടക്കുന്ന നാളുകളിൽ നാം ഒന്നുംതന്നെ മറക്കരുത്. നാം അറിഞ്ഞുകൊണ്ടു മറന്നുകളഞ്ഞ ബന്ധങ്ങളെയും ബന്ധുക്കളെയും ഓർത്തെടുക്കാം. വലിച്ചെറിഞ്ഞ കടപ്പാടുകളെയും പ്രതിബദ്ധതകളെയുമൊക്കെ പെറുക്കിക്കൂട്ടാം. വിശ്വസിച്ചവരെ വഞ്ചിക്കാതിരിക്കാം. സ്നേഹത്തിൽ കാപട്യം കലർത്താതിരിക്കാം. ആത്മാർത്ഥമായിരിക്കട്ടെ നമ്മുടെ വ്യക്തിബന്ധങ്ങളെല്ലാം. ബന്ധങ്ങളുടെ മീതെ വിലച്ചീട്ടുകൾ ഒട്ടിക്കാതിരിക്കാം. പണത്തിന്റെ പേരിൽ അടുക്കാനോ അകലാനോ ഉള്ളവയല്ല മനുഷ്യബന്ധങ്ങൾ. സ്നേഹബന്ധങ്ങളെ വിറ്റു വരുമാനമാക്കിയാൽ അതനുഭവിക്കാൻ നമുക്കു കഴിഞ്ഞെന്നുവരില്ല. ബന്ധങ്ങളുടെ സംഖ്യയല്ല, ഉള്ളവയുടെ സത്യസന്ധതയാണു പ്രധാനം. ആരെയും ചതിക്കാതിരിക്കാം. വഞ്ചിച്ചു നേടുന്ന നാണയത്തുട്ടുകൾ നമ്മുടെ കൈവെള്ളകൾ പൊള്ളിക്കും. ചതിച്ചുനല്കുന്നതിന്റെയല്ല, ചേർത്തുനിർത്തുന്നതിന്റെ പ്രതീകമാണ് ചുംബനം. നമ്മുടെ സ്നേഹപ്രകടനങ്ങൾ നിർവ്യാജമായിരിക്കട്ടെ. ഒറ്റിയവനും തള്ളിപ്പറഞ്ഞവനും വഞ്ചനയ്ക്ക് ഇരട്ടപിറന്നവരാണ്. വഞ്ചന ജീവിതത്തിന്റെ ഭാഗമായിട്ടുണ്ടെങ്കിൽ അവയ്ക്കർഹമായ പരിഹാരം ചെയ്യാൻ ധൈര്യപ്പെടാം.

■

**സാന്ത്വനം**

# സാൻവിച്ച് ജനറേഷന്റെ സങ്കടങ്ങൾ



സിസ്റ്റർ ഡോ. നിക്കോൾ എസ്.വി.എം.

**നാ**ല്പത്തിയെട്ടു വയസ്സുള്ള ഗോപി ഒരുപാടു ടെൻഷൻ പിടിച്ച് ഉറക്കമില്ല എന്ന സങ്കടത്തോടെയാണ് കാര്യങ്ങൾ പറഞ്ഞുതുടങ്ങിയത്: താൻ രാവിലെ വീട്ടിൽനിന്നിറങ്ങിയാൽ വൈകിട്ട് ആറു മണിയോടെ തിരിച്ചെത്തും. വന്നു കയറുമ്പോഴേ അമ്മ വന്ന് ഭാര്യയുടെ കുറെ കുറ്റങ്ങൾ പറയും, അല്ലെങ്കിൽ തനിക്കില്ലാത്ത എന്തിന്റെയെങ്കിലും (മരുന്ന്, കുഴമ്പ്) കാര്യം പറയും. റൂമിലേക്കു കയറുമ്പോൾ ഭാര്യ വന്ന് അമ്മയുടെ കുറ്റം പറയും. അമ്മ അവളെ ദ്രോഹിച്ച, ചീത്ത പറഞ്ഞ കാര്യങ്ങൾ. ഇതും കഴിഞ്ഞ് പുറത്തേക്കു വരുമ്പോൾ രണ്ടു മക്കളും അവരുടെ പരാതികളുമായി മുന്നിലെത്തും. വീട്ടിലെയും സ്കൂളിലെയും വിഷയങ്ങൾ. ഗോപിയുടെ പ്രശ്നം, ഇവരെയെല്ലാം കൂട്ടിയിണക്കി കൊണ്ടുപോകാൻ പലപ്പോഴും സാധിക്കുന്നില്ല എന്നതാണ്. അമ്മയോടു ദേഷ്യപ്പെട്ടാൽ ഭാര്യ വന്നതിൽപ്പിന്നെ മകനു തന്നോടു സ്നേഹമില്ലെന്ന് അമ്മ പറയും. ഭാര്യയോടു ദേഷ്യപ്പെട്ടാൽ, അമ്മയെയും മക്കളെയുമാണ് തനിക്കു കാര്യമെന്ന് ഭാര്യ നിലപാട് എടുക്കും. അങ്ങനെ കലഹം വർധിക്കുന്നു.

പുരുഷന്മാരെ സംബന്ധിച്ച് ഒരു 35 വയസ്സു മുതൽ 55 വയസ്സുവരെ അവർ സാൻവിച്ച് ജനറേഷനിൽകൂടി കടന്നുപോകുന്നവരാകും. അതായത്, വിവാഹശേഷം അവർ ഭാര്യയുടെ ആളായും വിവാഹത്തിനുമുമ്പും ശേഷവും മാതാപിതാക്കളുടെ സ്വന്തമായും, മക്കളായി കഴിയുമ്പോൾ മക്കളുടെ കൂട്ടുകാരനായും നിലകൊള്ളണം, സ്ഥാനമുറപ്പിക്കണം. ഇവരെയെല്ലാം സഹകരിപ്പിച്ചു തൃപ്തിപ്പെടുത്തി ജീവിക്കേണ്ട ഭാരിച്ച ഉത്തരവാദിത്വമാണ് ഒരു മകനുള്ളത്. ഇവരുടെയെല്ലാമിടയ്ക്ക് ഞെരുക്കപ്പെടുന്നതുകൊണ്ടാണ് സാൻവിച്ച് ജനറേഷൻ എന്നു പറയുന്നത്. ഇവിടെ പുരുഷന്മാർ ഈ സാഹചര്യം മുൻകൂട്ടി കാണുകയും ഓരോരുത്തരുടെയും സ്വഭാവപ്രത്യേകതകൾ പരിഗണിച്ച് അവരോട് ഇടപഴകുകയും വേണം.

വിവാഹത്തിനുശേഷം സ്നേഹം മുഴുവൻ ഭാര്യയോടാകുമോ, തങ്ങൾ അവഗണിക്കപ്പെടുമോ എന്ന ആകാംക്ഷ മാതാപിതാക്കൾക്കുണ്ടാകും. മാതാപിതാക്കളുടെ ഈ ആകാംക്ഷ തിരിച്ചറിയാനും അവരെ താൻ പരിഗണിക്കുന്നു, താൻ അവരെ സ്നേഹിക്കുന്നു എന്ന് അവരെ ബോധ്യപ്പെടുത്താനും മകനു കഴിയണം. എന്നാൽ, മാതാപിതാക്കൾ ഭാര്യയുടെ കുറവുകളെക്കുറിച്ച് പറഞ്ഞുവരുമ്പോഴേ അതിനെ ലഘൂകരിച്ചു കാണിക്കാനും അവളുടെ കുടുംബസാഹചര്യങ്ങളെക്കുറിച്ചും സ്വഭാവപ്രത്യേകതകളെക്കുറിച്ചും ബോധ്യപ്പെടുത്തി പോസിറ്റീവായി സംസാരിക്കാനും ഭർത്താക്കന്മാർ ശ്രദ്ധിക്കണം. ഭാര്യയെക്കുറിച്ചു മാതാപിതാക്കൾ പറയുമ്പോൾ, ഭർത്താവ് അവരുടെ കൂടെക്കൂടി അതിനെ പെരുപ്പിച്ച് ഭാര്യയെ കുറ്റപ്പെടുത്തിയാൽ, പിന്നീട് ഭാര്യയെക്കുറിച്ച് അവർ ഒരു നന്മപോലും പറയാൻ സാധ്യതയില്ല.



അതുപോലെതന്നെ, ഭാര്യ, മാതാപിതാക്കളുടെ കുറവുകളെക്കുറിച്ചു പറയുമ്പോൾ നിന്നെപ്പോലെതന്നെ എനിക്കു പ്രിയപ്പെട്ടവരാണ് മാതാപിതാക്കളെന്നും അവർക്കു നിന്നെയും നീ വളർന്ന സാഹചര്യങ്ങളെയും ജീവിതരീതികളെയും മനസ്സിലാകാഞ്ഞിട്ടാണ് എന്നു പറഞ്ഞുകൊണ്ട് കുറച്ചുകൂടി കാത്തിരുന്ന് അവരെ മനസ്സിലാക്കാനും അവരുമായി പൊരുത്തപ്പെടാനുമുള്ള പ്രേരണയും ഉപദേശവും ഭർത്താവ് നൽകണം. അപ്പോൾ, മാതാപിതാക്കളോടൊപ്പംനിന്നാലേ തന്റെ ഭർത്താവിന് തന്നോടു കൂടുതൽ സ്നേഹം തോന്നൂ എന്ന ഒരു സന്ദേശം ഭാര്യയ്ക്കു കിട്ടുകയും അതനുസരിച്ച് അഡ്ജസ്റ്റ് ചെയ്യാൻ പരിശ്രമിക്കുകയും ചെയ്യും. ഭാര്യയ്ക്കൊപ്പംനിന്നു മാതാപിതാക്കളെ കുറ്റംപറഞ്ഞാൽ, പിന്നെ ജീവിതകാലം മുഴുവൻ അതു കേട്ടുകൊണ്ടേയിരിക്കണം. കുറച്ചുകഴിയുമ്പോൾ ഭർത്താവിനെ ഭരിക്കാനുള്ള ഭരണപാടവം ഇക്കൂട്ടർ ആർജിക്കുകയും ചെയ്യും.

മക്കളായിക്കഴിഞ്ഞാൽ അവർക്കും ആവശ്യത്തിനു സമയം കൊടുക്കണം. പിതാവ് രാത്രിയിൽ താമസിച്ചാൽ ആധിപിടിക്കുന്ന മക്കളെ കാണാം. കാരണം, അവർക്ക് സുരക്ഷിതത്വം തോന്നുന്നില്ല, അപ്പൻ വീട്ടിൽ വരാതിരിക്കുന്നിടത്തോളം സമയം. ഇങ്ങനെ എല്ലാവർക്കും തുല്യപ്രാധാന്യം നൽകി ജീവിക്കാൻ തക്കവിധം പക്വതയിലേക്ക് ഒരു മകൻ, ഭർത്താവ്, അപ്പൻ വളരാൻ സ്വയം അറിഞ്ഞു പരിശ്രമിക്കണം. അങ്ങനെ മാത്രമേ ഈ സാൻവിച്ച് ജനറേഷനിലുള്ള ആൾക്കാർക്ക് മനഃസമാധാനവും ജീവിതവിജയവും കൈവരിക്കാൻ സാധിക്കുകയുള്ളൂ.

ഒരു നല്ല ഭർത്താവ്, കുടുംബനാഥൻ, പിതാവ് എന്ന നിലയിൽ പുരുഷന്മാരും, ഒരു നല്ല ഭാര്യ, കുടുംബനാഥ, അമ്മ എന്ന നിലയിൽ സ്ത്രീകളും തങ്ങളുടെ ജീവിതത്തിലെ റോളുകൾ തിരിച്ചറിഞ്ഞ് കുറവു കൂടാതെ ജീവിക്കുന്നിടത്താണ് കുടുംബം സന്തോഷപൂർണമാവുക.

■

# യശഃശരീരൻ

**ശ്രേഷ്ഠമലയാളം**

ഡോ. ഡേവിസ് സേവ്യർ



യശസ്സാകുന്ന ശരീരത്തോടു കൂടിയവനെ യശഃശരീരൻ എന്നാണു വ്യവഹരിക്കേണ്ടത്. പരേതനായ കീർത്തിമാനാണ് യശഃശരീരൻ. മരിച്ചിട്ടും കീർത്തിക്കപ്പെടുന്നവനാണ് അയാൾ. പരേതയാണെങ്കിൽ യശഃശരീര എന്നു പറയണം. കീർത്തിയാകുന്ന ശരീരത്തോടു കൂടിയവരാണ് യശഃശരീരർ. (യശഃശരീരൻ, യശഃശരീര, യശഃശരീരർ.)

യശഃശരീരൻ എന്ന സംസ്കൃതശബ്ദത്തെ, യശശരീരൻ, യശ്ശശ്ശരീരൻ, യശഃശ്ശരീരൻ എന്നിങ്ങനെ പലവിധം എഴുതിക്കാണുന്നു. വ്യാകരണശുദ്ധി യശഃശരീരൻ എന്ന പ്രയോഗത്തിനാണ്. വ്യക്തമാക്കാം: യശഃശരീരൻ എന്ന സമസ്തപദത്തിന്റെ പൂർവരൂപം യശഃ(യശസ്) എന്നാണ്. ഇതിലെ വിസർഗ്ഗം ഉത്തരപദാരംഭത്തിലെ ശ യ്ക്കു മുമ്പിൽ ശ് എന്നാകും (1) അങ്ങനെയാണ് (യശസ്) യശഃ+ശരീരം, സന്ധിയിൽ യശഃശരീരം (യശശ്ശരീരം) എന്നായിത്തീരുന്നത്. "ഊഷ്മാക്കൾ പിൻവരുമ്പോൾ വിസർഗ്ഗത്തിനു വികല്പേന സകാരാദേശം" (2) എന്നാണല്ലോ നിയമവും അനുശാസിക്കുന്നത്. (യശസ്)→ യശഃ + ശരീരം = യശഃശരീരം; യശശ്ശരീരം).

'അശുവ്യാപ്തൗ' (ദിക്കുകളെ വ്യാപിക്കുന്നത്) എന്ന വിവക്ഷിതത്തിൽ 'യശസ്' കീർത്തിയാകുന്നു. 'യശസ്' ഭാഷയിൽ യശസ്സ് എന്നാകും! പദാന്ത്യേ വ്യഞ്ജനം വന്നാൽ സംവൃതം ചേർത്തു ചൊല്ലുക എന്ന ഭാഷാനിയമപ്രകാരം യശസ്സ് എന്നുതന്നെ എഴുതണം. അതായത്, അന്ത്യവ്യഞ്ജനത്തിന് ഇരട്ടിപ്പും അരയുകാരവും ചേർക്കണമെന്നർത്ഥം.

സംസ്കൃതപദങ്ങളിലേ പൊതുവെ വിസർഗ്ഗമുള്ളൂ. പിന്നിൽ വരുന്ന വ്യഞ്ജനത്തിന് ദ്വിത്വം കൊടുത്ത് മിക്കവാറും ഇതൊഴിവാക്കാവുന്നതാണ് (പദമധ്യത്തിൽ വരുന്ന ദുഃഖം മാത്രം ഇതിനു വഴങ്ങുന്നില്ല). അങ്ങനെയെങ്കിൽ യശഃശരീരൻ എന്നതിലെ വിസർഗ്ഗം ഉപേക്ഷിച്ച് യശശ്ശരീരൻ എന്നെഴുതി ശീലിച്ചാൽ സ്ഥാനത്തും അസ്ഥാനത്തും വിസർഗം ഉപയോഗിക്കുന്ന പ്രവണത ഇല്ലാതായിക്കൊള്ളും. സംസ്കൃതവൈയാകരണന്മാർ യശശ്ശരീരൻ എന്ന രൂപത്തെയും ശുദ്ധമെന്നു ഗണിച്ചിട്ടുണ്ട്.

*അനുബന്ധം*

സംസ്കൃതം: പിടിയില്ലാത്തവർക്ക് കാണുന്നിടത്തൊക്കെ വിസർഗ്ഗമിടാനുള്ള ഭാഷ (എം. കൃഷ്ണൻനായർ).

1. ദാമോദരൻനായർ, പി., അപശബ്ദബോധിനി, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 2013, പുറം – 532.

2. ജോൺ, കുന്നപ്പള്ളി, പ്രക്രിയാഭാഷ്യം, ഡി.സി. ബുക്സ്, കോട്ടയം, 1989, പുറം – 55.

# എന്റെ ഗ്രാമം

**കവിത**

ഹരി കിടങ്ങൂർ



പൂന്തെന്നൽ കസവുനൂൽ
പുടവ തുന്നും നേരം
പൂർവാംബരം കുങ്കുമക്കുറി-
യണിഞ്ഞു നില്ക്കും.

കുളികഴിഞ്ഞൊരു പെൺകൊടി
മുടിയുണക്കുംപോലെ
എന്റെ ഗ്രാമസുന്ദരി
മഞ്ഞണിഞ്ഞു നില്ക്കും

കുപ്പിവളതൻ മർമരം
ചെറുചോലകൾ മുഴക്കവേ
പൊന്നരഞ്ഞാൺമണി കിലുക്കി
പുഴ കുണുങ്ങിയോടും

ശംഖനാദമുയരവേയുണരു-
ന്നൊരീ കല്പടവിലെ
ഈറൻ ചൂടിയ മേനിയിൽ
കുളിർകാറ്റു വന്നു പുല്കും

നാദഘോഷലഹരിയിൽ
അലിയുന്നൊരീ മണിമേടയിൽ
ചിറകടിക്കും വെൺപിറാക്കൾ
പുലരി തേടിപ്പോകും.

സസ്യശ്യാമളകോമളാംഗി
ഭാമിനീ സുഖമേദിനീ
വക്ഷസോടു ചേർത്തുമെല്ലെ-
യെന്നെയൊന്നു പുല്കൂ.

എന്റെ നാടെന്റെ ഗ്രാമസുന്ദരിയെ
കണ്ടോ
എന്നുമവളെൻ പ്രണയിനിയെൻ
മനനികുഞ്ജവിലാസിനി.

# വസ്ത്രധാരണത്തിലെ വാദകോലാഹലങ്ങൾ



സിജോ പൈനാടത്ത്

അറിവില്ലായ്മ ഒരു കുറ്റമല്ല. പക്ഷേ, അറിവുള്ളവരെന്നു പൊതുവെ കരുതപ്പെടുന്നവർ, അറിവെഴുത്തിന്റെ മറവിൽ വികലവ്യാഖ്യാനങ്ങൾ നടത്തുന്നതിനെ അറിവുള്ളവരും അല്ലാത്തവരും തിരിച്ചറിയുകയും പ്രതിരോധിക്കുകയും വേണം. മുൻമന്ത്രിയും നിലവിൽ എംഎൽഎയുമായ കെ.ടി. ജലീൽ, വസ്തുതകൾക്കു വികലവ്യാഖ്യാനമൊരുക്കാനും വിവാദങ്ങളിൽ ഇടം നേടാനുമുള്ള വൈഭവം പണ്ടേ തെളിയിച്ചിട്ടുണ്ട്.

ഏറ്റവുമൊടുവിൽ, കന്യാസ്ത്രീകളുടെ വേഷത്തെക്കുറിച്ചായിരുന്നു ടിയാന് ആശങ്കയും അസ്വസ്ഥതയും. 'ഹിജാബും കന്യാസ്ത്രീവേഷവും കോടതികളും' എന്ന തലക്കെട്ടിൽ തന്റെ ഫേസ്ബുക്ക് പേജിൽ എഴുതിയ കാര്യങ്ങൾ, ക്രൈസ്തവവിരുദ്ധതയുടെ പച്ചച്ചിഹ്നമൊട്ടിച്ച ജലീലിന്റെ മനോനിലമാത്രമല്ല അടയാളപ്പെടുത്തുന്നത്; മതേതരസമൂഹത്തിൽ ഒരു ജനപ്രതിനിധി ആരാകരുത് എന്നതുകൂടിയാണ് ഓർമിപ്പിക്കുന്നത്.

കെ.ടി. ജലീലിന്റെ ഫേസ്ബുക്ക് കുറിപ്പിലെ ചില ഭാഗങ്ങൾ ഇങ്ങനെ :

'ഹിജാബ് (ശിരോവസ്ത്രം അഥവാ തട്ടം അല്ലെങ്കിൽ സ്കാഫ്) ആരുടെ മേലും നിർബന്ധമാക്കരുത്. നിരോധിക്കുകയുമരുത്. അർധനഗ്നതയും മുക്കാൽ നഗ്നതയുമൊക്കെ അനുവദനീയമായ നാട്ടിൽ, മുഖവും മുൻകൈയും ഒഴികെ മറ്റെല്ലാ ശരീരഭാഗങ്ങളും മറയ്ക്കാൻ താത്പര്യമുള്ളവരെ അതിനും അനുവദിക്കണം. അല്ലെങ്കിൽ അതിനെ വിളിക്കുന്ന പേരാണ് അനീതി. ഒന്നിനെ സ്വാതന്ത്ര്യവും മറ്റൊന്നിനെ അസ്വാതന്ത്ര്യവുമായി കാണേണ്ട കാര്യമില്ല.

എന്ത് ഉണ്ണണമെന്നും എന്ത് ഉടുക്കണമെന്നും നിഷ്കർഷിക്കുന്നത് ജനാധിപത്യവിരുദ്ധമാണ്. ആരെന്തു ഭക്ഷണം കഴിച്ചാലും ആരെന്തു ധരിച്ചാലും അത് മറ്റൊരാളെ ബാധിക്കുന്ന വിഷയമേയല്ല. മുലമറയ്ക്കാനുള്ള പോരാട്ടം നടന്ന നാട്ടിൽ തല മറയ്ക്കാനുള്ള പോരാട്ടത്തിന് ഒരുപറ്റം സ്ത്രീകൾക്ക് ഇറങ്ങിത്തിരിക്കേണ്ടിവരുന്നത് ലജ്ജാകരമാണ്...

കുട്ടികൾക്കു പാടില്ലാത്തത് പഠിപ്പിക്കുന്ന അധ്യാപികമാർക്ക് പാടുണ്ടാകുന്നതിന്റെ വൈരുധ്യം മനസ്സിലാകുന്നില്ല. കന്യാസ്ത്രീകളായ ടീച്ചർമാർക്ക് 'ഹിജാബ്' അനുവദിക്കപ്പെട്ടേടത്ത് വിദ്യാർഥിനികൾക്ക് സമാന അവകാശം അനുവദിക്കില്ലെന്ന വാശി ദുരൂഹമാണ്.

കന്യാസ്ത്രീവേഷത്തിൽ എത്രയോ കോളജുകളിലും സർവകലാശാലകളിലും പെൺകുട്ടികൾ പഠിക്കുന്നുണ്ട്. ആരും അതിനെ ഇതുവരെ എതിർത്തിട്ടില്ല. ആരും കേസിനു പോയിട്ടുമില്ല. ഒരു കോടതിയും അക്കാര്യത്തിൽ ഇടപെട്ടിട്ടുമില്ല.

എന്നിരിക്കെ 'ഹിജാബി'ന്റെ കാര്യത്തിൽ മാത്രം എന്തിനീ കോലാഹലം?'

**എന്തുകൊണ്ട് അറിവില്ലായ്മ?**

മുസ്ലീം സ്ത്രീകളുടെ ഹിജാ



ബിനെയും ക്രൈസ്തവസന്ന്യാസിനിമാരുടെ വെയ്ൽ ഉൾപ്പെടെയുള്ള സന്ന്യാസവസ്ത്രത്തെയും ഒന്നായി ധരിക്കുന്ന ജലീലിയൻ ചിന്തയിലാണ്, ഇക്കാര്യത്തിലുള്ള അദ്ദേഹത്തിന്റെ അറിവില്ലായ്മ പ്രകടമാകുന്നത്. സ്കൂൾക്കുട്ടികളുടെ യൂണിഫോമും ബഹുമാനപ്പെട്ട സന്ന്യാസിനികളുടെ തിരുവസ്ത്രവും താരതമ്യം ചെയ്യാനുള്ള അനാവശ്യ ചങ്കൂറ്റവും അദ്ദേഹത്തിനുണ്ടായി. നിരോധിക്കപ്പെട്ടൊരു തീവ്രവാദസംഘടനയുടെ പഴയ നേതാവെന്ന അലങ്കാരം നെറ്റിയിലൊട്ടിച്ച ടിയാന് കഷായം കഴിക്കുംപോലെ ഇടയ്ക്കിടയ്ക്ക് ക്രൈസ്തവവിരുദ്ധതയുടെ മേമ്പൊടി പുറത്തേക്കൊഴുക്കിയില്ലെങ്കിൽ ഉറക്കക്കുറവുണ്ടാകുമെന്നാണ്, പുതിയ ഇടതുസഹയാത്രികൻ നിശ്ശബ്ദമായി ഓർമിപ്പിക്കുന്നത്. ഇന്നു നടക്കുന്ന വഴി ചുവന്നതാണെങ്കിലും വന്ന വഴി മറക്കാൻ പാടില്ലാത്തതാണെന്ന് അദ്ദേഹത്തിനു നന്നായി അറിയാം.

**മറുപടി ഉടനടി**

കന്യാസ്ത്രീകളുടെ വേഷത്തെക്കുറിച്ചു വല്ലാതെ വേവലാതിപ്പെട്ടു കുളം കലക്കാമെന്നു കരുതിയ മുൻമന്ത്രിക്കു മണിക്കൂറുകൾക്കുള്ളിൽതന്നെ കൃത്യമായ മറുപടി കിട്ടി. അദ്ദേഹം ഉന്നയിച്ച എല്ലാ ആശങ്കകൾക്കും ചോദ്യങ്ങൾക്കും കുറിക്കുകൊള്ളുന്ന മറുപടി സോഷ്യൽ മീഡിയയിൽത്തന്നെ കുറിച്ചത് സിസ്റ്റർ സോണിയ തെരേസ് ഡിഎസ്ജെ ആയിരുന്നു. അതിലെ പ്രസ്തക്തഭാഗങ്ങൾ ഇങ്ങനെ:

"ഒരു ക്രൈസ്തവയുവതി സന്ന്യാസിനിയാകാൻ ആഗ്രഹിച്ച് ഏതെങ്കിലും ഒരു മഠത്തിന്റെ പടികൾ കടന്നുചെന്നാൽ, ഇന്നാ പിടിച്ചോ, നീ ഈ വെയിലും വസ്ത്രവും ധരിച്ച് ഇനി മുതൽ ഇവിടെ ജീവിച്ചാൽ മതി" എന്ന് ഒരു സന്ന്യാസസഭയുടെ അധികാരികളും പറയില്ല. കാരണം, അവൾ കടന്നുപോകേണ്ട ചില കടമ്പകൾ ഉണ്ട്. അതായത്, കുറഞ്ഞത് അഞ്ചു വർഷം എന്താണു സന്ന്യാസമെന്ന് ആദ്യം തന്നെ ദൈവവചനത്തിന്റെ വെളിച്ചത്തിൽ വ്യക്തമായി പഠിക്കണം. പിന്നെ അവരായിരിക്കുന്ന സന്ന്യാസസഭയുടെ നിയമാവലികളും അതതു സന്ന്യാസസഭയുടെ ഡ്രസ്സ് കോഡും എന്താണ്, അത് എന്തിനു ധരിക്കുന്നു തുടങ്ങിയ കാര്യങ്ങൾ വ്യക്തമായി പഠിച്ചശേഷം അവൾക്കു ബോധ്യമായ കാര്യങ്ങൾ ജീവിതത്തിൽ പാലിക്കാൻ കഴിയുമെന്ന ഉറച്ച ബോധ്യം ഉണ്ടെങ്കിൽ മാത്രം, (ആരുടെയും നിർബന്ധത്തിനു വഴങ്ങിയല്ല) പൂർണ സ്വാതന്ത്ര്യത്തോടെ മാത്രം തിരഞ്ഞെടുക്കുന്ന ഒരു ജീവിതാന്തസ്സാണ് സന്ന്യാസം.

"ക്രൈസ്തവസന്ന്യസ്തർ ഏതെങ്കിലും കോളജിൽ പഠിക്കാൻ ചെല്ലുമ്പോൾ സന്ന്യാസവസ്ത്രം പാടില്ല എന്ന് ആ സ്ഥാപനം നിബന്ധന വച്ചാൽ, ഞങ്ങൾ ആരും സന്ന്യാസവസ്ത്രത്തോടെ എനിക്ക് അവിടെ പഠിച്ചേ മതിയാകൂ എന്ന് ഒരിക്കലും വാശി പിടിക്കാറില്ല. അല്ലെങ്കിൽ സന്ന്യാസിനിയായ ഒരാൾക്കുവേണ്ടി 3000 കുട്ടികൾ പഠിക്കുന്ന സ്ഥാപനത്തിലെ നിയമം പൊളിച്ചെഴുതണമെന്നു പറഞ്ഞ് ഞങ്ങളാരും പ്രകോപനവും മാർച്ചുമായി അവരെ ശല്യം ചെയ്യാറില്ല. യൂണിഫോം കോഡുള്ള സ്ഥാപനത്തിൽ ആ യൂണിഫോം സ്വീകരിക്കാൻ സന്ന്യാസസഭയുടെ നിയമം അനുവദിക്കുന്നില്ലെങ്കിൽ മറ്റ് ഏതെങ്കിലും സ്ഥാപനത്തിൽ പോയി പഠിക്കും. ഒരു യൂണിഫോമിനുവേണ്ടി ആളെക്കൂട്ടി കലാപമുണ്ടാക്കുന്ന തരംതാണ ശൈലി ഞങ്ങൾക്കില്ല...

"ഏതു മതമാണെങ്കിലും ഏതു ജീവിതാന്തസ്സ് ആണെങ്കിലും ആരും ആരെയും അടിച്ചേല്പിക്കുന്ന ഒന്നായിരിക്കരുത് വസ്ത്രധാരണം. പിന്നെ പ്രായപൂർത്തിയായ ഒരുവൾ പൂർണ സ്വാതന്ത്ര്യത്തോടെ തിരഞ്ഞെടുത്ത ഒരു ജീവിതാന്തസ്സിനെ നോക്കി പിറുപിറുക്കാനും കുറ്റപ്പെടുത്താനും പോകുന്നത് അവ



ളുടെ മൗലികസ്വാതന്ത്ര്യത്തിലേക്കുള്ള ഒരു കടന്നുകയറ്റമാണ്. അതുകൊണ്ട് പരസ്പരം ബഹുമാനിക്കാൻ പഠിക്കാം."

സിസ്റ്റർ സോണിയ തെരേസിന്റെ അവസരോചിതവും സമഗ്രവുമായ മറുപടി സാമൂഹികമാധ്യമങ്ങളിൽ മിനിട്ടുകൾക്കുള്ളിൽ വൈറലായെന്നു മാത്രമല്ല, മുഖ്യധാരാമാധ്യമങ്ങൾ പോലും വാർത്തയാക്കി. ക്രൈസ്തവസന്ന്യാസത്തെയും അവരുടെ വസ്ത്രധാരണരീതികളെയും താറടിച്ചുകാട്ടാനുള്ള കെ.ടി. ജലീലിന്റെ കുറിപ്പിലെ എല്ലാ കുന്തമുനകളും തകർന്നു തരിപ്പണമാകുന്ന കാഴ്ചയാണ് പിന്നീടു കണ്ടത്. അദ്ദേഹത്തിന്റെതന്നെ ഫേസ്ബുക്ക് പേജിലെ കമന്റ് ബോക്സിൽ വന്ന പ്രതികരണങ്ങളുടെ ചൂടും കെ.ടി. ജലീൽ വായിച്ചറിഞ്ഞിട്ടുണ്ടാകും.

സിസ്റ്ററുടെ മറുകുറിപ്പിൽ ഇരിക്കപ്പൊറുതി നഷ്ടമായ മുൻ മന്ത്രി അതിനും എഴുതി മറുപടി. തുറന്ന കത്ത് എന്നു കാട്ടി ജലീൽ തന്റെ ഫേസ്ബുക്ക് പേജിലിട്ട കുറിപ്പിനും കിട്ടി സിസ്റ്റർ സോണിയയുടെ വസ്തുനിഷ്ഠമായ ചുട്ട മറുപടി.

ക്രൈസ്തവവിരുദ്ധമായ പ്രവണതകൾക്കു പണ്ടൊക്കെ പിന്നെപ്പിന്നെയായിരുന്നു പ്രതികരണം. ഇപ്പോൾ ഉടനടിയാണെന്നതുകൂടിയാണ് സിസ്റ്റർ സോണിയയുടെ ശക്തമായ എഴുത്ത് ഓർമിപ്പിക്കുന്നത്.

**കല്ലെറിയാൻ ഊഴം കാക്കുന്നവർ**

കത്തോലിക്കാസഭയെയും സവിശേഷമായി സന്ന്യാസത്തെയും അവഹേളിക്കാൻ അവസരം പാർത്തിരിക്കുന്നവർ ഒന്നല്ല ഒരായിരമുണ്ടെന്നറിയണം. വഴിയേ പോകുന്നവർക്കെല്ലാം ഒരു കല്ലെടുത്തെറിയാനുള്ളതാണ് സഭയും സന്ന്യാസവുമെന്നൊക്കെ പലരും ധരിച്ചുവച്ചിരിക്കുന്നു. സന്ന്യസ്തരുടെ സേവനത്തിന്റെ തണൽകൊണ്ടവർ, അവരുടെ കരുതലിന്റെ നന്മയറിഞ്ഞവർ, അവർ തെളിച്ച പ്രകാശത്തിൽ സഞ്ചരിച്ചവർ... അവർകൂടിയാണ് കല്ലെറിയാൻ ഊഴം കാത്തുനിൽക്കുന്നവരിലുള്ളതെന്നത് അദ്ഭുതപ്പെടുത്തുന്നതാണ്.

കല്ലേറുകളേറെയേൽക്കുമ്പോഴും കല്ലെറിയുന്നവർക്കുകൂടി തണലൊരുക്കാൻ തഴച്ചു വളരുന്നൊരു നന്മമരത്തിന്റെ പേരാണല്ലോ സന്ന്യാസം.

■

# വാഴ്ത്തപ്പെട്ട കാർളോ അക്യൂട്ടിസിന്റെ ജീവിതം അഭ്രപാളിയിലേക്ക്

മാഡ്രിഡ്: ദിവ്യകാരുണ്യഭക്തിയിലൂടെ വിശുദ്ധിയുടെ പടവുകൾ കയറിയ വാഴ്ത്തപ്പെട്ട കാർളോ അക്യൂട്ടിസിനെ കേന്ദ്രമാക്കി സ്പെയിൻ സ്വദേശിയായ ജോസ് മരിയ സവാല തയ്യാറാക്കുന്ന ഡോക്യുമെന്ററി ചലച്ചിത്രം ഈ വർഷം അവസാനത്തിനുമുമ്പായി റിലീസ് ചെയ്യും. 'സ്വർഗത്തിനു കാത്തിരിക്കുവാൻ കഴിയില്ല' എന്ന ഡോക്യുമെന്ററി സിനിമയുടെ ഔദ്യോഗികഗാനം കഴിഞ്ഞ ദിവസം അണിയറക്കാർ പുറത്തുവിട്ടിരുന്നു.



സ്പെയിനിലെ ഗെറ്റാഫെ രൂപതയിലെ വിശുദ്ധ ഡോമിങ്ങോ ഡെ സിലോസിന്റെ നാമധേയത്തിലുള്ള പിന്റോ ഇടവകയുടെ സഹകരണത്തോടെയാണ് ഇപ്പോൾ പുറത്തുവിട്ടിരിക്കുന്ന ഔദ്യോഗികഗാനം ഭാഗികമായി ചിത്രീകരിച്ചിരിക്കുന്നതെന്ന് അണിയറപ്രവർത്തകർ വ്യക്തമാക്കി. ഇടവകവികാരിയും, പാറോക്കിയൽ വികാറും ചിത്രീകരണത്തിൽ പങ്കാളികളായിട്ടുണ്ട്. 2018 ൽ 'ഒപ്രാസിയോൺ ട്രിയുൻഫോ' എന്ന ടെലിവിഷൻ സംഗീതപരിപാടിയിൽ പങ്കെടുത്തിട്ടുള്ള ലൂയിസ് മാസ് ആണ് ഗാനം ചിട്ടപ്പെടുത്തിയിരിക്കുന്നത്.

കാർളോയുടെ മാധ്യസ്ഥ്യത്താൽ ജീവിതം നവീകരിച്ച നാലു യുവാക്കളുടെ സാക്ഷ്യവും ഉൾപ്പെടുത്തിയാണ് സിനിമ നിർമിച്ചിരിക്കുന്നത്. ക്രിസ്തുവിന്റെ പഞ്ചക്ഷതങ്ങൾകൊണ്ടു പ്രസിദ്ധനായ വിശുദ്ധ പാദ്രെ പിയോയുമായുള്ള കാർളോയുടെ ആത്മീയ അടുപ്പത്തെക്കുറിച്ചും, 2006 ൽ അടക്കം ചെയ്തിരുന്ന കാർളോയുടെ മൃതദേഹം 2019 ജനുവരി 23 ന് പുറത്തെടുത്തപ്പോൾ ശരീരഭാഗങ്ങൾ അഴുകാതെ ഇരുന്നതിനെക്കുറിച്ചും ഡോക്യുമെന്ററി സിനിമയിൽ വിവരിക്കുന്നുണ്ട്.

# വിസ്മയക്കാഴ്ചകളുടെ വിശാലയിടങ്ങൾ

**ടൂറിസം**



**ഹണി സുധീർ**

യാത്രകൾക്കു പല മാനങ്ങളുണ്ടാകും. കാഴ്ചകൾ തേടിപ്പോകുന്നവർ, ചരിത്രം തേടിപ്പോകുന്നവർ, ഷോപ്പിങ് ആരാധകർ... പല വഴികളിൽക്കൂടിയാണെങ്കിലും, രുചികൾ ഒരു പ്രധാനഘടകമാണ്. നല്ല ഭക്ഷണം ലഭ്യമാകുന്ന സ്ഥലങ്ങൾ ആളുകൾ തിരഞ്ഞെടുക്കാൻ തുടങ്ങിക്കഴിഞ്ഞു. അതുപോലെതന്നെ പ്രാധാന്യമുള്ളതാണ് പ്രാദേശിക സൂചികകൾ. ടൂറിസവുമായി



ഏറെ അടുത്തുനിൽക്കുന്ന ഈ സൂചികകളാണ് ദേശചരിത്രം കാത്തുസൂക്ഷിക്കുന്നതും വിളിച്ചുപറയുന്നതും.

പല ദേശങ്ങളും അത്തരത്തിൽ ചരിത്രത്തിൽ ഇടംപിടിക്കുകയും അതിലൂടെ സഞ്ചാരികളെ ആകർഷിക്കുകയും ചെയ്തുവരുന്നു.

കേരളത്തിന്റെ പൈതൃക ബിംബങ്ങളിൽ ഒന്നായ ആറന്മുളക്കണ്ണാടി മേല്പറഞ്ഞവയിലൊന്നാണ്. ആറന്മുള എന്ന കുട്ടനാടൻ ഗ്രാമത്തിൽ നിർമിച്ചുവരുന്ന വാൽക്കണ്ണാടിയാണ് ആറന്മുളക്കണ്ണാടി. ഇന്ത്യയിലെ പ്രാദേശസൂചികബഹുമതി ലഭിച്ചിട്ടുള്ള കേരളീയ ഇനങ്ങളിൽ ഒന്നാമതാണ് ആറന്മുളക്കണ്ണാടി. ലണ്ടനിലെ ബ്രിട്ടീഷ് മ്യൂസിയത്തിലും ആറന്മുളക്കണ്ണാടി സ്ഥാനം പിടിച്ചിട്ടുണ്ട്. വിദേശികളെ ആകർഷിക്കുന്ന ഒരു ആന്റിക് ഐറ്റമാണിത്.

ഭൂമിശാസ്ത്രപരമായ പ്രത്യേകതകൊണ്ട് പ്രാദേശികസൂചികയിൽ ഇടംപിടിച്ചിട്ടുള്ള ഒരു ഉത്പന്നമാണ് മട്ട. ചുവന്നനിറത്തോടുകൂടിയ ഈ അരി പല തരത്തിലുണ്ട്. കേരളത്തിന്റെ കാർഷികജില്ലകൂടിയായ പാലക്കാട്ടാണ് ഈ അരി കൂടുതലായി കൃഷി ചെയ്യുന്നത്. കാർഷിക ജലസേചനത്തിനുവേണ്ടി ഏറെ അണക്കെട്ടുകളുള്ള പാലക്കാടു ജില്ലയിലെ മലമ്പുഴ അണക്കെട്ട് വിനോദസഞ്ചാരികളുടെ പ്രധാന സങ്കേതം കൂടിയാണ്. സഹ്യപർവതത്തിന്റെ മനോഹാരിത വിളിച്ചോതുന്ന ഈ അണക്കെട്ടിന്റെ പരിസരത്ത് കാനായി കുഞ്ഞിരാമൻ ഒറ്റക്കല്ലിൽ പണിതുവച്ചിരിക്കുന്ന പ്രശസ്തമായ യക്ഷി



എന്ന ശില്പസൗന്ദര്യം സഞ്ചാരികളെ എന്നും ക്ഷണിക്കുന്ന വന്യസൗന്ദര്യമാണ്.

കേരളത്തിൽ ഏറ്റവും കൂടുതൽ വനവിഭവങ്ങൾ ലഭ്യമാകുന്ന സ്ഥലമാണ് അട്ടപ്പാടി. പാലക്കാട് ജില്ലയിലെ മണ്ണാർക്കാടിനടുത്ത് സൈലന്റ് വാലി ദേശീയോദ്യാനത്തിനടുത്തുള്ള മലയോരമേഖലയാണ് അട്ടപ്പാടി. ആദിവാസി ഗോത്രസമൂഹത്തിന്റെ തനത് നാടൻപാട്ടിലൂടെ ദേശീയ പുരസ്കാരം നേടിയ നഞ്ചമ്മയുടെ നാട്. ഗോത്രസമൂഹത്തിന്റെ കലയും കരകൗശലമികവും എടുത്തുപറയേണ്ടതാണ്. സഞ്ചാരികളുടെ ശ്രദ്ധനേടിയ അട്ടപ്പാടി പ്രകൃതിമനോഹരമായൊരു ഇടമാണ്. സഞ്ചാരികൾക്കായി നിരവധി ഹോംസ്റ്റേകളും റിസോർട്ടുകളും ഉയർന്നുകഴിഞ്ഞു. അട്ടപ്പാടിയെ കേരള സർക്കാർ മില്ലെറ്റ് ഗ്രാമം എന്ന പേരുനൽകി ആദരിച്ചിട്ടുണ്ട്.

ടൂറിസവും വ്യവസായവും കൂടിച്ചേർന്ന മില്ലറ്റ് ഗ്രാമം കേരളത്തിന് ആരോഗ്യകരമായ നാടൻ രുചികൾ പരിചയപ്പെടുത്തുന്നുണ്ട്. കൈതയോലകൊണ്ടും മുളകൊണ്ടുമുള്ള കരകൗശലവസ്തുക്കൾ ഇവിടത്തെ ശ്രദ്ധ നേടിക്കൊടുക്കുന്ന ഉത്പന്നങ്ങളാണ്. ഇവിടെ ലഭിക്കുന്ന മുളയരി ഏറെ പ്രസിദ്ധമാണ്.

പ്രകൃതിസൗന്ദര്യം കൊണ്ടും കാലാവസ്ഥകൊണ്ടും ധാരാളം സഞ്ചാരികളെ ആകർഷിക്കുന്ന മറ്റൊരു സ്ഥലമാണ് മൂന്നാർ. ഇടുക്കി ജില്ലയുടെ റാണി എന്നു വേണമെങ്കിൽ പറയാം. പന്ത്രണ്ടു വർഷത്തിലൊരിക്കൽ പൂക്കുന്ന നീലക്കുറിഞ്ഞികൾ കാണുന്നത് മൂന്നാറിലും പരിസരപ്രദേശങ്ങളിലുമാണ്. ഏകദേശം ഒരു മാസത്തോളം വിരിഞ്ഞുനിൽക്കുന്ന പൂക്കൾ നിറഞ്ഞ മലമേടുകൾ കാണാൻ സഞ്ചാരികളുടെ ഒരൊഴുക്കുതന്നെ സീസണുകളിൽ ഉണ്ടാവാറുണ്ട്.

അതുപോലെതന്നെ, മറയൂരിലെ ശർക്കര ഏറെ പ്രസിദ്ധമാണ്. കരിമ്പ്, കാരറ്റ്, ബീറ്റ്റൂട്ട് തുടങ്ങിയ പച്ചക്കറികൾ കൃഷി ചെയ്യുന്ന സ്ഥലങ്ങളായ വട്ടവട, കാന്തല്ലൂർ, ചിന്നാർ കടുവസങ്കേതം തുടങ്ങി ഇടുക്കി ജില്ല മഞ്ഞും തണുപ്പും തേയിലത്തോട്ടങ്ങളും ഇഷ്ടപ്പെടുന്ന സഞ്ചാരികളുടെ ഇഷ്ടസ്ഥലമാണ്. തേയില, കാപ്പി, സുഗന്ധവ്യഞ്ജനങ്ങൾ തുടങ്ങിയവ ഇവിടെ സഞ്ചാരികൾക്കു ലഭ്യമാണ്.

2018 ലെ പ്രളയത്തിൽ നശിച്ചുപോയ ചേന്ദമംഗലം കൈത്തറി യൂണിറ്റുകളിലെ ചേറിൽ മുങ്ങിയ കൈത്തറിമുണ്ടുകൾ പിന്നീട് ചേക്കുട്ടിപ്പാവകളായി പ്രശസ്തി നേടി വിറ്റഴിഞ്ഞുപോയി. ചേന്ദമംഗലം എന്ന ഗ്രാമത്തെ ദേശാന്തരപ്രശസ്തമാക്കിയത് കൈത്തറിവ്യാപാരമാണ്. അതുപോലെതന്നെ കുത്താ



മ്പുള്ളി, ബാലരാമപുരം തുടങ്ങിയ കൈത്തറിഗ്രാമങ്ങൾ സഞ്ചാരികളെ ആകർഷിച്ചുവരുന്നുണ്ട്. നെയ്ത്തുഗ്രാമങ്ങൾ കാണാനും, ഇഷ്ടവസ്ത്രങ്ങൾ നേരിട്ടു വാങ്ങാനും ആളുകൾ എത്തുന്നു.

ആഭരണങ്ങളിൽ പയ്യന്നൂർ പവിത്രമോതിരം ഏറെ പ്രശസ്തമാണ്. പയ്യന്നൂർ ദേശത്തിന് പ്രാദേശികസൂചികയിൽ ഇടം നേടിക്കൊടുത്ത ഒരു ആഭരണമാണിത്.

ഓരോരോ ദേശങ്ങളെ ചൂണ്ടിക്കാണിക്കുന്ന ഉത്പന്നങ്ങളും വിഭവങ്ങളും ഇനിയും അനവധിയാണ്. ദൈവത്തിന്റെ സ്വന്തം നാടായ നമ്മുടെ കേരളത്തിന്റെ തനതുസംസ്കാരവും കീർത്തിയും ലോകമെങ്ങും വ്യാപിപ്പിക്കുന്നതിൽ സഞ്ചാരികളുടെ പങ്ക് എടുത്തു പറയേണ്ടതാണ്. ■

# മാർ ജോസഫ് കൊല്ലംപറമ്പിലും മാർ തോമസ് പാടിയത്തും അഭിഷിക്തരായി



*നവാഭിഷിക്തരായ മാർ ജോസഫ് കൊല്ലംപറമ്പിലും മാർ തോമസ് പാടിയത്തും മേജർ ആർച്ചുബിഷപ് കർദിനാൾ മാർ ജോർജ് ആലഞ്ചേരിയോടൊപ്പം.*

ഷംഷാബാദ്: ഷംഷാബാദ് രൂപതയുടെ സഹായമെത്രാന്മാരായി മാർ ജോസഫ് കൊല്ലംപറമ്പിലും മാർ തോമസ് പാടിയത്തും അഭിഷിക്തരായി.

ഷംഷാബാദിലെ ബാഡംഗ്പേട്ട് ബാലാജി നഗറിലുള്ള സികെആർ ആൻഡ് കെടിആർ കൺവെൻഷൻ സെന്ററിൽ പ്രത്യേകം സജ്ജമാക്കിയ വേദിയിൽ തിങ്ങിനിറഞ്ഞ വിശ്വാസിസമൂഹത്തിന്റെ സാന്നിധ്യത്തിലാണ് മെത്രാഭിഷേകച്ചടങ്ങുകൾ നടന്നത്.

ഇരുപത്തഞ്ചോളം ബിഷപ്പുമാർ ചടങ്ങിൽ പങ്കെടുത്തു. സീറോ മലബാർ സഭ മേജർ ആർച്ചുബിഷപ് കർദിനാൾ മാർ ജോർജ് ആലഞ്ചേരിയുടെ കൈവയ്പിലൂടെയാണ് ഇരുവരും അഭിഷിക്തരായത്. ആദ്യം മാർ ജോസഫ് കൊല്ലംപറമ്പിലിനും തുടർന്ന് മാർ തോമസ് പാടിയത്തിനും കർദിനാൾ സ്ഥാനചിഹ്നങ്ങൾ കൈമാറി.

മെത്രാഭിഷേകച്ചടങ്ങിനു ശേഷം മേജർ ആർച്ചു ബിഷപ് കർദിനാൾ മാർ ജോർജ് ആലഞ്ചേരിയുടെ മുഖ്യകാർമികത്വത്തിൽ സമൂഹബലി അർപ്പിച്ചു. ചങ്ങനാശേരി ആർച്ചുബിഷപ് മാർ ജോസഫ് പെരുന്തോട്ടം, ഷംഷാബാദ് ബിഷപ് മാർ റാഫേൽ തട്ടിൽ, പാലാ ബിഷപ് മാർ ജോസഫ് കല്ലറങ്ങാട്ട്, ടിസിബിസി സെക്രട്ടറി റവ. ഡോ. ജയറൗ പോളിമെറോ, നവാഭിഷിക്തരായ സഹായമെത്രാൻമാർ എന്നിവർ പ്രധാന സഹകാർമികരായി.

തലശേരി ആർച്ചുബിഷപ് മാർ ജോസഫ് പാംപ്ലാനി, ഇരിങ്ങാലക്കുട ബിഷപ് മാർ പോളി കണ്ണൂക്കാടൻ, അദിലാബാദ് ബിഷപ് മാർ പ്രിൻസ് ആന്റണി പാണേങ്ങാടൻ, സാഗർ ബിഷപ് മാർ ജെയിംസ് അത്തിക്കളം, ഉജ്ജയ്ൻ ബിഷപ് മാർ സെബാസ്റ്റ്യൻ വടക്കേൽ, സത്ന ബിഷപ് മാർ സെബാസ്റ്റ്യൻ കൊടകല്ലിൽ, ജഗദൽപ്പൂർ ബിഷപ് മാർ ജോസഫ് കൊല്ലംപറമ്പിൽ, ചങ്ങനാശേരി അതിരൂപത സഹായമെത്രാൻ മാർ തോമസ് തറയിൽ, തൃശൂർ അതിരൂപത സഹായമെത്രാൻ മാർ ടോണി നീലങ്കാവിൽ, കോട്ടയം അതിരൂപത സഹായമെത്രാൻ മാർ ജോസഫ് പണ്ടാരശേരിൽ തുടങ്ങിയവർ ശുശ്രൂഷകളിൽ സഹകാർമികരായിരുന്നു.

വിവിധ രൂപതകളിൽനിന്നുള്ള വൈദികർ, സന്ന്യാസിനിമാർ, സന്ന്യാസസഭകളുടെ പ്രൊവിൻഷ്യൽമാർ, വിശ്വാസികൾ, തദ്ദേശവാസികൾ തുടങ്ങിയവർ പങ്കെടുത്തു.

തുടർന്നു നടന്ന അനുമോദന സമ്മേളനത്തിൽ കർദിനാൾ മാർ ജോർജ് ആലഞ്ചേരി അധ്യക്ഷത വഹിച്ചു. ബാഡംഗ്പേട്ട് മേയർ ചികിരിന്ത പാരിജാതറെഡ്ഡി പ്രസംഗിച്ചു.

രൂപത വികാരി ജനറാൾ മോൺ. ഏബ്രഹാം പാലത്തിങ്കൽ സ്വാഗതവും പാസ്റ്ററൽ കൗൺസിൽ സെക്രട്ടറി സാൻജോ ഫെലിക്സ് നന്ദിയും പറഞ്ഞു.

Deepanalam Weekly

RNI No : 16998/68
Vol. 55 No. 33 Date of Publication 20 Oct 2022
Annual Subscription Rate ₹400 (For Abroad ₹4500)

Registered No. KL/KTM/12/2021-2023
License No.KL/CR/KTM/WPP-11/2021-2023
Licensed to post without pre-payment




# പ്രസിദ്ധ തീർത്ഥാടനകേന്ദ്രമായ
# കൂത്താട്ടുകുളം ടൗൺപള്ളിയിൽ
# വി. യൂദാശ്ലീഹായുടെ നൊവേനത്തിരുനാൾ

## 2022 ഒക്ടോബർ 18 ചൊവ്വ മുതൽ 28 വെള്ളി വരെ

**തിരുനാൾ ദിവസങ്ങളിൽ**

രാവിലെ 5.30, 7.00, 10.30, വൈകുന്നേരം 5.00 എന്നീ സമയങ്ങളിൽ

**വിശുദ്ധ കുർബാന, നൊവേന, വാഴ്വ്, അരിനേർച്ച**

6.15 ന് 1001 എണ്ണത്തിരി തെളിക്കൽ ശുശ്രൂഷ

**പ്രധാന തിരുനാൾ ദിനമായ ഒക്ടോബർ 28-ന്**

വിശുദ്ധന്റെ തിരുശേഷിപ്പ് വണങ്ങുന്നതിനുള്ള സൗകര്യമുണ്ടായിരിക്കും

അന്നേ ദിവസം രാവിലെ 7.00 മുതൽ നെയ്യപ്പനേർച്ച ആരംഭിക്കും

എല്ലാ ചൊവ്വാഴ്ചകളിലും രാവിലെ 5.30, 7.00, 10.00, 11.30 ഉച്ചകഴിഞ്ഞ് 3.00, 5.00 എന്നീ സമയങ്ങളിൽ വി. കുർബാനയും നൊവേനയും വാഴ്വും അരിനേർച്ചയും 6.15 ന് 1001 എണ്ണത്തിരി തെളിക്കൽ ശുശ്രൂഷയും ഉണ്ടായിരിക്കുന്നതാണ്.

PH: 8547152480 Email: holyfamilychurchkoothattukulam@gmail.com



---

തിരുനാൾ ആശംസകൾ

## ശാലോം സൂപ്പർമാർക്കറ്റ്

ഹോളി ഫാമിലി പള്ളിക്കു സമീപം, കൂത്താട്ടുകുളം
Ph : 9947267060 , 9539410565

ഫ്രെഷ് വെജിറ്റബിൾസ് • ഫ്രൂട്സ് • ഗ്രോസറി
മിതമായ നിരക്കിൽ
ഹോൾസെയിൽ & റീട്ടെയിൽ
ഫ്രീ ഹോം ഡെലിവറി

---

## തോട്ടത്തിൽ വാച്ച് ഹൗസ്

കൂത്താട്ടുകുളം. PH: 87141347020, 9447303020

TITAN CASIO CITIZEN fastrack TIMEX SONATA

---

തിരുനാൾ ആശംസകൾ

## BHARATH ALUMINIUM

NEAR HOLY FAMILY CHURCH, MUTTANOLIL ARCADE,
KOOTHATTUKULAM, PH: 9745577722, 9745514500
bharathaluminiumkklm@gmail.com

Suppliers of Aluminium powder coated, anodized, electro - coloured wood-grain finished fabrication materials, Grill, PVS Coating sheet, PVC door
Steel Doors, FRP Doors, Fero Doors, upvc, Wpc, Steel Windows

---

*Administrator, Doctors & Staff*

## DEVAMATHA HOSPITAL

*Super Speciality care for the common man*

M.C. Road, KOOTHATTUKULAM
Ph: 0485 2252271, 9400652271

---

തിരുനാൾ ആശംസകൾ

## സ്വാതി
## ഓഫ്സെറ്റ് പ്രിന്റേഴ്സ്

കൂത്താട്ടുകുളം Mob: 9447052951
രാമപുരം Mob: 9447973957

ഞങ്ങളുടെ സഹോദരസ്ഥാപനം

**GUIDELINE DESIGNERS**
N.S.S. Arcade, Koothattukulam Mob: 94474651023

---

തിരുനാൾ ആശംസകൾ

മൂന്നു പതിറ്റാണ്ടു കാലത്തെ സേവനപാരമ്പര്യം

## കുന്നുമ്മേൽ ഒപ്റ്റിക്കൽസ്

ഗവ. ഹോസ്പിറ്റലിന് എതിർവശം
എം.സി. റോഡ്, കൂത്താട്ടുകുളം
ഫോൺ: 9447609165, 0485 2253245



*Free Computerised Eye Testing*

---

പ്രമുഖ കമ്പനികളുടെ ഇലക്ട്രിക്കൽ, സാനിട്ടറി ഉത്പന്നങ്ങളുടെ വിപുലമായ ശേഖരം

## ജനറൽ മാർക്കറ്റിംഗ് ഫെഡറേഷൻ

എം.സി. റോഡ്, കൂത്താട്ടുകുളം
Ph: 0485-2252518, 2252401 (O), 2253401 (R), Mob 9447122524

## ജനറൽ മാർക്കറ്റിംഗ് ഏജൻസീസ്

നടപ്പുറം ബൈപ്പാസ് റോഡ്, കൂത്താട്ടുകുളം
Ph: 0485-2252518 (O), Mob:9447122524


Printed & Published by Fr. Joseph Thadathil on behalf of Deepanalam Society Palai, Reg. No. 69/77 and printed at Deepanalam printings Palai P.O., Pin-686575 and Published at Palai, Kottayam Dist. Kerala, Pin -686575 • Editor - Fr. Kurian Thadathil * Responsible for selection of news under PRB Act.
• Ph: 04822-212842 • 7306874714 • Fax: 04822-212842 • Email: editordeepanalam@gmail.com • deepanalam@rediffmail.com • website: www.deepanalam.org